# സബ്മിഷൻ

## കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വളരെ വൈകിയാണെങ്കിലും ഗവൺമെന്റും ആഭ്യന്തര വകുപ്പുമന്ത്രിയുമെടുത്ത സമീപനത്തെ പിന്താങ്ങുകയും അഭിനന്ദിക്കുകയും ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.യുൾപ്പെടെയുള്ള പൊതുമേഖലാ ട്രാൻസ്പോർട്ട് സ്ഥാപനങ്ങളെ ഡീസലിന്റെ വില വൻതോതിൽ വർദ്ധിപ്പിച്ച് ശ്വാസം മുട്ടിക്കുകയാണ്. സ്വകാര്യ ബസുകാരും സ്വകാര്യ കാറുടമകളും നൽകുന്നതിനെക്കാൾ പതിമൂന്നുരൂപയിലധികം ഓരോ ലിറ്ററിനും കെ.എസ്. ആർ.ടി.സി അധികം നൽകണം. ഏറ്റവുമൊടുവിൽ സ്വകാര്യ ട്രാൻസ്പോർട്ടുകാർക്ക് ഡീസലിന് ലിറ്ററിന് 45 പൈസയാണ് കൂട്ടിയത് എന്നാൽ കെ.എസ്. ആർ.ടി.സി ഒരു രൂപ എൺപത്തിമൂന്ന് പൈസയാണ് കൊടുക്കേണ്ടത്. ബൾക്ക് പർച്ചേസിന്റെ പേരിൽ പൊതുമേഖലയിൽ നിന്ന് അധികവില ഈടാക്കുകയെന്നത് ലോകത്തെവിടെയും കേട്ടുകേഴ്വിപോലുമില്ലാത്തതാണ്. ഇത് എവിടത്തെ ന്യായമാണെന്ന് ചോദിക്കാൻ യു.ഡി.എഫ് ഗവൺമെന്റിന്റെ നാവ് പൊങ്ങാത്തതുകൊണ്ടാണ്, അത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ല. ഡീസലിന്റെ വിലകയറ്റം കാരണം കെ.എസ്.ആർ.ടി.സിക്ക് ഇനി മുന്നോട്ടുപോകാനാകില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത്. പിന്നെ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അദ്ദേഹം വ്യക്തമാക്കണം. കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സിക്കുള്ള ഡീസൽ വില കേന്ദ്ര സർക്കാർ 11 രൂപയിലേറെ വർദ്ധിപ്പിച്ചു. സർവ്വീസ്

നിലയ്ക്കാതിരിക്കാൻ രണ്ടു മാസത്തേക്ക് 28 കോടി രൂപ കോർപ്പറേഷന് നൽകാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചതാണ്. എന്നാൽ ആ തുക ഇനിയും നൽകിയിട്ടില്ല. ഇതിന് പുറമെയാണ് പുതിയ വിലക്കയറ്റം. ശനിയാഴ്ചത്തെ വർദ്ധനവോടുകൂടി 243 ലക്ഷം രൂപ കെ.എസ്.ആർ.ടി.സിക്ക് അധിക ചെലവ് വരുന്നു. കഴിഞ്ഞമാസം ആദ്യഘട്ടത്തിൽ വില വർദ്ധന വന്നപ്പോൾ സർവ്വീസുകൾ പകുതികണ്ട് വെട്ടിച്ചുരുക്കിയതുപോലെ ഇനിയും വെട്ടിക്കുറയ്ക്കുവാനും ഒടുവിൽ പൂട്ടാനുമാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. വില നിയന്ത്രണം ഇല്ലാത്തതിനാൽ ഓരോ രണ്ടാഴ്ചയും വില വർദ്ധനയുണ്ടാകും. അടുത്തമാസം സ്വകാര്യ ബസുകാർക്ക് ലിറ്ററിന് 50 പൈസ വർദ്ധിപ്പിച്ചാൽ ട്രാൻസ്പോർട്ട് കോർപ്പറേഷന് 2 രൂപ വർദ്ധിക്കും. ഇത് കെ.എസ്.ആർ.ടി.സിയുടെ മാത്രം കാര്യമല്ല. ഡീസലിന് പുറമെ പെട്രോളിന് ഒരു രൂപ എൺപത്തിയൊന്ന് പൈസ കൂട്ടിയിരിക്കുന്നു. ഗതാഗത സ്തംഭനവും രൂക്ഷമായ വിലക്കയറ്റവുമാണ് ഉണ്ടാകാൻ പോകുന്നത്. നിങ്ങളുടെ എം.പി മാരുടെ കൂടി പിന്തുണയോടുകൂടിയാണ് കേന്ദ്രത്തിൽ യു.പി.എ ഭരണം നിലനിൽക്കുന്നത്. കേരളത്തിൽ നിന്നുള്ള 8 പ്രതിനിധികൾ കേന്ദ്രത്തിൽ മന്ത്രിമാരാണ്. അവരെല്ലാം ചേർന്നാണ് ഈ തീരുമാനം എടുക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വില നിയന്ത്രണം പുനഃസ്ഥാപിക്കാനും നികുതി കുറയ്ക്കാനും ബൾക്ക് പർച്ചേസിന്റെ പേരിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നതിനെതിരെയും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ നിങ്ങൾ തയ്യാറുണ്ടോ? പെട്രോളിന്റെയും ഡീസലിന്റെയും വാണിജ്യ നികുതി കുറയ്ക്കാൻ നിങ്ങൾ തയ്യാറാണോ? കേന്ദ്രത്തിന്റെ ഈ നടപടി ശരിയല്ലെന്ന്

ഒഴുക്കൻ മട്ടിൽ പറഞ്ഞിട്ട് കാര്യമില്ല. വില നിയന്ത്രണം പുന:സ്ഥാപിക്കാനും പൊതുമേഖലാ ട്രാൻസ്പോർട്ടുകൾക്കുള്ള അന്യായമായ വിലവർദ്ധനവ് പിൻവലിക്കാനും ആവശ്യപ്പെട്ട് സഭ ഒറ്റകെട്ടായി പ്രമേയം പാസാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടികാണിച്ച ചില കാര്യങ്ങൾ ശരിയാണ്. മാത്രമല്ല ഈ നിലതുടർന്നാൽ ആരും ഷെഡ്യൂൾ വെട്ടികുറയ്ക്കേണ്ടി വരില്ല, തനിയെ നിന്നു പോകും. അതാണ് സ്ഥിതി. വെട്ടികുറയ്ക്കേണ്ട ജോലി എനിക്കുണ്ടാകില്ല. ഫ്യുവൽ ഇല്ലാതെ, ടയറി ല്ലാതെ, സ്പെയർ പാർട്ട്സില്ലാതെ തനിയെ നിൽക്കും. ഹാർട്ടറ്റാക്കുണ്ടായി ആള് മരിക്കുന്നതുപോലെയാണ് സ്ഥിതി. ഇതിനെ എതിർക്കാൻ തയ്യാറുണ്ടോ യെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടികാണിച്ചു. ഏത് രൂപത്തിലും എതിർക്കാൻ തയ്യാറാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തെ ഒരിക്കലും അംഗീകരിക്കുന്നില്ല. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യ മന്ത്രി തന്നെ സഭയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഞാൻ ബഹു മാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം ആവർത്തിക്കുക മാത്രമാണ് ചെയ്തത്. സഭയ്ക്കകത്തും പുറത്തും ഞങ്ങളുടെ സ്റ്റാന്റ് അതാണ്. മാത്രമല്ല കെ.പി.സി .സി പ്രസിഡന്റ് നമ്മുടെ പാർട്ടിയുടെ നിലപാടായി തന്നെ ഇത് പറഞ്ഞിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇതിനെ ഞങ്ങൾ അംഗീകരിക്കുന്നു എന്നുള്ള ധാരണ വേണ്ട. ഡീസലിന്റെയും പെട്രോളിന്റെയും സബ്സിഡിയെടുത്ത് കളയുകയെന്ന കേന്ദ്ര ഗവൺമെന്റ് നയത്തിന്റ ഫലമാണ്. ആ നയം ഞങ്ങൾ അംഗീകരിക്കുന്നില്ല. ആ നയത്തിന്റെ ഫലമായി ജനുവരി മാസം 18-ാം

തീയതിയുള്ള ഒരു പീപ്പ ക്രൂഡ് ഓയലിന്റെ വില 9.08 ഡോളറായിരുന്നു. അത് 11 ഡോളറിന് മുകളിൽ വന്നപ്പോഴാണ് വീണ്ടും ബൾക്ക് കൺസ്യൂമേഴ്സിന് വർദ്ധനവ് വന്നത്. ഗവൺമെന്റിന്റെ പോളിസി, സബ്സിഡി മുഴുവൻ എടുത്തു കളയലാണ്. റീട്ടെയിൽ കൺസ്യൂമേഴ്സിനെ സംബന്ധിച്ചിടത്തോളം മാസാന്ത്യം 50 പൈസയോളം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്, ക്രൂഡ് ഓയിലിന്റെ വില വർദ്ധനവിനെ തുടർന്നുണ്ടായ വില വർദ്ധനവാണ് 1.80 രൂപ ഇതിന്റെ ഫലമായി പതിമൂന്ന് രൂപയോളം നമുക്ക് കൂടുതൽ വന്നിട്ടുണ്ട്. എന്നു മാത്രമല്ല ഒരു മാസം കെ.എസ്.ആർ.ടി.സിയുടെ നഷ്ടം 75 കോടിയായിരുന്നു. അതിൽ ഈ രണ്ട് തവണയുള്ള വില വർദ്ധനവിന്റെ ഫലമായി മാസാന്ത്യം പതിനാററ കോടി രൂപ കൂടുതൽ ചെലവ് വരും. മൊത്തം 91.5 കോടി രൂപയാണ് പ്രതിമാസം നഷ്ടം. അത് ഒരു വർഷം കണക്കാക്കുമ്പോൾ 1098 കോടി രൂപയാണ്. ഇത് ചരിത്രത്തിലെ ഏറ്റവും വലിയ നഷ്ടമാണ്. അതുകൊണ്ടാണ് പറഞ്ഞത്, കെ.എസ്.ആർ.ടി.സി തനിയെ നിൽക്കും അതു കൊണ്ട് അതിന് വഴികാണണം. കേന്ദ്രത്തിൽ നിവേദനം നൽകി. ഇനിയും നൽകുന്നുണ്ട്. ഈ പ്രാവശ്യം പോയപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യങ്ങൾ സംസാരിച്ചു. ഞാൻ മനസിലാക്കിയിടത്തോളം എല്ലാ സ്റ്റേറ്റ് ഗവൺമെന്റുകളും ഇത് ടേക്കപ്പ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു 11.53 രൂപ വർദ്ധിപ്പിച്ചപ്പോൾ പകുതി ഷെഡ്യൂൾ റദ്ദാക്കിയെന്ന്. അത് ശരിയല്ല. ഇഫക്ടീവ് ഷെഡ്യൂൾ 4950 ആണ്, ടോട്ടൽ

ഷെഡ്യൂളിനെ പറയുന്നത് പേപ്പർ ഷെഡ്യൂൾ എന്നാണ്, അത് 5560 ആണ് അത് എത്രയോ വർഷമായി സർവ്വീസ് നടത്തുന്നില്ല. . ഇഫക്ടീവ് ഷെഡ്യൂളിൽ ആവറേജ് സാറ്റർഡേ ഓടുന്നത് 4638 എണ്ണമാണ്. ഇന്നത്തെ മാതൃഭൂമിയിൽ വന്ന കണക്ക്, ഇന്നലെ ഓടിയ ബസ് 4742 എണ്ണമാണ്. എന്നിട്ടാണ് അവർ കുറച്ച് ഷെഡ്യൂൾ നിർത്തിയിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത്. അവർ പറഞ്ഞത് ശരിയാണ് 4742 ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്തു എന്ന് പറഞ്ഞാൽ ആവറേജ് ശനിയാഴ്ച 4638 ഓപ്പറേറ്റ് ചെയ്യുന്നതിനെക്കാൾ കൂടുതൽ ചെയ്തിട്ടുണ്ട്. അതനുസരിച്ച് നഷ്ടം കൂടുകയുമാണ്. ഇക്കാര്യം ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുന്നു. ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റി അതിന് ഏകദേശം പഠനം നടത്തിയിട്ടുണ്ട്. ബാക്കികാര്യങ്ങൾ ക്യാബിനറ്റിൽ വച്ച് തീരുമാനിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളോടും മന്ത്രിമാരോടും ഒരു കാര്യം പറയാനുള്ളത് ഇവിടെ മുഖ്യമന്ത്രിയടക്കമുള്ളവർ മറുപടി പറയാനുണ്ട്. 45 സബ്മിഷൻ ബാക്കിയുണ്ട്. ഒരു മിനിട്ട് രണ്ടുപേരും കൂടിയെടുത്താൽ 45 മിനിട്ട് മതി. രണ്ടു മിനിട്ടെടുത്താൽ 90 മിനിട്ട് എന്ന് പറയുന്നത് ഒന്നര മണിക്കൂർ സബ്മിഷന് മാത്രം എടുക്കും. ദയവുചെയ്ത്...., എല്ലാവരുടെ വിഷയവും വലുതാണ്. ഇത് എപ്പോഴും പറയുന്നതാണ് ചെയർ ഇവിടെ നിന്ന് പറയുക, നിങ്ങൾ വഴങ്ങാതിരിക്കുക എന്നത് വളരെ ഖേദകരമായ ഒന്നാണ്. അതിനാൽ വിഷയത്തിലേയ്ക്ക് മാത്രം വരിക. ഒരു പാലമാണെങ്കിൽ............ നമുക്കെല്ലാവർക്കുമറിയാം... അതിനാൽ ബഹുമാനപ്പെട്ട

മന്ത്രിമാർ അതിനനുസരിച്ച് മറുപടി പറയും. എപ്പോഴും ചെയർ ഇങ്ങനെ പറയുകയും നിങ്ങൾ കേൾക്കാതിരിക്കുകയും ചെയ്യുന്നത് വളരെ അസൗകര്യമുള്ള കാര്യമാണ്.

## മജിസ്ട്രേറ്റ് കം മുൻസിഫ് കോടതി

ശ്രീ. സണ്ണി ജോസഫ്: സർ, പേരാവൂരിൽ മജിസ്ട്രേറ്റ് മുൻസിഫ് കോടതി സ്ഥാപിക്കണം എന്നതാണ് എന്റെ സബ്മിഷൻ. ആ പ്രദേശത്തെ ജനങ്ങൾക്ക് കോടതിയിലെത്താൻ 30 മുതൽ 60 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടതുണ്ട്. നീതിനിർവ്വഹണത്തിന്റെ ഒരു തത്വശാസ്ത്രം ഏവരും അംഗീകരിക്കുന്നത് വൈകിയെത്തുന്ന നീതി നീതിനിഷേധമാണ്. വൈകിയെത്തുന്നതുപോലെ തന്നെ വിദൂരത്തുള്ള നീതിയും നീതിനിഷേധമാണ്. നീതി നടത്തുന്നതോടൊപ്പംതന്നെ നീതിയാണ് നടത്തുന്നതെന്ന് ബോധ്യപ്പെടുത്തുക കൂടി ചെയ്യണം. അതുകൊണ്ട് നീതി ലഭ്യമാകാൻ ഇന്നുള്ള ദൈർഘ്യം കുറച്ച് സമീപപ്രദേശത്ത് പേരാവൂർ ആസ്ഥാനമായി ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന വളരെ വർഷത്തെ പഴക്കമുള്ള ഒരാവശ്യം ഗവൺമെന്റ് അടിന്തരമായി പരിഗണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പേരാവൂരിൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല. എന്നാൽ മട്ടന്നൂരിൽ ഒരു മുൻസിഫ് കോടതിയും ഇരിട്ടിയിൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിക്കുന്നതിന് ഹൈക്കോടതിയുടെ മുൻഗണനാക്രമത്തിൽ 31-ഉം 35-ഉം സ്ഥാനങ്ങളായി പിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇതിലേതെങ്കിലും ഒന്ന് മാറ്റി സ്ഥാപിക്കണം എന്നാണ് ആഗ്രഹിക്കുന്ന

തെങ്കിൽ അത് ഗവൺമെന്റിന് എഴുതിത്തന്നാൽ ഹൈക്കോടതിയുടെ ശ്രദ്ധ യിൽപ്പെടുത്തുന്നതായിരിക്കും.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ

ശ്രീ. വി. ഡി. സതീശൻ: സർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ സെസ്സ്, ടി.ബി.ജി. ആർ.ഐ., സി.ഡബ്ല്യു.ആർ.ഡി.എം., കെ.എഫ്.ആർ.ഐ., കേരള സ്കൂൾ ഓഫ് മാത്തമെറ്റിക്സ്, നാറ്റ്പാക് തുടങ്ങിയ കേരളത്തിന്റെ അഭിമാനകരമായ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തണം എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇപ്പോൾത്തന്നെ അവരുടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിലെ 42 കോടി രൂപ സർക്കാരിന്റെ കൈവശമുണ്ട്. അടുത്ത 15 വർഷക്കാലത്തേയ്ക്ക് അവർക്ക് പെൻഷൻ കൊടുക്കുന്നതിനുവേണ്ടി യാതൊരു സാമ്പത്തിക ബാദ്ധ്യതയും സർക്കാരിനുണ്ടാവില്ല. മാത്രമല്ല സെസ്സിനെ മിനിസ്ട്രി ഓഫ് എയർത്ത് സയൻസും ടി.ബി.ജി.ആർ.ഐ.-യെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയും ഏറ്റെടുക്കുന്നതിന്റെ പ്രോസസ്സിലാണ്. അവർക്ക് അങ്ങോട്ട് പോകണമെങ്കിൽ; അവിടെ ചെന്നാൽ പെൻഷൻ കിട്ടണ മെങ്കിൽ; നമ്മൾ ഇപ്പോൾ തന്നെ അവർക്ക് പെൻഷൻ കൊടുക്കണം. അവരുടെ കോൺട്രിബ്യൂഷൻ കൂടി നമുക്ക് എടുക്കാൻ കഴിയും. ഗുരുതര മായ ഒരു സ്ഥിതിവിശേഷമുണ്ട് - ശാസ്ത്രജ്ഞൻമാരെ കേരളത്തിലെ ഈ സ്ഥാപനങ്ങളിലേയ്ക്ക് ക്ഷണിക്കുമ്പോൾ വളരെ മോശമായ പ്രതികരണമാണ് ഉണ്ടാകുന്നത്. ആരും ഈ സ്ഥാപനങ്ങളിലേയ്ക്ക് വരുന്നില്ല. അതിന്റെ പ്രധാന കാരണം ആകർഷകമായ പാക്കേജില്ല എന്നുള്ളതാണ്. എയ്ഡഡ്

കോളേജിൽ പഠിപ്പിക്കുന്നവർക്ക് പോലും (എം.ഫിലും നെറ്റും ആണ് ക്വാളിഫിക്കേഷൻ) അവർക്ക് പെൻഷൻ കിട്ടുന്നുണ്ട്. എന്നാൽ ഈ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ വർക്ക് ചെയ്യുന്നവരുടെ മിനിമം എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ പി.എച്ച്.ഡി.-യാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇത്തരം സ്ഥാപനങ്ങളിൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ ഗൗരവമായി തന്നെ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. നമ്മുടെ സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന സ്ഥാപനങ്ങളാണ് ഈ ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ കീഴിലുള്ളത്. ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് അവിടത്തെ ജീവനക്കാർക്ക് ഇന്ന് നിലവിലുള്ളത്. അത് മാറ്റി പുതിയ പെൻഷൻ സിസ്റ്റം വേണമെന്നുള്ളത് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് പോസിറ്റീവായ ഒരു തീരുമാനം എടുക്കാൻ തന്നെയാണ് തീരുമാനിക്കുന്നത്.

## റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ്: സർ, റബ്ബർ വിലയിടിവ് മൂലം കേരളത്തിലെ റബ്ബർ കൃഷിക്കാർ ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ പ്രശ്നം വളരെ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്. റബ്ബറിന് 230 രൂപ വരെ വില വന്ന

പ്പോൾ കർഷകർക്ക് ഒരു വലിയ ആശ്വാസവും അനുഗ്രഹവുമായിരുന്നു. മാത്രമല്ല കേരളത്തിലെ സമ്പദ്ഘടനയ്ക്കും ഒരു അനുഗ്രഹമായിരുന്നു. ഇപ്പോൾ റബ്ബറിന്റെ വില 180 രൂപയിലേയ്ക്ക് കുറഞ്ഞ് വന്നിരിക്കുന്ന സാഹചര്യത്തിൽ... ഓരോ ദിവസവും വില കുറഞ്ഞുവരികയാണ്. എല്ലാ നാണ്യവിളകൾക്കും വില കുറയുന്നതുമൂലം കേരളത്തിലെ കൃഷിക്കാർ ബുദ്ധിമുട്ടുന്നു. അതിനൊരു ആശ്വാസമായി നിന്നിരുന്നത് റബ്ബറാണ്, എന്നാൽ ഇപ്പോൾ റബ്ബറിനും വില കുറയുന്നതു മൂലം കേരളത്തിലെ കൃഷിക്കാർ തകർച്ചയിലേയ്ക്ക് വരികയാണ്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര പരിഗണനയുണ്ടാകണം. ഇറക്കുമതി ചുങ്കം കുറച്ച നടപടിയാണ് ഈ വിലത്തകർച്ചയ്ക്ക് ഏറ്റവും കൂടുതൽ കാരണമാക്കിയത്. ഇറക്കുമതി ചുങ്കം പഴയ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരുവാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. അതുപോലെ ബ്രാൻഡ് ചെയ്ത റബ്ബർ മാത്രം കയറ്റുമതി ചെയ്യാൻ, റബ്ബർ ബോർഡ് ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന തീരുമാനം മൂലം ഇവിടത്തെ റബ്ബർ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. പരമാവധി റബ്ബർ കയറ്റുമതി ചെയ്യാനും അന്താരാഷ്ട്ര മാർക്കറ്റിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്താനും കേരളത്തിന് ഗുണകരമായിരുന്ന ആ സാഹചര്യങ്ങൾ ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് ഈ സ്ഥിതി മാറ്റുവാനുള്ള സാഹചര്യമുണ്ടാകണം. പരമാവധി റബ്ബർ കയറ്റുമതി ചെയ്യുന്നതിന് കഴിയുന്ന വിധത്തിലുള്ള ഇടപെടലുകൾ ഉണ്ടാകണം. കൃഷിക്കാർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെയും റബ്ബർ ബോർഡിനെയും ബോദ്ധ്യപ്പെടുത്തി കേരളത്തിലെ റബ്ബർ കൃഷിക്കാരെ പ്രതിസന്ധിയിൽ നിന്ന്

രക്ഷിക്കുവാനും കേരളത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കുവാനും കഴിയുന്ന വിധത്തിലുള്ള നടപടികളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ട് വരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ആത്മാർത്ഥമായ ഇടപെടൽ നടത്തണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റബ്ബറിനുണ്ടായ വിലയിടിവ് മൂലം ചെറുകിട റബ്ബർ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റബ്ബറിന്റെ വില അന്താരാഷ്ട്ര റബ്ബർ വിപണിയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. 2011-12-ൽ 208 രൂപയുണ്ടായിരുന്നത് ഇന്നിപ്പോൾ 180 രൂപയായി കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പക്ഷേ 208 രൂപ ഇവിടെ വിലയുണ്ടായിരുന്ന സമയത്ത് അന്താരാഷ്ട്ര മാർക്കറ്റിൽ 209 രൂപയായിരുന്നു വില. ഇന്ന് അന്താരാഷ്ട്ര വിപണിയിൽ വില 177 ആയി താഴ്ന്നപ്പോഴാണ് 180 രൂപയായി ഇവിടെ നിൽക്കുന്നത്. അപ്പോൾ അന്താരാഷ്ട്ര വിപണിയിലെ വിലയും നമ്മുടെ വിപണിയുടെ വിലയും തമ്മിൽ......, 180 ആണെന്നാണ് എനിക്ക് ഇപ്പോൾ വന്നിട്ടുള്ള വിവരം, ജനുവരിയിലെ വിലയാണിത്. അന്താരാഷ്ട്ര വിപണിയിൽ വില താഴ്ന്നതാണ് ഇതിന്റെ മുഖ്യമായ കാരണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെപ്പറഞ്ഞ ഇറക്കുമതി കുറയ്ക്കുകയും കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു നയം കേന്ദ്രഗവൺമെന്റ് സ്വീകരിക്കണം എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം. അതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തും എന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>മി. സ്പീക്കർ</u>: ഒരു ബഹുമാനപ്പെട്ട മന്ത്രിയും ഒരു അംഗവും അടിയന്തിരമായ അവരുടെ രണ്ടു ആവശ്യങ്ങൾ എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് അവരുടെ സബ്മിഷൻ മാത്രം ക്രമം തെറ്റി വിളിക്കും. മറ്റൊന്നും ക്രമം തെറ്റി വിളിക്കുന്നതല്ല. ബഹുമാനപ്പെട്ട ശ്രീമതി ഇ. എസ്. ബിജിമോൾ..

**<u>സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം</u>**

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ കിശോരി പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സ്കൂൾ കൗൺസിലിംഗ് പദ്ധതിയിൽ ഇന്ന് അമ്പതോളം സർക്കാർ സ്കൂളുകളിലെ കൗൺസിലേഴ്സ് വർക്ക് ചെയ്യുന്നുണ്ട്. കൗമാരക്കാരായ കുട്ടികളുടെ മാനസിക പ്രശ്നങ്ങൾക്ക് യോഗ്യമായ കൗൺസിലിംഗ് നടത്തുകയും അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി അതിന് പരിഹാരം കാണുന്നതിനും വേണ്ടിയാണ് ഇവർ പ്രവർത്തിക്കുന്നത്. ബിരുദാനന്തര ബിരുദമുള്ളവരും സാമൂഹ്യസേവന പരിചയമുള്ളവരുമാണ് കൗൺസിലേഴ്സായി വർക്ക് ചെയ്യുന്നത്. ഇന്ന് പുറത്തു വന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ; നമ്മളെ ഒട്ടനവധി ഞെട്ടിക്കുന്ന സംഭവങ്ങൾ; ഇന്ന് കൗൺസിലിംഗിന്റെ ഭാഗമായി പുറത്തു വരുന്നുണ്ട്. സ്വകാര്യ കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനവും ഈ രംഗത്ത് അവരുടെ കൈയിൽ കിട്ടുന്ന വിഷയങ്ങൾ സൂക്ഷിക്കുന്നതിനും അവർ സ്വകാര്യത ഉറപ്പുവരുത്തുന്നതിനും നമുക്ക് യാതൊരുവിധ അഷ്വറൻസുമില്ല. ഇവർക്ക് വർഷങ്ങൾക്ക് മുമ്പുള്ള അതേ ഓണറേറിയം നൽകുന്ന സാഹചര്യമാണ് നിലവിലുള്ളത്. അർഹതപ്പെട്ട പ്രസവനാകൂല്യമടക്കമുള്ള കാര്യങ്ങൾ... വേതനരഹിത ലീവാണ് ഇവർക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. അത് മാറ്റി മറ്റ് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ

പ്രവർത്തിക്കുന്ന ആളുകൾക്ക് കൊടുക്കുന്ന അതേ മാനദണ്ഡത്തിൽ ഇവർക്കും അർഹമായ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഞാൻ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കിശോരി ശക്തി യോജനയുടെ ഭാഗമായി ആരംഭിച്ചതാണ്, ഇപ്പോൾ സാമൂഹ്യനീതി വകുപ്പിലെ സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാമിന് കീഴിലാണ് ഇവർ സ്കൂൾ കൗൺസിലേഴ്സായി പ്രവർത്തിക്കുന്നത്. സാമൂഹിക നീതിയും വിദ്യാഭ്യാസ വകുപ്പും കൂടെ ഇതിനെക്കുറിച്ച് പഠിച്ച് ഒരു കൺസപ്റ്റ് നോട്ട് തയ്യാറാക്കി. ഇവരെ സ്കൂൾ പി.ടി.എ.യിൽ നിന്ന് മാറ്റി ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. അതുപോലെ ഇവരുടെ കൗൺസിലിംഗ് മോണിറ്ററിംഗ് ചെയ്യാൻ അംഗീകരിക്കപ്പെട്ടിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് യൂണിറ്റുകൾ ഉണ്ടാക്കാൻ തീരുമാനിച്ചു. അവരുടെ ഓണറേറിയം 6500 രൂപയിൽ നിന്ന് 12500 രൂപയാക്കണമെന്നാണ് കൺസപ്റ്റ് നോട്ടിൽ പറഞ്ഞിട്ടുള്ളത്. ആ കൺസപ്റ്റ് നോട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതാണ്. അത് നടപ്പിൽ വരുത്തുന്നതോടു കൂടി കൗൺസിലർമാരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താൻ കഴിയും. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആ ഓണറേറിയം കിട്ടിക്കഴിഞ്ഞാൽ; ഐ.സി.ഡി.എസിനു കീഴിൽ വന്നു കഴിഞ്ഞാൽ പ്ലാൻ സോഴ്സ് അടക്കമുള്ള കാര്യങ്ങളും അവരുടെ മറ്റു പ്രസവാനുകൂല്യങ്ങളുമടക്കം എല്ലാം പരിഗണിക്കുന്നതാണ്.

## കുറിക്കമ്പനികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള ചിട്ടി നിയമം നിലവിൽ വന്നതോടുകൂടി ചിട്ടി കമ്പനികൾക്ക് പ്രവർത്തിക്കുന്നതിന് പ്രായോഗികമായ പല ബുദ്ധിമുട്ടുകളുമുണ്ട്. അതിനുപരിഹാരം കാണുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശ പ്രകാരം ടാക്സ് സെക്രട്ടറി രണ്ട് യോഗം വിളിച്ചുചേർത്തിരുന്നു. പക്ഷേ ഇന്നു വരെയും പ്രശ്നങ്ങൾ തീർത്തിട്ടില്ല. 5000-ൽ അധികം സ്ഥാപനങ്ങളിലായി പതിനായിരക്കണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന മേഖല അക്ഷരാർത്ഥത്തിൽ ഇന്ന് സ്തംഭനാവസ്ഥയിലാണ്. ആയതിനാൽ അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേന്ദ്ര നിയമം വരുന്നതിനുമുമ്പ് ജമ്മു കാശ്മീർ, ഹരിയാന തുടങ്ങിയ സ്ഥലങ്ങളിലൊക്ക രജിസ്റ്റർ ചെയ്ത് ചിട്ടി നടത്താമായിരുന്നു. ആ സമയത്ത് സെക്യൂരിറ്റി കൊടുക്കാതെയും രജിസ്റ്റർ ചെയ്യാതെയും ചിട്ടി നടത്താമായിരുന്നു. പുതിയ നിയമം വന്നപ്പോൾ ആ സാഹചര്യം മാറിയതാണ് അവർക്കുള്ള ബുദ്ധിമുട്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് രണ്ട് തീയതികളിൽ കോൺഫറൻസ് വിളിച്ച് അവരുമായി ചർച്ച ചെയ്തു. അവർ പറയുന്ന ചില കാര്യങ്ങൾ നടപ്പിലാകണമെങ്കിൽ കേന്ദ്ര നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തണം, സംസ്ഥാനത്തെ റൂളുകളിൽ മാറ്റം വരുത്തണം. ഇതിനെല്ലാം റിസർവ്വ് ബാങ്കിന്റെ അനുമതി വേണം. അക്കാര്യത്തെ സംബന്ധിച്ച് എങ്ങനെ അവർക്ക് റിലീഫ് കൊടുക്കാമെന്നതിനെക്കുറിച്ച്

വീണ്ടും ആത്മാർത്ഥമായി ആലോചിക്കാം. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരങ്ങൾ ഉൾക്കൊള്ളും.

**കോളേജ് അദ്ധ്യാപകരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കൽ**

ശ്രീ. റ്റി. വി. രാജേഷ്: സർ, കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തണമെന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശ തൊഴിൽരഹിതരായ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കിടയിൽ കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. കോളേജ് അദ്ധ്യാപകരാകാൻ യോഗ്യതയുള്ളവർ ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. പെൻഷൻ പ്രായം ഉയർത്തിയാൽ ചുരുങ്ങിയത് 2000 തസ്തികകളിലെങ്കിലും ഇത്തരക്കാർക്ക് അവസരം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകും. ഏറ്റവും കൂടുതൽ അദ്ധ്യാപകർ ഈ വർഷം റിട്ടയർ ചെയ്യുവാൻ പോവുകയാണ്. ഇപ്പോൾ 24 കാറ്റഗറികളിലായി കോളേജ് അദ്ധ്യാപകരുടെ തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ പി.എസ്.സി അപേക്ഷ ക്ഷണിക്കുകയും ഏകദേശം 17000-ത്തോളം അപേക്ഷകൾ ഇതിലേയ്ക്ക് ലഭിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. പെൻഷൻ പ്രായം ഉയർത്തിയില്ലെങ്കിൽ യു.ജി.സി-യുടെ ധനസഹായം ലഭിക്കില്ലെന്ന വാദമാണ് ഇതിന് ഉപോദ്ബലകമായി ചൂണ്ടികാണിക്കുന്നത്. എന്നാൽ ഈ വാദം ശരിയല്ല. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാനുള്ള നീക്കം യുവജനങ്ങൾക്ക് കടുത്ത തിരിച്ചടിയായിത്തീരും. റാങ്ക് ലിസ്റ്റിൽ നിയമനം കാത്തുനിൽക്കുന്നവരും പി.എസ്.സി-ക്ക് അപേക്ഷിച്ചവരുമായ ആയിരക്കണക്കിന് യുവജനങ്ങളുടെ ജീവിത പ്രതീക്ഷകൾ അസ്തമിക്കുന്ന ഒരു സാഹചര്യമുണ്ടാകരുത്. അവരുടെ നെരിപ്പോട് മനസ്സിലാക്കാൻ

കേരള രാഷ്ട്രീയത്തിലെ അതികായനും ബഹുമാന്യനുമായ ധനകാര്യ വകുപ്പുമന്ത്രി അവർക്കൊപ്പം നിൽക്കുമെന്ന പ്രതീക്ഷിക്കുകയാണ്. ആയിരക്ക ണക്കിന് ഉദ്യോഗാർത്ഥികൾ നിയമസഭയിലേയ്ക്ക് മാർച്ച് നടത്തുവാൻ പോവുകയാണ്. അതുകൊണ്ട് ഈ ശുപാർശ തളളിക്കളയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**കോളേജ് അദ്ധ്യാപകരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മാർച്ച് നടത്തേണ്ട ഒരു കാര്യവുമില്ല. പെൻഷൻ പ്രായം 60 വയസ്സാക്കുവാനുള്ള യാതൊരു ആലോചനയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നില്ല.

**കുഴൽകിണർ കുഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതി**

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, വളരെ ഗൗരവമുള്ള വിഷയമാണ് സബ്മിഷനിലൂടെ സഭയിൽ ഉന്നയിക്കുന്നത്. എം.എൽ.എ ഫണ്ടിന്റെ വിനിയോഗം പല ജില്ലകളിൽ പല രീതിയിലാണ് വരുന്നത്. എന്റെ നിയോജക മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കുഴൽകിണർ കുഴിയ്ക്കുന്നതിനും മോട്ടോർ പമ്പ്സെറ്റ് വാങ്ങുന്നതിനും കുടിവെള്ള പദ്ധതികൾ ആരംഭിയ്ക്കു ന്നതിനും അനുവദനീയമല്ലെന്ന് കളക്ടർ എന്നെ അറിയിച്ചിരിക്കുകയാണ്. ഞാൻ അടുത്തകാലത്ത് ശുപാർശ ചെയ്ത കുഴൽകിണർ കുഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതികളൊക്കെ തിരിച്ചയച്ചിരിക്കുകയാണ്. വേനൽ കടുത്തതോ ടുകൂടി നിയോജകമണ്ഡലത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുകയാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ

പോലുള്ള സ്ഥലങ്ങളിൽ ഓരോ വീടും നിൽക്കുന്നത് 3 മുതൽ 5 സെന്റ് വരെ യുള്ള സ്ഥലത്താണ്. ഈ വീട്ടുകാർക്ക് ഓപ്പൺവെൽ കുഴിയ്ക്കുന്നതിനുള്ള സ്ഥലവും സാമ്പത്തികശേഷിയുമില്ല. അതിനുപരി ഭൂഗർഭജലം 100 മുതൽ 150 അടി വരെ താഴ്ചയിലുമാണ് കിടക്കുന്നത്. ഈ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതികൾ മാത്രമേ ശാശ്വത പരിഹരമായിട്ടുള്ളൂ. 31.01.2012-ലെ ധനവകുപ്പിലെ 25849/എം.സി.3/2012 എന്ന കത്ത് പ്രകാരമാണ് എം.എൽ.എ ഫണ്ടിൽ നിന്ന് ഇത്തരം പദ്ധതികൾ അനുവദനീയമല്ലായെന്ന് അറിയിച്ചിരിക്കുന്നത്. ധനവകുപ്പിന്റെ ഈ നിർദ്ദേശം പിൻവലിച്ച് എം.എൽ.എ ഫണ്ട് മുഖേന കുഴൽകിണർ കുഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതിക്ക് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനു മുമ്പ് എന്റെ മണ്ഡലത്തിലും തൃശ്ശൂർ ജില്ലയിലെ പല സ്ഥലത്തും കേരള ത്തിന്റെ പല ജില്ലകളിലും ധാരാളം പദ്ധതികൾ ഇതുപോലെ ആരംഭിക്കുകയും അതെല്ലാം വിജയകരമായി നടക്കുകയും ചെയ്യുന്നുണ്ട്. ആ ഒരു സാഹചര്യത്തിൽ ഇതിനൊരു ഏകീകരണവും തീരുമാനവും ഉണ്ടാകണ മെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ശരിയാണ്. ആ മാനദണ്ഡത്തിൽ മാറ്റം വരുത്താം. കുഴൽകിണറെന്ന് പറയുന്ന പദപ്രയോഗ ത്തിന്റെ കൂടെ പമ്പ്സെറ്റും എന്ന് ചേർത്തുകൊണ്ട് മാനദണ്ഡത്തിൽ ആവശ്യമായ മാറ്റം വരുത്താം.

## സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ കൊണ്ടുവന്നത്. മണ്ണാർക്കാട് ആനമൂളിയിൽ പ്രവർത്തിക്കുന്ന സെയിൽസ് ടാക്സിന്റെ ചെക്ക് പോസ്റ്റ് സംസ്ഥാന അതിർത്തിയായ അട്ടപ്പാടിയിലെ മട്ടത്തുകാട്ടിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പടുകയാണ്. സംസ്ഥാന അതിർത്തിയിൽ നിന്ന് 50 കി.മീറ്റർ മാറിയാണ് ഈ ചെക്ക് പോസ്റ്റ് സ്ഥിതി ചെയ്യുന്നത് അതുകൊണ്ടുതന്നെ അട്ടപ്പാടികാർക്ക് തങ്ങളുടെ താലൂക്ക് ആസ്ഥാനമായ മണ്ണാർക്കാട് പട്ടണത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരുമ്പോൾ അന്യസംസ്ഥാനക്കാരെപ്പോലെ നികുതി കൊടുക്കേണ്ടി വരുന്നു. അല്ലെങ്കിൽ പരിശോധനയുടെ പേരിലുള്ള മറ്റ് പീഡനങ്ങൾ സഹി ക്കേണ്ട ഗതികേടിലാണ്. ഈ ചെക്ക് പോസ്റ്റ് ആദ്യം സംസ്ഥാന അതിർത്തിയി ലായിരുന്നു. കഴിഞ്ഞ മൂന്ന് വർഷം മുമ്പാണ് ചെക്ക് പോസ്റ്റ് ഇങ്ങോട്ട് മാറ്റിയത്. ഇപ്പോൾ അട്ടപ്പാടിയിലുള്ള ഉത്പന്നങ്ങളാണെന്ന് തെളിയിക്കുവാൻ വില്ലേജ് ഓഫീസറുടെ സാക്ഷിപത്രം ഹാജരാക്കേണ്ട അവസ്ഥയാണുള്ളത്. ഇത് കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. അട്ടപ്പാടിയിലെ കർഷകർ ഈ ചെക്ക്പോസ്റ്റ് കൊണ്ട് അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതിവരുത്തു വാനായി ഈ ചെക്ക്പോസ്റ്റ് സംസ്ഥാന അതിർത്തിയിലേയ്ക്ക് മാറ്റി സ്ഥാപി ക്കണമെന്ന് ഞാൻ ഒരിക്കൽ കൂടി അപേക്ഷിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആനമൂളിയിൽ നിന്ന് മടത്തുകാട്ടിലേയ്ക്ക് ചെക്ക് പോസ്റ്റ് മാറ്റുവാൻ നിവൃത്തിയില്ല. കാരണം, മടത്തുകാട്ടിൽ ധാരാളം പഞ്ചായത്ത്

റോഡുകളുണ്ട്. അവിടെ കൊണ്ടുപോയി ചെക്ക് പോസ്റ്റ് സ്ഥാപിച്ചാൽ പഞ്ചായത്ത് റോഡുകളിലൂടെ വണ്ടിപോയി ടാക്സ് ഇവേഷൻ വരും. അത് ഗവൺമെന്റിന് നല്ലതുപോലെ അറിയാം. അതുകൊണ്ട് മാറ്റാൻ സാധിക്കില്ല. നേരെമറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മുടെ സ്റ്റേറ്റിനകത്തുനിന്ന് സാധനം വാങ്ങി വരുന്ന ആളുകൾക്ക് ഹരാസ്മെന്റുണ്ടെങ്കിൽ തീർച്ചയായും പരിശോധിച്ച് ഒഴിവാക്കുന്നതിനുവേണ്ടി കർശനമായ നിർദ്ദേശം ഗവൺമെന്റ് കൊടുക്കാം.

## ഇ. എം. എസ്. ഭവന പദ്ധതി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ ഇം. എം. എസ് ഭവനപദ്ധതി പ്രകാരം അവിടെ 1059 ഗുണഭോക്താക്കളെ ഐഡന്റിഫൈ ചെയ്യുകയും അവർക്ക് വീട് നിർമ്മിക്കുന്നതിന് കൽപ്പറ്റ സഹകരണ ബാങ്കുമായി ഏഴ് കോടി പതിനാല് ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. അതിൽ ഒരു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രമേ നൽകിയിട്ടുളളൂ. ബാക്കി തുക നൽകുവാൻ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് തയ്യാറല്ല. മുനിസിപ്പാലിറ്റിയുടെ ഭരണം മാറിയതോടുകൂടി അതിൽ രാഷ്ട്രീയം കലർന്നിരിക്കുകയാണ്. 437 പേർക്ക് എഗ്രിമെന്റ് വയ്ക്കുകയും അവരുടെ നിലവിലുളള പാർപ്പിടങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്തു. ഇപ്പാൾ അവർക്ക് വീട് നിർമ്മിക്കുവാൻ പണം നൽകുവാൻ കഴിയാത്ത സ്ഥിതിയാണുളളത്. അതുമാത്രമല്ല പുതിയത് പ്രകാരം എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ഒന്നേകാൽ ലക്ഷം രൂപയെന്നത് രണ്ടര ലക്ഷം രൂപയായും മറ്റ് വിഭാഗത്തിലുളളവർക്ക് രണ്ട് ലക്ഷം രൂപയായും മാറ്റുകയും ചെയ്ത സാഹചര്യത്തിൽ ഈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുവാൻ 18

കോടി രൂപയാണ് കൽപ്പറ്റ മുനിസിപ്പാലിറ്റിക്ക് ആവശ്യമായി വരുന്നത്. ഓൺ ഫണ്ട് വളരെ കുറവായ മുനിസിപ്പാലിറ്റിയായതുകൊണ്ടും സഹകരണ ബാങ്ക് ഈ തുക നൽകുവാൻ തയ്യാറാകാത്തതുകൊണ്ടും മുനിസിപ്പാലിറ്റി വളരെ പ്രയാസത്തിലാണ്. 100 കണക്കിന് കുടുംബങ്ങൾ വീട്പൊളിച്ചിട്ട് അവർക്ക് താമസിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യത്തിൽ എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി കൽപ്പറ്റ നഗരസഭയ്ക്ക് ഏഴുകോടി പതിനാല് ലക്ഷത്തി ഇരുപത്തി ആറായിരം രൂപയ്ക്കുള്ള വായ്പ എടുക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. അതേയവസരത്തിൽ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് വയനാട് ജില്ല സഹകരണ ബാങ്കുമായി ഏഴ് കോടി രൂപയുടെ വായ്പയ്ക്കും കരാറിൽ ഏർപ്പെട്ടിരുന്നു. വയനാട് ജില്ലാ സഹകരണ ബാങ്ക് ഈ ആവശ്യത്തിലേയ്ക്ക് 136 ലക്ഷം രൂപ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിക്കുകയുണ്ടായി. പ്രസ്തുത തുകയും കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നുമുള്ള അൻപത്തി ഒൻപത് ലക്ഷത്തി പതിനായിരം രൂപയും ചേർത്ത് ആകെ ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി പതിനായിരം രൂപ കൽപ്പറ്റ നഗരസഭയ്ക്ക് കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുണ്ട്. കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ഏഴ് കോടി രൂപയുടെ വായ്പക്കായി വയനാട് ജില്ലാ സഹകരണ ബാങ്കുമായി കരാറിൽ ഏർപ്പെട്ടു

വെങ്കിലും ജില്ലാ സഹകരണ ബാങ്കിന് ബാക്കി തുക നൽകുവാൻ കഴിയാതെ വന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് മതിയായ തുക ലഭി ക്കാത്തതിനാലാണ് കരാർ പ്രകാരമുള്ള വായ്പ പൂർണ്ണമായും നൽകുവാൻ വയനാട് ജില്ലാ സഹകരണ ബാങ്കിന് കഴിയാതെ വന്നത്. ഫണ്ടിന്റെ ലഭ്യത ക്കുറവുമൂലമാണ് ഈ പദ്ധതിക്ക് ബന്ധപ്പെട്ട സഹകരണ ബാങ്കിൽ നിന്ന് വായ്പ യഥാസമയം ലഭ്യമാക്കാൻ കഴിയാതെ വന്നിട്ടുള്ളത്. സഹകരണ ബാങ്കിൽ നിന്ന് വായ്പകൾ ലഭിക്കാതെ വന്നാൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലുള്ള മറ്റ് സഹകരണ ബാങ്കു കളെ സമീപിക്കാവുന്നതാണെന്ന് ഇതുസംബന്ധിച്ചുള്ള ഉത്തരവിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. എന്നിരുന്നാലും പ്രശ്നത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കരാറിൽ ഏർപ്പെട്ടതുപ്രകാരമുള്ള വായ്പ തുക ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ ലഭ്യമാക്കി നൽകുവാൻ കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

**ഹജ്ജ് അപേക്ഷയിലെ പുതിയ നിബന്ധനകൾ**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഈ വർഷത്തെ ഹജ്ജ് അപേക്ഷാഫോറം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ സംബന്ധിച്ച കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ജീവിതത്തിൽ ഒരിക്കലും ഹജ്ജ് ചെയ്തിട്ടില്ല എന്നുള്ളതിന് സ്റ്റാമ്പ് പേപ്പറിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ഐ.എഫ്.എസ്. കോഡുള്ള രണ്ട് ചെക്കും

അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് പുതിയ നിബന്ധനയിൽ പറയുന്നുണ്ട്. ഇക്കാര്യങ്ങൾ അപേക്ഷകർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കും. ജനസംഖ്യാടിസ്ഥാനത്തിലാണ് ഹജ്ജിന്റെ ക്വാട്ട നിശ്ചയിക്കുന്നത്. എന്നാൽ കേരളത്തിന്റെ ക്വാട്ട 6139 മാത്രമാണ്. ഇതിന് ഏകദേശം 50000-ത്തിലധികം അപേക്ഷയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ അപേക്ഷകരെല്ലാം പുതിയ നിബന്ധന പ്രകാരം നോട്ടറി സാക്ഷ്യപ്പെടുത്തുന്ന രേഖയും ഐ.എഫ്.എസ്. കോഡുള്ള ചെക്ക് ലീഫും നൽകണമെന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒന്നുകിൽ ഇത് പിൻവലിക്കുന്നതിനോ അല്ലെങ്കിൽ തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമായോ നിബന്ധന വയ്ക്കുന്നതിന് കേന്ദ്ര വിദേശകാര്യ വകുപ്പ്, കേന്ദ്ര ഹജ്ജ് കമ്മിറ്റി എന്നിവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്നും ഹജ്ജിന്റെ ക്വാട്ട നിശ്ചയിക്കുമ്പോൾ ജനസംഖ്യാനുപാതത്തിന് പകരം അപേക്ഷിക്കുന്നവരുടെ എണ്ണത്തിന് ആനുപാതികമായി അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തണമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനോട് ബഹുമാനപുരസ്സരം അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹജ്ജ് അപേക്ഷകർക്ക് പുതിയ ചില നിബന്ധനകളും വ്യവസ്ഥകളും കൊണ്ടുവന്നിട്ടുണ്ട്. അത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കാണിച്ച് സംസ്ഥാന ഗവൺമെന്റ് കത്തെഴുതിയിട്ടുണ്ട്. മാത്രമല്ല, അങ്ങനെ നടപ്പിലാക്കുകയാണെങ്കിൽ പരിശോധനയ്ക്കും നറുക്കെടുപ്പിനുംശേഷം താൽക്കാലികമായി തെരഞ്ഞെടുക്കുന്നവരുടെമേൽ മാത്രമേ

ബാധകമാക്കാവൂ എന്ന തലത്തിൽ ഞങ്ങൾ അറിയിച്ചിട്ടുണ്ട്. അതിന് സമ്മർദ്ദം ചെലുത്തണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഞങ്ങൾ മുന്നോട്ട് കൊണ്ടുപോകും.

**ഈറ്റ -പനമ്പ് തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ**

ശ്രീ. എസ്. ശർമ്മ: സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായവും ഒരു ലക്ഷത്തിലധികം തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗവുമായി സ്വീകരിച്ചിട്ടുള്ള ഈറ്റ-പനമ്പ് മേഖല ഇന്ന് ഗുരുതരമായ തകർച്ചയിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും വഴുതി വീണിരിക്കുകയാണ്. അടിയന്തര പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആ രംഗത്തെ തൊഴിലാളി സംഘടനകൾ മാർച്ച് 1-ാം തീയതി മുതൽ പണിമുടക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. ഡി.എ. ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് 250 രൂപയെങ്കിലും മിനിമം കൂലിയായി കിട്ടത്തക്ക വിധത്തിൽ പുന:നിർണ്ണയിക്കണമെന്നും ഒരുവർഷത്തെ തൊഴിൽ ദിനം 200 ദിവസമാക്കണമെന്നും ഈറ്റ വെട്ടുകാരുടെ മിനിമം കെട്ടിന്റെ എണ്ണം കുറച്ച് കൂലി വർദ്ധിപ്പിക്കണമെന്നും ഈറ്റ വില ഒഴിവാക്കി പനമ്പിന് വില നിശ്ചയിക്കണമെന്നുമെല്ലാം ആവശ്യപ്പെട്ടുകൊണ്ടാണ് പ്രസ്തുത പണിമുടക്കിലേയ്ക്ക് തൊഴിലാളി സംഘടനകൾ മുൻകയ്യെടുത്തിട്ടുള്ളത്. ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനത്തെ കാര്യക്ഷമമാക്കി തീർക്കുന്നതിന് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകണമെന്നുകൂടി ഈ അവസരത്തിൽ ഉന്നയിച്ചുകൊണ്ട് മാർച്ച് 1-ാം തീയതിക്ക് മുമ്പായി കഴിയുമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഇവരെ ചർച്ചയ്ക്ക്

വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് പ്രത്യേകമായി ആവശ്യപ്പെടുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, തീർച്ചയായും ഈ പ്രശ്നങ്ങൾ വളരെ അനുഭാവ പൂർവ്വമാണ് ഗവൺമെന്റ് കാണുന്നത്. ഇതിന് കുറച്ച് സാമ്പത്തിക ബാദ്ധ്യത അധികമായി വരും. അതേ പ്രശ്നമുള്ളൂ. എന്തായാലും ശരി ഇത് വളരെ പോസിറ്റീവായി കണ്ട് തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്.

**അനന്തപുരം വ്യവസായ പാർക്ക്**

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ അനന്തപുരം വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിൽ ആവശ്യപ്പെടുന്നത്. ഏക്കർ കണക്കിന് സ്ഥലങ്ങളുണ്ടായിട്ടും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുകൂലമായ പല സാഹചര്യങ്ങളുണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ വ്യവസായ പാർക്കിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ തീർത്തും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. 110 കെ. വി. വൈദ്യുതി ആവശ്യമുള്ളിടത്ത് 33 കെ. വി. വൈദ്യുതി മാത്രമാണ് ഇപ്പോഴുള്ളത്. വൈദ്യുതക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നിലവിലുള്ള യൂണിറ്റുകൾ പ്രവർത്തിക്കുവാൻപോലും ആവശ്യത്തിന്

വെള്ളമില്ലാത്ത അവസ്ഥയാണ്; അതും പരിഹരിക്കണം. തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ ആവശ്യമായ കംഫർട്ട് സ്റ്റേഷൻ, മാലിന്യനിർമ്മാർജ്ജന പ്ലാന്റ്, ക്യാന്റീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും വളരെ അത്യാവശ്യമാണ്. അതുപോലെ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തുള്ള വ്യവസായ പാർക്ക് എന്ന പരിഗണന നൽകി ഈ ശോചനീയാവസ്ഥ പരിഹരിച്ച് കൂടുതൽ വ്യവസായങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ പയ്യോളി ഗ്രാമപഞ്ചായത്തിൽ 500 ഏക്കറോളം റവന്യൂ ഭൂമി കിൻഫ്ര ഏറ്റെടുത്തുവരികയാണ്. അവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഇതിന്റെ തൊട്ടടുത്താണ് ഈ പ്രദേശത്തിന് 30 കി.മീ. ഉള്ളിലാണ് എയർപോർട്ടും സീപോർട്ടുമൊക്കെയുള്ളത്. അവിടെയും വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, കാസർഗോഡ് ജില്ലയിൽ വ്യവസായ വികസനത്തിന് ധാരാളം സാധ്യതകളുണ്ട്. കാരണം അദ്ദേഹം പറഞ്ഞതുപോലെ എയർപോർട്ടും സീപോർട്ടുമൊക്കെ അടുത്തുണ്ട്. ധാരാളം സ്ഥലവും ലഭ്യമാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ കുറച്ചൊക്കെ സ്ഥലമുണ്ട്. അതുകൊണ്ടാണ് ഡിഫെൻസ് യൂണിറ്റൊക്കെ കിൻഫ്രയുടെ സ്ഥലത്ത് വന്നത്. ഈ പറഞ്ഞത് ശരിയാണ്. അടിസ്ഥാന സൗകര്യ വികസനം കുറച്ചുകൂടി കാര്യക്ഷമമായി നടക്കണം. 2012-ൽ ഈ ഗവൺമെന്റിന്റെ

കാലത്ത് രൂപീകരിച്ച പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശയനുസരിച്ചും അതുപോലെ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയുമൊക്കെ ഉപയോഗപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കുന്നുണ്ട്. തീർച്ചയായും അത് വേഗം നടപ്പിലാക്കും.

**ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി**

ശ്രീ. മാത്യു റ്റി. തോമസ്: സർ, ട്രാക്കോ കേബിൾ കമ്പനി വലിയ പ്രതിസന്ധി നേരിടുകയാണ്. തിരുവല്ലയിൽ അതിന്റെ ഒരു ശാഖ പ്രവർത്തിക്കുകയാണ്. മതിയായ ഓർഡർ ലഭിക്കുന്നില്ലെന്നുമാത്രമല്ല സപ്ലൈ ചെയ്ത സാധനങ്ങൾക്ക് കെ.എസ്.ഇ.ബി. യിൽ നിന്ന് കോടിക്കണക്കിന് തുക കിട്ടാനുണ്ട്. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. വേജ് റിവിഷൻ നടക്കുന്നില്ല. അവിടെ സ്ഥാവര ജംഗമവസ്തുക്കൾ വിൽപ്പന നടത്തിക്കൊണ്ട് ശമ്പളം കൊടുക്കുന്ന ഒരവസ്ഥയിലാണ്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഇടപെടുകയും അവിടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുകയും ഈ കമ്പനിയെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എന്റെ സബ്മിഷൻ.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ട്രാക്കോ കേബിൾ കമ്പനിക്ക് ഓർഡർ കിട്ടുന്ന കാര്യത്തിൽ ഒരുപാട് പ്രയാസങ്ങളുണ്ടെന്നുള്ള വസ്തുത പൊതുവെ ശരിയാണ്. പക്ഷേ ഈ അടുത്ത സമയത്ത് അതിന്റെ പ്രവർത്തനത്തിൽ

കുറച്ചുകൂടി നേട്ടം ഉണ്ടായിട്ടുണ്ട്. തൊഴിലാളി പ്രതിനിധികളുമായി ഞാൻ വിശദമായി ചർച്ച ചെയ്തിരുന്നു. തൊഴിലാളികളുടെ വരുമാനം വളരെ മോശമാണ്. അതുകൊണ്ടുതന്നെ ചില നടപടികളെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

## ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മാർച്ച് മാസം പരീക്ഷകളുടെ മാസമാണ്. എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 11 ന് തുടങ്ങുന്നു. ഹയർ സെക്കണ്ടറി, സി.ബി.എസ്.ഇ. പരീക്ഷകളും മാർച്ച് മാസത്തിലാണ്. ആ സമയത്ത് രാത്രി കാലങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കണമെന്നാണ് ഈ സബ്മിഷൻ വഴി ഞാൻ ആവശ്യപ്പെടുന്നത്. നല്ല അന്തരീക്ഷത്തിൽ പരീക്ഷകൾക്ക് തയ്യാറെടുപ്പ് നടത്തി നല്ല മാർക്കോടുകൂടി വിജയിക്കണമെന്ന് ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും വികാരമാണ് ഞാനിവിടെ പ്രകടിപ്പിക്കുന്നത്. പരിചയ സമ്പന്നനായ, അനുഭവസമ്പത്തുള്ള, പല വിഷയങ്ങളിലും ആഴമേറിയ പരിജ്ഞാനമുള്ള, നാമെല്ലാവരും ഏറെ ബഹുമാനിക്കുന്ന ആര്യാടൻ മുഹമ്മദ് സാറിന് ഈ കാര്യത്തിലും അദ്ദേഹത്തിന്റേതായ കാഴ്ചപ്പാടുണ്ടായിരിക്കാം. അര മണിക്കൂർ വൈദ്യുതി മുടങ്ങിയാൽ പഠിത്തത്തെ എങ്ങനെയാണ് ബാധിക്കുന്നതെന്ന ചോദ്യം ഉന്നയിക്കപ്പെടാൻ സാധ്യതയുണ്ട്. രാത്രി പഠിക്കുന്ന നേരത്ത് വൈദ്യുതി നിലച്ചാൽ കുട്ടികളുടെ ശ്രദ്ധ ഇല്ലാതാകും. വൈദ്യുതി വന്നതിനുശേഷം പഠിത്തം തുടരാമെന്ന് കരുതി അവർ മയങ്ങും. പിന്നെ അന്ന് ഉണരുകയില്ല. അതുകൊണ്ട് പരീക്ഷാസമയത്ത് രാത്രികാല ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കണം. അനിവാര്യമാണെങ്കിൽ അത് പകൽ സമയത്തേയ്ക്ക് ക്രമീകരിക്കാമെന്നാണ് എന്റെ നിർദ്ദേശം.

ശ്രീ. എ. കെ. ബാലൻ : ഈ വിഷയം കാളിംഗ അറ്റൻഷനായി സ്പീക്കറുടെ ഓഫീസിൽ നിന്നും എനിക്ക് അനുവദിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പ്രത്യേകം പരിശോധിക്കാം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് ഇക്കാര്യം നേരത്തെതന്നെ ആലോചിച്ചു. എക്സാമിനേഷൻ പിരീഡിൽ പുറത്തുനിന്ന് കൂടുതൽ പവ്വർ കിട്ടാനുള്ള സാധ്യതകൾ ഇപ്പോൾത്തന്നെ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എസ്.എസ്.എൽ.സി. എക്സാമിനേഷൻ പിരീഡിലും ബാക്കിയുള്ള എക്സാമിനേഷൻ പീരീഡിലും ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കണമെന്നുതന്നെയാണ്. അതിനുള്ള ശ്രമങ്ങളെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണ്.

**കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ**

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇടയ്ക്കിടയ്ക്ക് കറണ്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. തന്മൂലം അവിടത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും മന്ത്രി അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് ഇലക്ട്രിസിറ്റി ബോർഡിന് ഡയറക്ഷൻ കൊടുക്കുകയും ചെയ്തു. ഇപ്പോൾ 33 കെ.വി. സബ് സ്റ്റേഷനാണ് പരിഗണനയിലുള്ളതെന്നാണ് പറയുന്നത്. ആ 33 കെ.വി.

സബ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ വളരെ പെട്ടെന്ന് നടത്താനാവശ്യമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ എഴുതിവന്നിരിക്കുന്ന മറുപടി അത്ര ഗുണകരമായതല്ല. കടമ്പഴിപ്പുറത്തിന് തൊട്ടടുത്തുള്ള കല്ലടിക്കോട് 110 കെ.വി. ലൈനും സബ് സ്റ്റേഷനും കോങ്ങാട് 33 കെ.വി. സബ് സ്റ്റേഷനും ശ്രീകൃഷ്ണപുരത്ത് മറ്റൊരു 33 കെ.വി. സബ് സ്റ്റേഷനുമുണ്ട്. ഇത്രയധികം സബ് സ്റ്റേഷനുകൾ തൊട്ടടുത്തായി വരുന്ന പ്രദേശങ്ങൾ ഒറ്റപ്പാലത്ത് വളരെ കുറവാണെന്നാണ് ഇവിടെ എഴുതിവന്നിട്ടുള്ളത്. തത്ക്കാലം അവിടെ ഇപ്പോൾ വോൾട്ടേജിന് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ആ സ്ഥലവാസിയാണ്, അവിടത്തെ ജനങ്ങളുടെ പൾസ് അറിയുന്ന ആളാണ് വോൾട്ടേജിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞതുകൊണ്ട് ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## വൈദ്യുതി മൂലമുണ്ടാകുന്ന അപകടങ്ങൾ

ശ്രീ. വി. റ്റി. ബൽറാം: സർ, കേരളത്തിൽ വൈദ്യുതിമൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കെ.എസ്.ഇ.ബി.യുടെ കണക്കുകൾ അനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 959 പേരാണ് വൈദ്യുതി അപകടങ്ങളിൽ മരിച്ചത്. അതിൽ 60 പേർ കെ.എസ്.ഇ.ബി. സ്റ്റാഫുകളും 57 പേർ കോൺട്രാക്റ്റ് എംപ്ലോയീസുമാണ്. ബാക്കിയുള്ളവർ പൊതുജനങ്ങളാണ്. പൊതുജനങ്ങളുടെ ഇടയിൽ അപകടത്തെക്കുറി

ച്ചുള്ള ബോധവല്‍ക്കരണമില്ലായ്മ ഒരു വലിയ പ്രശ്നമായതുകൊണ്ട് അപകടങ്ങള്‍ ആവര്‍ത്തിക്കുകയാണ്. കഴിഞ്ഞ 5 വര്‍ഷത്തിനകം 689 പേര്‍ക്ക് പരിക്കുപറ്റിയിട്ടുണ്ട്. അതില്‍ 165 പേര്‍ സ്ഥിരം ജീവനക്കാരും 146 പേര്‍ കോണ്‍ട്രാക്റ്റ് എംപ്ലോയീസുമാണ്. പൊതുജനങ്ങളുടെ ഇടയില്‍ അവബോധമുണ്ടാക്കി ആക്സിഡന്റ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടൊപ്പം വൈദ്യുതി ബോര്‍ഡിലെ ജീവനക്കാരുടെ കാര്യത്തില്‍ അവര്‍ ഈ അപകട ങ്ങളില്‍ നിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള ഒരു പ്രത്യേകമായ ശ്രദ്ധ കെ.എസ്. ഇ.ബി. യുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സേഫ്റ്റി തിയറി അനുസരിച്ച് ഒരു ആക്സിഡന്റ് മരണവും അനിവാര്യമല്ല, ഒഴിവാക്കാന്‍ സാധിക്കാത്തതുമല്ല. ഓരോ അപകടവും ശ്രദ്ധിച്ചാല്‍ ഒഴിവാ ക്കാന്‍ സാധിക്കുമെന്ന് തന്നെയാണ് മറ്റ് രാജ്യങ്ങളില്‍ നിന്നുള്ള അനുഭവ ങ്ങള്‍ സൂചിപ്പിക്കുന്നത്. അപകടങ്ങള്‍ ഒഴിവാക്കുന്നതിനായി ഏറ്റവും മികച്ച പ്രവര്‍ത്തനരീതികള്‍ സ്വീകരിക്കണം. അതുകൊണ്ടുതന്നെ വൈദ്യുതി ബോര്‍ഡിന് പുതിയൊരു സേഫ്റ്റി കള്‍ച്ചര്‍ രൂപപ്പെടുത്തി, ഒരു സമഗ്ര സേഫ്റ്റി ഓഡിറ്റ് നടത്തി, അതിന്റെ അടിസ്ഥാനത്തിലുള്ള സേഫ്റ്റി പോളിസി രൂപീകരിച്ച് കൃത്യമായ ടാര്‍ജറ്റുകള്‍ ഫിക്സ് ചെയ്ത് വ്യക്തമായ ഉത്തരവാദിത്വങ്ങള്‍ നിശ്ചയിച്ച് പരസ്പരമുള്ള പഴിചാരലുകള്‍ ഒഴിവാക്കി എല്ലാം തികഞ്ഞ ആധുനികമായ ഒരു സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റത്തി ലേയ്ക്ക് വൈദ്യുതി ബോര്‍ഡ് പോകേണ്ടതിന്റെ ആവശ്യകതയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വളരെ കുറഞ്ഞ ചെലവില്‍ത്തന്നെ ഈ സംവിധാനം ഒരുക്കാവുന്നതാണ്. അല്പം ചെലവ് കൂടിപ്പോയാലും മനുഷ്യജീവന്റെ സുരക്ഷയേക്കാള്‍ ഒട്ടും കൂടുതലല്ല ആ ചെലവ് എന്നുള്ളതുകൊണ്ടുതന്നെ

അടിയന്തരമായി വൈദ്യുതി ബോർഡിൽ ഒരു ആധുനിക സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ് ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. ഗവൺമെന്റും ബോർഡും ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. 2005-ൽ, ഞാൻ വകുപ്പുമന്ത്രിയായിരുന്നപ്പോൾ റിട്ടയർ ചെയ്ത, ബോർഡ് അംഗമായ വി.ഐ. ചെറിയാൻ എന്ന ഒരാളെ ഇത് സംബന്ധിച്ച അന്വേഷണ കമ്മീഷന്റെ ചെയർമാനായി നിയമിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടി. അദ്ദേഹം കുറെ നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. അതിലെ ചില നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട മെമ്പറും ചൂണ്ടിക്കാണിച്ചത്. അതിന്റെ ചില കാരണങ്ങളും പറഞ്ഞിട്ടുണ്ട്. ഇന്ന് അമ്പതോളം സബ്മിഷനുകൾ ഉള്ളതുകൊണ്ട് ഓരോന്നും വ്യക്തമായിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ചീഫ് എൻജിനീയർ അടക്കമുള്ള ഒരു സേഫ്റ്റി കമ്മീഷൻ സ്റ്റേറ്റിലുണ്ട് അതുപോലെ ജില്ലകളിൽ കളക്ടർമാർ ചെയർമാനായിട്ടുള്ള ഒരു ജില്ലാ കമ്മീഷനുമുണ്ട്. ഇതിനുപുറമെ സ്ഥിരജീവനക്കാർക്കും, താൽക്കാലിക ജീവനക്കാർക്കും പ്രസ്തുത വിഷയം സംബന്ധിച്ച ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനവും ഇപ്പോൾ കെ.എസ്.ഇ.ബി. യിൽ ഉണ്ട്. പുതിയ കുറെ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ നിർദ്ദേശങ്ങളെല്ലാം സ്വാഗതാർഹമാണ്.

## മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, കഴിഞ്ഞ കുറെ ദിവസങ്ങളായി നമ്മുടെ വാർത്താമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വളരെ ഗൗരവമായ വിഷയമാണ് - മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം കേരളത്തിലേയ്ക്ക് കടന്നുവരുന്നുവെന്നുള്ളത്. ഈ കാര്യത്തിൽ ജനങ്ങൾക്ക് കുറച്ച് ഭയമുണ്ട്. 1970 കാലഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടായപ്പോൾ വളരെ ശക്തമായി നേരിട്ട് ഈ പ്രവർത്തനങ്ങളെ ഇല്ലാതാക്കാൻ കഴിഞ്ഞ ഒരു പാരമ്പര്യം കേരളത്തിനുണ്ട്. ഇതിന്റെ നിജസ്ഥിതി എന്താണെന്നതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകുന്നു. അതുകൊണ്ട് പത്രങ്ങളിൽ കാണുന്ന 'കേരളത്തിലേയ്ക്ക് മാവോയിസ്റ്റ് തീവ്രവാദികൾ കടന്നുവരുന്നു' എന്നതിനെക്കുറിച്ചുള്ള സത്യാവസ്ഥ എന്താണെന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങൾ മാവോയിസ്റ്റ് തീവ്രവാദികൾക്ക് ഇങ്ങോട്ട് കടന്നുകയറാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതാണ്. അതുകൊണ്ട് ഇതിന് ഗവൺമെന്റ് ഭരണതലത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള ചില നടപടികൾ സ്വീകരിച്ച് ഇത് ഇല്ലാതെയാക്കുന്നതോടൊപ്പംതന്നെ കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വിശ്വാസത്തിലെടുത്ത് അവരുടെ സഹകരണത്തോടുകൂടി ഇത്തരം പ്രശ്നങ്ങൾക്ക് രാഷ്ട്രീയ പരിഹാരം കൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്ത് ഇത്തരം തീവ്രവാദപ്രവർത്തനങ്ങൾ മുളയിലേ നുള്ളിക്കളയുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സി.പി.ഐ. മാവോയിസ്റ്റ് പശ്ചിമഘട്ട പ്രത്യേക സോണൽ കമ്മിറ്റി രൂപീകരിക്കുകയും കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ അവരുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. Unlawful Activities Prevention Act അനുസരിച്ച് നിരോധിച്ചിട്ടുളള ഒരു സംഘടനയാണ് സി.പി.ഐ. മാവോയിസ്റ്റ്. ഇവർ പശ്ചിമഘട്ട മേഖലയിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ 1970-ൽ കൊല്ലപ്പെട്ട വർഗ്ഗീസിന്റെ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ചും വയനാട് മുത്തങ്ങായിൽ കൊല്ലപ്പെട്ട യോഗിയുടെ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ചും തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് അക്രമപ്രവർത്തനങ്ങൾ നടത്തുന്നതിന് സാദ്ധ്യതയുളളതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവരുടെ സാന്നിദ്ധ്യം കർണ്ണാടക-കേരള വനം മേഖലയിലുളളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ശ്രീ. ബെന്നി ബെഹനാൻ സൂചിപ്പിച്ചതുപോലെ ഈ മേഖലയുടെ വികസനത്തിനാവശ്യമായ കൂടുതൽ നടപടികളെടുത്തും സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യ സുരക്ഷാ സംബന്ധവുമായ പ്രശ്നങ്ങളിൽ നടപടിയെടുത്തും സി.പി.ഐ. മാവോയിസ്റ്റ് പോലെയുളള സംഘടനകൾക്ക് സ്വാധീനമുണ്ടാകാതിരിക്കുന്നതിനും സർക്കാർ നടപടികൾ കൈക്കൊളളുന്നുണ്ട്. കൂടാതെ ഏത് വിധത്തിലുളള അക്രമപ്രവർത്തനത്തെയും നേരിടുന്നതിനായി സംസ്ഥാനത്തെ പോലീസ് സംവിധാനം സജീവമാക്കിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം

ഭീഷണിയെ നേരിടുന്നതിനായി പ്രത്യേക പരിശീലനം സിദ്ധിച്ച ഒരു പ്രത്യേക പോലീസ് വിഭാഗത്തെ രൂപീകരിക്കണമെന്നുള്ളതാണ് അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, പത്രങ്ങളിൽ ഇതുസംബന്ധിച്ച് വന്ന ഒരു വാർത്ത; അപകട ഭീഷണിയുള്ള കണ്ണൂർ ജില്ലയിലെ 9 പോലീസ് സ്റ്റേഷനുകളിൽ നിന്നും തോക്കുകൾ മാറ്റിവയ്ക്കാൻ നിർദ്ദേശം കൊടുത്തു. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിലൊന്നും തോക്കില്ല എന്നൊരു റിപ്പോർട്ട് കാണുന്നുണ്ട്. അത് ശരിയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യാഥാർത്ഥ്യം അങ്ങനെയല്ല. കണ്ണൂർ ജില്ലയിൽ മാത്രമല്ല, ഞാൻ ആ മേഖലയിലെ നമ്പർ പറയുന്നില്ല. അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്നതാണ്. പരസ്യ ചർച്ച കൊണ്ടുവരേണ്ട എന്നുള്ളതുകൊണ്ട് ഞാൻ അത് പറയുന്നില്ല. ആ മേഖലയിലുള്ള പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. അവർക്കാവശ്യമായ രൂപത്തിലുള്ള എല്ലാ സംവിധാനവും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ആ ഒറ്റപ്പദ പ്രയോഗത്തിൽ നിൽക്കുകയാണ്. അതേസമയം ആവശ്യമില്ലാതെ സ്റ്റോക്കിലിരിക്കുന്ന സാധനങ്ങൾ സെയ്ഫായി കസ്റ്റഡിയിൽ വയ്ക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആംഡ് ഫോഴ്സിന്റെ കയ്യിൽ അവർക്ക് ഉപയോഗിക്കാനുള്ള ആയുധമുണ്ട്. ഇതിനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ബാക്കി പല കാര്യങ്ങളിലും പരസ്യമായ ചർച്ച വേണ്ട. അതല്ലാതെ നടപടിയെടുക്കാൻ സാധിക്കുന്ന കാര്യങ്ങളിൽ നടപടിയെടുത്തിട്ടുണ്ട്.

## ഫയർ സ്റ്റേഷൻ

<u>ശ്രീ. എം. ഉമ്മർ</u>: സർ, നിലവിൽ മഞ്ചേരിയിൽ അഗ്നിരക്ഷാപ്രവർത്തനം നടത്തുന്നതിന് നിലമ്പൂർ, പെരിന്തൽമണ്ണ ഫയർസ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. ഈ രണ്ട് ഫയർ സ്റ്റേഷനുകളും 25 കിലോമീറ്ററിലധികം ദൂരത്തിൽ സ്ഥിതിചെയ്യുന്നതാണ്. ആയതിനാൽ മെഡിക്കൽ കോളേജ്, നിരവധി വിദ്യാലയങ്ങൾ, പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ സ്ഥിതിചെയ്യുന്ന മഞ്ചേരിയിൽ അടിക്കടിയുണ്ടാകുന്ന തീപിടുത്തവും മറ്റ് അപകടങ്ങൾ എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും മഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സർ, അഗ്നിശമനരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ മഞ്ചേരിയെ പതിനൊന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നറുകര വില്ലേജിലെ നറുകര അംശം വീമ്പൂർ പ്രദേശത്ത് റീ-സർവ്വേ 136/6(ബി)-യിൽപ്പെട്ട 60 സെന്റ് സ്ഥലം സർക്കാർ പുറമ്പോക്കുഭൂമി അഗ്നിശമനാ കെട്ടിടത്തിന്റെ നിലയത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് 120 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് അടങ്കൽ സർക്കാരിന്റെ പരിശോധനയിലാണ്. സർക്കാരിന്റെ സാമ്പത്തികനില മെച്ചമാകുന്നമുറയ്ക്ക് മഞ്ചേരിയിൽ അഗ്നിശമന രക്ഷാനിലയം തുറന്നുപ്രവർത്തിക്കുന്നതാണ്.

**ഗുണ്ടാ-മാഫിയാ അതിക്രമം**

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം അസംബ്ലി മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്വട്ടേഷൻ സംഘങ്ങൾ അഴിഞ്ഞാടുകയാണ്. കായംകുളത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും യാതൊരു ഉറപ്പുമില്ലാത്ത അവസ്ഥയാണ്. ക്വട്ടേഷൻ സംഘങ്ങളുടെ അഴിഞ്ഞാട്ടത്തിനുമുമ്പിൽ പകച്ചുനിൽക്കുന്ന പോലീസിനെയാണ് അവിടെ കാണാൻ കഴിയുന്നത്. ഞെട്ടിക്കുന്ന നിരവധി സംഭവങ്ങളാണ് അടുത്ത കാലത്ത് കായംകുളത്തുണ്ടായത്. വള്ളികുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വസ്ത്രവ്യാപാരിയും കോൺഗ്രസ് പ്രവർത്തകനുമായ രഘുചന്ദ്രന്റെ വീട്ടിൽ രാത്രി 12 മണിയോടെ വീടിന്റെ പിൻഭാഗത്ത് പെട്രോൾ ഒഴിച്ച് തീയിട്ടതിനുശേഷം മുൻഭാഗത്തെ കതക് ചവിട്ടിത്തുറന്ന് അകത്തുകയറിയ നാലംഗ മുഖംമൂടി സംഘം അമ്മയുടെയും ഭാര്യയുടെയും രണ്ട് പിഞ്ചുകുട്ടികളുടെയും മുമ്പിലിട്ട് ശരീരമാസകലം ഗുരുതരമായി വെട്ടി മുറിവേൽപ്പിക്കുകയും കൈകാലുകളുടെ ചലനശേഷി നഷ്ടപ്പെട്ട അദ്ദേഹം ഇപ്പോഴും കിടപ്പിലാണ്. രണ്ട് മാസത്തിലേറെയായിട്ടും പ്രതികളെ ഇതുവരെയും പിടിക്കാൻ കഴിഞ്ഞിട്ടില്ല. കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കൃഷ്ണപുരം വാലാത്ത് വീട്ടിൽ പ്രേമനും ബന്ധുവായ സുരയും ചേർന്ന്............. ഡിസംബർ നാലിന് പട്ടാപ്പകൽ നിരവധി ആളുകൾ നോക്കിനിൽക്കേ തെരുവിലിട്ട് ക്രൂരമായി മർദ്ദിച്ച് അവശനാക്കി അദ്ദേഹത്തിന്റെ കാൽ ചവിട്ടിയൊടിക്കുകയുണ്ടായി. അദ്ദേഹം ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. ജനുവരി മാസം 16-ാം തീയതി രാത്രി എട്ടുമണിക്ക് കൊലക്കേസ് അടക്കമുള്ള നിരവധി കേസ്സുകളിൽ പ്രതിയായ ശ്രീ. ലിജു ഉമ്മന്റെ നേതൃത്വത്തിൽ ബൈക്കിലെത്തിയ ഇരു

പതോളം സംഘം ആറ് വീടുകൾ തകർത്തു. നിരവധി പേരെ ആക്രമിച്ചു. ഒരാളുടെ കൈ അറ്റുപോയ സ്ഥിതിയുണ്ടായി. ഇതിൽ നാലുപേരെ മാത്രമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എൽ.ഐ.സി. ജീവനക്കാരനായ ബാബുവിന്റെയും ഭാര്യയുടെയും ഇരുചക്ര വാഹനം തീയിട്ട് നശിപ്പിച്ചിട്ട് ഒരുവർഷമായിട്ടും പ്രതിയെ കണ്ടെത്തിയിട്ടില്ല. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ വളഞ്ഞനടക്കാവ് ലക്ഷംവീട് കോളനിയിൽ അതിക്രമം നടത്തി വീടും വാഹനങ്ങളുമെല്ലാം തകർത്ത പ്രതികളെ ജനങ്ങൾ പിടിച്ചുകൊടുത്തിട്ട്, പിടിച്ചുകൊടുത്ത ജനങ്ങളുടെ പേരിൽ കേസ്സെടുത്തിരിക്കുകയാണ്. കായംകുളം ഡിവൈ.എസ്.പി.-യുടെ അധികാരപരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നടക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് രേഖാമൂലം ഞാൻ ചോദിച്ച ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരം സ്ത്രീപീഡനം 271, ബലാൽസംഘം-11, കൊലപാതകങ്ങൾ-3, വധശ്രമം-17, കുട്ടികൾക്കെതിരായ കേസ്-27 എന്നാണ്. എന്തൊരു അവസ്ഥയാണ്? കായംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഭയാനകമായ അന്തരീക്ഷമാണ്. രാത്രിയിൽ ജനങ്ങൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണ്. അവിടത്തെ സ്ഥിതി ഭയാനകമാണ്. അങ്ങ് അടിയന്തിരമായി ഇടപെട്ട് അവിടത്തെ ജനങ്ങളുടെ സ്വൈര്യജീവിതത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സർ, ഗവൺമെന്റിന്റെ മുമ്പിൽ വന്നിട്ടുള്ള കാര്യങ്ങൾക്കൊക്കെ സ്ട്രോങ്ങായിട്ടുള്ള നടപടി എടുത്തിട്ടുണ്ട്. കായംകുളം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നതായി

പറയപ്പെടുന്ന ഗുണ്ടാ-മാഫിയാ ആക്രമണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സി. കെ. സദാശിവൻ, എം.എൽ.എ. സഭയിൽ ഉന്നയിച്ച ഈ കാര്യത്തിന കത്ത് ഗവൺമെന്റ് പരിശോധിക്കേണ്ടതെല്ലാം പരിശോധിക്കും. നടപടിയെടു ക്കേണ്ടതിന് നടപടിയെടുക്കുകയും ചെയ്യും. ഇവിടെ ശ്രീമതി സിന്ധു, കുടുംബ പ്രശ്നം കാരണത്താലും സാമ്പത്തിക മുതലെടുപ്പിനുവേണ്ടിയും മേൽപ്പടിയാളുടെ ഭർത്താവിനെ കൊല്ലാൻ ക്വട്ടേഷൻ നൽകിയതുമായി ബന്ധപ്പെട്ട് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 721/2011 അണ്ടർ സെക്ഷൻ 120 (ബി), 109, 143, 144, 147, 148, 149, 326, 307 ഐ.പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ശ്രീമതി ഷീന നൽകിയ പരാതിയിന്മേൽ കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 155/13 ആയി 143, 147, 148, 149, 452, 323, 324, 427, 308 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഗുണ്ടാ ആക്രമണത്തിന് രണ്ടുപേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ കേസ്സിലെ ആറ് പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. മണ്ണത്തിൽ ഹൗസിൽ ശ്രീ. സംഗീതിന്റെ പരാതിയിന്മേൽ കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 157/13 ആയി അണ്ടർ സെക്ഷൻ 143, 147, 148, 149, 323, 324, 308 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തി ട്ടുണ്ട്. മേൽപ്പടി ക്വട്ടേഷൻ ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റിട്ടുണ്ട്. ഈ കേസ്സിലെ ഏഴ് പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗുണ്ടകൾക്കെതിരെ 107 സി.ആർ.പി.സി.-യും കാപ്പ നിയപ്രകാരവും നടപടിയെടുക്കുകയും പ്രതി കൾക്കെതിരെ ബ്രോഡ്വേ ഹിസ്റ്ററി ഷീറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അതുകൊണ്ട് അങ്ങ് പറയുന്നതുപോലെ ഭയാനകമല്ല, ഏറെക്കുറേ മെച്ചപ്പെട്ട രൂപത്തിൽത്തന്നെ പോലീസിന് ചെയ്യാവുന്ന നടപടികളെടുത്തിട്ടുണ്ട്. ദയവായി അങ്ങുകൂടി ഇതിനോട് നന്നായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**<u>മരംമുറിച്ച പ്രതികളെ അറസ്റ്റുചെയ്യാൻ നടപടി</u>**

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഏതാണ്ട് രണ്ടുമാസംമുമ്പ് കഴിഞ്ഞ നിയമസഭാ സമ്മേളനം ഇവിടെ നടക്കുന്ന സന്ദർഭത്തിലാണ് കോഴിക്കോട് കളക്ടറേറ്റ് കോമ്പൗണ്ടിനകത്ത് ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന മഹാഗണി ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയി വിറ്റ സംഭവമുണ്ടാകുന്നത്. ഇതുസംബന്ധിച്ച് എ.ഡി.എം. നിർദ്ദേശം കൊടുത്തതനുസരിച്ച് വേങ്ങേരി വില്ലേജ് ഓഫീസർ മരം മുറിച്ച കേസ്സിലെ പ്രതികളെ പിടികൂടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസിൽ പരാതി കൊടുത്തു. എന്നാൽ നടക്കാവ് പോലീസ് ഇതുസംബന്ധിച്ച് കേസ്സൊന്നും എടുക്കാൻ തയ്യാറായില്ല. പിന്നീട് അവിടെ വിവിധ ബഹുജന സംഘടനകളും പരിസ്ഥിതി പ്രവർത്തകരുമെല്ലാം ആ പ്രശ്നത്തിലിടപെടുകയും പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്തു. ഞാൻ ആ ഇഷ്യൂ ഈ നിയമസഭയിൽ ചോദ്യമായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് തന്നിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എനിക്ക് ഇവിടെ രേഖാമൂലം തന്ന മറുപടിയിൽ പി.ഡി.പി.പി. ഉൾപ്പെടെയുള്ള വകുപ്പുകളനുസരിച്ച് പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും അവിടത്തെ ഡിസ്ട്രിക്ട് വുമൺസ് കൗൺസിലിന്റെ സെക്രട്ടറിയായ അഡ്വക്കേറ്റ് ശ്രീമതി ആനന്ദകനകമാണ് ഇതിലെ പ്രതിയായി ചേർത്തുവെന്നും അവരുൾപ്പെടെയുള്ളവരുടെ പേരിൽ പി.ഡി.പി.പി. വകുപ്പനുസരിച്ച് കേസ്സെടുത്തിട്ടുണ്ടെന്നും മറുപടി തന്നു. പ്രതികളെ ഇതുവരെ പോലീസ്

അറസ്റ്റുചെയ്യാൻ തയ്യാറായിട്ടില്ല. ഞാൻ കമ്മീഷണറോടൊക്കെ സംസാരിച്ച പ്പോൾ പറയുന്നത്, അവിടെയുള്ള കളക്ടറേറ്റ് കോമ്പൗണ്ടിലെ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ട്. അതിന്റെ രേഖകൾ തരാൻ പറഞ്ഞിട്ട് വില്ലേജ് ഓഫീസറോ കളക്ടറേറ്റിൽനിന്നോ തന്നിട്ടില്ല. ഇതേസമയംതന്നെ പി.ഡി.പി.പി. അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രതി കമ്മീഷണർ ഓഫീസിന്റെ മുമ്പിലുള്ള പ്രസ് ക്ലബിൽവച്ച് പത്രസമ്മേളനം നടത്തി. കളക്ട റേറ്റ് കോമ്പൗണ്ട് അവരുടെ ഉടമസ്ഥതയിലാണെന്ന് പറയുകയുണ്ടായി. അതിന് അവിടത്തെ ജില്ലാ കളക്ടർ, ഈ പറയുന്ന ഭൂമി പൂർണ്ണമായും റവന്യൂ വകുപ്പിന്റേതാണെന്ന് പ്രസ്താവന നടത്തി. വനസംരക്ഷണനിയമമനു സരിച്ച് ക്രിമിനൽ കുറ്റമാണ് ഇവർ ചെയ്തിരിക്കുന്നത്. ഇതിന്റെ പേരിൽ നടപടി സ്വീകരിക്കണമെന്ന് കളക്ടർ ആവശ്യപ്പെടുകയും പത്രസമ്മേളനം നടത്തുകയും കളക്ടറുടെ ആ കത്ത് പോലീസിന് കൊടുക്കുകയും ചെയ്തു. എന്നാൽ ഇതുവരെ പ്രതികളെ അറസ്റ്റുചെയ്യുന്നതിന് തയ്യാറായില്ല. ഇവിടെ യഥാർത്ഥത്തിൽ സംഭവിക്കുന്നത് രാഷ്ട്രീയമായ ഇടപെടലാണ്. ഏത് തല ത്തിലെന്നുള്ളത് അങ്ങ് അന്വേഷിക്കണം. ഈ ക്രിമിനൽ കേസിൽ അങ്ങു തന്നെ പറഞ്ഞതനുസരിച്ച് പി.ഡി.പി.പി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടു ള്ള പ്രതികളെ അറസ്റ്റ് ചെയ്യാതെ ഈ കളക്ടറേറ്റ് കോമ്പൗണ്ടിലുള്ള ലക്ഷക്ക ണക്കിന് രൂപയുടെ മരം അറുത്തുമാറ്റി പുറത്തുകൊണ്ടുപോയി കച്ചവടം ചെയ്തിട്ടുള്ള ആളുകളെ സംരക്ഷിക്കുന്ന നിലപാടാണ് കോഴിക്കോട് സിറ്റിയി ലെ പോലീസ് കമ്മീഷണർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്നത്. അതുകൊണ്ട് പ്രതിയെ അറസ്റ്റ് ചെയ്യണം. ഈ കുറ്റവാളി കളെ സംരക്ഷിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന ജില്ലാ വനിതാ കൗൺസിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽനിന്നും നടത്തിപ്പുകാരന്റെ നിർദ്ദേശമനുസരിച്ച് അനധികൃതമായി മരങ്ങൾ മുറിച്ചുകൊണ്ടുപോയതായി വേങ്ങേരി വില്ലേജ് ഓഫീസർ 18-12-2012-ാംതീയതി പരാതിപ്പെട്ടതുപ്രകാരം അഡ്വക്കേറ്റ് ശ്രീമതി ആനന്ദകനകം എന്ന സ്ത്രീയെ പ്രതിയാക്കി നടക്കാവ് പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാനിയമം 379 പി.ഡി.പി.പി. ആക്ട് 3 സബ്സെക്ഷൻ (1) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 964/2012 ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രസ്തുത കെട്ടിടവും സ്ഥലവും ജില്ലാ വുമൺസ് ഹോസ്റ്റലിന്റെ നടത്തിപ്പിനുവേണ്ടി അതിന്റെ സെക്രട്ടറിയായ അഡ്വക്കേറ്റ് ശ്രീമതി ആനന്ദകനകത്തെ വ്യവസ്ഥപ്രകാരം ഏൽപ്പിച്ചിരിക്കെയാണ് മരങ്ങൾ മുറിച്ചുമാറ്റിയത്. പരിശോധനയിൽ നാല് പൂമരങ്ങൾ മുറിച്ചുമാറ്റിയതായി കണ്ടു. മുറിച്ചുമാറ്റിയ മരങ്ങൾ ലോറിയിൽ കയറ്റിക്കൊണ്ടുപോകാൻ ശ്രമിക്കവേ ആൾക്കാർ ലോറി തടഞ്ഞുനിർത്തിയതിനാൽ ആർ.ഡി.ഒ.-യും തഹസിൽദാരും സ്ഥലത്തെത്തിയതിനെത്തുടർന്ന് വില്ലേജ് ഓഫീസറുടെ പരാതി പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. ഈ കേസ് നടക്കാവ് പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി അവശ്യംവേണ്ട രേഖകളായ വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ ലഭിക്കുന്നതിന് വേങ്ങേരി വില്ലേജ് ഓഫീസ്, എ.ഡി.എം. ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് 21-12-2012, 01-01-2013 എന്നീ ദിവസങ്ങളിലും 05-01-2013-ാം തീയതി വേങ്ങേരി വില്ലേജ്

ഓഫീസ്സിലും കോഴിക്കോട് തഹസിൽദാർ ഓഫീസ്സിലും 17-01-2013-ാം തീയതി കോഴിക്കോട് ജില്ലാ കളക്ടർക്കും കത്തുകൾ അയച്ചുവെങ്കിലും രേഖ കൾ ലഭിച്ചിട്ടില്ല. രേഖകൾ ലഭിക്കാത്തതിനാൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും മുറിച്ച മരങ്ങളുടെ വില നിശ്ചയിച്ച് നൽകിയിട്ടില്ലാ ത്തതാണ്. പോലീസ് പിടിച്ചെടുത്ത തടിക്കഷണങ്ങൾ ബഹുമാനപ്പെട്ട കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി (4) നിർദ്ദേശപ്ര കാരം നടക്കാവ് പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചുവരുന്നു. ലോറി കോടതി ഉത്തരവുപ്രകാരം ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. കേസ്സിന്റെ അന്വേഷണവേളയിൽ പ്രതിയായ ശ്രീമതി ആനന്ദകനകം സെക്രട്ടറിയായ ജില്ലാ വനിതാ കൗൺസിൽ കെട്ടിടം ഉൾപ്പെടുന്ന വേങ്ങേരി വില്ലേജ് നടുങ്ങോട്ടൂർ ദേശം റീ-സർവ്വേ നമ്പർ 49-ൽപ്പെട്ട 50 സെന്റ് സ്ഥലം കൗൺസിൽ സെക്രട്ടറിയുടെ പേരിൽ പട്ടയം അനുവദിച്ചതിന്റെയും കൈവ ശാവകാശ സർട്ടിഫിക്കറ്റ് നൽകിയതിന്റെയും കോപ്പികൾ ഹാജരാക്കിയിരു ന്നു. അത് 1981-ൽ കോഴിക്കോട് തഹസിൽദാർ വേങ്ങേരി വില്ലേജ് ഓഫീസ റുടെ അറിവോടെ നൽകിയതായിട്ടാണ് കാണുന്നത്. ഇക്കാരണത്താൽ സംഭ വസ്ഥലം ആരുടെ കൈവശാവകാശത്തിലാണെന്ന് തിട്ടപ്പെടുത്തുവാൻ കഴിയാത്ത അവസ്ഥയിലാണ്. പ്രതിചേർക്കപ്പെട്ട അഡ്വ. ആനന്ദകനകത്തെ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ഇപ്പോൾ ബാക്കിയാണ്. അതിന് കാരണം കൈവശാവകാശം ആരുടേതാണെന്ന് തിട്ടപ്പെടുത്താൻ കഴിയാതെ പോയതാണ്. അത് ഒരു സിവിൽ ഡിസ്പ്യൂട്ടിന്റെ ഭാഗം കൂടി വരും. അതുകൊണ്ട് അതെല്ലാം പരിശോധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും അഡ്വ. ആനന്ദകനകത്തെ 18.01.2011 മുതൽ

28.01.2011 വരെ അറസ്റ്റ് ചെയ്യരുതെന്ന് കാണിച്ച് പോലീസ് സ്റ്റേഷനിൽ ഉത്തരവ് ലഭിച്ചിരുന്നു. തുടർന്ന് അവർ ഹൈക്കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷ 31.1.2013-ന് പരിഗണിച്ച സമയം അറസ്റ്റ് ചെയ്യരുത് എന്ന ഇടക്കാല ഉത്തരവ് വന്നു. 31.1.2013 മുതൽ മൂന്ന് ആഴ്ച്ചക്കാലത്തേയ്ക്ക് നീട്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അമൃതയോട് അപമര്യാദയായി പെരുമാറിയ സംഭവം**

ശ്രീ. വി. ശിവൻകുട്ടി: സർ, 2013 ഫെബ്രുവരി മാസം 14-ാം തീയതി തിരുവനന്തപുരത്ത് ശംഖുമുഖം കടപ്പുറത്ത് സ്ത്രീകളുടെ പ്രതിഷേധ കൂട്ടായ്മയിൽ പങ്കെടുത്ത് മടങ്ങിവരുന്ന വഴിക്ക് പാളയത്തിനടുത്ത് ബേക്കറി ജംഗ്ഷന് സമീപം തട്ടുകടയിൽ അമ്മയോടൊപ്പം ഭക്ഷണം കഴിക്കാനെത്തിയ ആൾ സെയിന്റ്സ് കോളേജ് മുൻ ചെയർപേഴ്സൺ അമൃത എന്ന വനിതയോട് അപമര്യാദയായി പെരുമാറുകയും അസഭ്യവർഷം നടത്തുകയും ചെയ്ത സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ വാഹനത്തിലെത്തിയ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെന്ന് സംശയിക്കുന്ന എല്ലാ ക്രിമിനലുകളെയും അറസ്റ്റ് ചെയ്ത് നിയമനടപടിക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദ്യാർത്ഥിയെയും കുടുംബത്തെയും അസഭ്യം പറഞ്ഞ സംഭവത്തിൽ ഐ.ടി @ സ്ക്കൂളിന്റെ മേധാവിയാണെന്നാണ് വ്യക്തമായ സൂചന. ഡയറക്ടർ അബ്ദുൽ നാസർ കൈപ്പഞ്ചേരിയില്ലാതെ KL-01 AW 8650 എന്ന ഈ വാഹനം ഒരിക്കലും പുറത്തുപോകാറില്ല. മാതൃഭൂമി പത്രത്തിൽ വാഹനത്തിന്റെ ഫോട്ടോ വന്നിട്ടുണ്ട്. വ്യാഴാഴ്ച്ച രാത്രി 10.30 മണിയോടെയാണ് ആൾ സെയിന്റ് കോളേജിലെ വിദ്യാർത്ഥിനി അമൃതയെയും സംഘത്തെയും ഇവർ അസഭ്യം പറയുകയും അപമര്യാദയായി പെരുമാറുകയും

ചെയ്തത്. അക്രമി സംഘത്തിൽ മൂന്നുപേർ ഉണ്ടായിരുന്നു. പരാതിക്കാരും ദൃക്സാക്ഷികളും പറഞ്ഞിട്ടും രണ്ടുപേർക്കെതിരെ മാത്രമാണ് നടപടിയെടുക്കുന്നതിനുവേണ്ടി തയ്യാറായത്. അങ്ങ് താമസിക്കുന്നതിന്റെ ഒരു വിളിപ്പാട് അകലെയാണ് ഈ സംഭവം നടന്നിരിക്കുന്നത്. എന്നുമാത്രമല്ല ലളിതമായിട്ടുള്ള വകുപ്പുകളിട്ടാണ് കേസ് എടുത്തിരിക്കുന്നത്. ജാമ്യം കിട്ടാത്ത വകുപ്പുകളുണ്ട്. ഒരു മണിക്കൂറിനുള്ളിൽ തന്നെ ആ വാഹനം റിലീസ് ചെയ്തില്ലേ? അങ്ങ് താമസിക്കുന്നതിന് ഒരു വിളിപ്പാട് അകലെയാണ് ഈ സംഭവം നടന്നിരിക്കുന്നത്. ഡയറക്ടർക്ക് ഇതിൽ പങ്കുണ്ട്. ഡയറക്ടറാണ് ഇതിലെ മൂന്നാമത്തെ പ്രതി. ലളിതമായ ഒരു വകുപ്പിട്ട് ജാമ്യം കിട്ടുന്നതിനുവേണ്ടിയും കേസിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയുമുള്ള എല്ലാ വകുപ്പുകളും ഈ കേസ് ചാർജ് ചെയ്ത രീതി വഴി ഉണ്ടായിരിക്കുന്നു എന്ന കാര്യം ഞാൻ ഗൗരവമായി ആരോപിക്കുന്നു. ഡയറക്ടറുടെ വണ്ടിയിൽ രാത്രി 12.00 മണിക്ക് ശേഷം ഇറങ്ങി കറങ്ങി നടക്കുന്നു. ഇത് ക്രിമിനൽ കേസ് മാത്രമല്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിന് മറുപടി പറയേണ്ടതാണ്. ഇത് വിദ്യാഭ്യാസ വകുപ്പിലാണ് നടന്നത് എന്നുള്ള നിലയിൽ വകുപ്പ് അദ്ധ്യക്ഷനോട് എക്സ്പ്ലനേഷൻ ചോദിക്കുകയും വിദ്യാഭ്യാസ വകുപ്പുതന്നെ ബന്ധപ്പെട്ടവരെ കേസിൽ പ്രതിയായതിന്റെ പേരിൽ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയും ചെയ്യണം. ഈ നിലയിലുള്ള ആൾക്കാരെയും വച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകാൻ എങ്ങനെ സാധിക്കും? ഐ.ടി. @ സ്ക്കൂൾ അനാഥമാണ്. അങ്ങ് താമസിക്കുന്നതിന് ഒരു വിളിപ്പാട് അകലെയാണ് ഈ സംഭവം നടന്നിരിക്കു

ന്നത്. നമുക്ക് അത് സഹിക്കാൻ പറ്റുമോ? അതുകൊണ്ട് ഇതിനാവശ്യമായ നടപടി സ്വീകരിക്കണം.

മി. ഡെ. സ്പീക്കർ : അങ്ങ് എല്ലാം പറഞ്ഞുകഴിഞ്ഞു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 14.2.2013 രാത്രി 10.30 മണിയോടുകൂടി പേട്ട വില്ലേജിലെ തുഷാരം വീട്ടിൽ മോഹൻ കുമാറും ഭാര്യയും ഒരു കാറിലും മോഹൻ കുമാറിന്റെ മകൾ അമൃത മോഹൻ ഒരു ബൈക്കിലും മോഹൻ കുമാറിന്റെ സുഹൃത്തായ വില്ല്യംസും മകളും ഒരു ജീപ്പിലുമായി ബേക്കറി ജംഗ്ഷനിലുള്ള ഒരു തട്ടുകടയിൽ ആഹാരം കഴിക്കുന്നതിനായി എത്തി. വാഹനങ്ങൾ പാർക്ക് ചെയ്ത് ഇറങ്ങവേ KL-01 AW 8650 എന്ന നമ്പർ സ്ക്കോർപ്പിയോ കാറിൽ വന്ന രണ്ടുപേർ മോശമായ ഭാഷയിൽ പെൺകുട്ടികളെ അപമാനിച്ച് സംസാരിക്കുകയും അതിനെ ചോദ്യം ചെയ്യാൻ ചെന്ന പെൺകുട്ടികളുടെ മാതാപിതാക്കളെ അസഭ്യം പറയുകയും ചെയ്തു. ഇതുസംബന്ധിച്ച് മോഹൻ കുമാർ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കാറിൽ വന്ന കണ്ടാലറിയാവുന്ന രണ്ടുപേരെ പ്രതികളാക്കി ഇന്ത്യൻ ശിക്ഷാ നിയമം 294 ബി, 34 കെ.പി. ആക്ട് 119 എ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 216/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം മ്യൂസിയം പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്ത് നടത്തിവരവേ പ്രതികൾ ഹയർ എഡ്യൂക്കേഷൻ വകുപ്പിന് കീഴിൽ പൂജപ്പുര പ്രവർത്തിക്കുന്ന ഐ.ടി @ സ്ക്കൂൾ പ്രോജക്ട് എന്ന സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഹെൽപ്പർ മനോജും ഡ്രൈവർ അനൂപുമാണെന്ന് തിരിച്ചറിഞ്ഞു. മനോജിനെ അറസ്റ്റ്

ചെയ്ത് പിന്നീട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. അനൂപ് ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികൾ സഞ്ചരിച്ചിരുന്നത് ഐ.ടി @ സ്ക്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ അനുവദിച്ചിട്ടുള്ള സർക്കാർ വക സ്ക്കോർപ്പിയോ കാറിലാണ്. ഈ വാഹനം കസ്റ്റഡിയിലെടുത്ത് നടപടി പൂർത്തിയാക്കിയ ശേഷം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അപേക്ഷ പ്രകാരം മൂന്നാം കച്ചീട്ടിൽ വിട്ടയച്ചിട്ടുള്ളതാണ്. ഒളിവിൽ പോയ അനൂപിനെ അറസ്റ്റ് ചെയ്യുന്നതിനുള്ള ശ്രമം നടത്തിവരുന്നു. അതെല്ലാം കരാർ പണിക്കാരായിട്ടുള്ള ആളുകളാണ്. ഇതൊക്കെയാണെങ്കിലും അങ്ങിത് വളരെ ശക്തമായി ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഇൻവസ്റ്റിഗേഷൻ സൈഡിൽ എന്താണ് ചെയ്യാൻ പറ്റുന്നതെന്ന് പരിശോധിച്ച് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. അതാണ് ഞാൻ പറയേണ്ടത്. ബാക്കിയുള്ള കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയും. .................ശ്രീ. വി. ശിവൻകുട്ടി നന്നായി പറഞ്ഞല്ലോ? ഇനി വാദിച്ച് അതിന്റെ ശക്തി കുറയ്ക്കേണ്ട. ഇൻവെസ്റ്റിഗേഷൻ സൈഡിൽ എന്താണ് ചെയ്യാൻ പറ്റുന്നതെന്ന് പരിശോധിച്ച് ഗവൺമെന്റ് ശക്തമായിട്ടുള്ള നടപടിയെടുക്കും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ ഈ രണ്ട് പ്രതികളെയും അന്നുതന്നെ സസ്പെന്റ് ചെയ്തിട്ടുണ്ട്. .... (ബഹളം)..........

മി. ഡെ. സ്പീക്കർ : നടപടിയെടുത്തുകഴിഞ്ഞില്ലേ? അവരുടെ പേരിൽ കേസെടുത്തു. അവരെ സസ്പെന്റ് ചെയ്തു. ഇനി എന്താണ് ചെയ്യേണ്ടത്?

.......... ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഞാനൊന്ന് പറയട്ടേ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ രണ്ട് പ്രതികളുടെ കാര്യം പറഞ്ഞു. അവരുടെ പേരിൽ കേസെടുത്തിട്ടുള്ള കാര്യം പറഞ്ഞു. ഒരാളെ കിട്ടാനുള്ള കാര്യം പറഞ്ഞു. ഇവിടെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആളുകളെ അന്നുതന്നെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ........................(ബഹളം)....................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തെ പറഞ്ഞതനുസരിച്ച് ഇവിടെ രണ്ടാമതൊരു പ്രശ്നമായിട്ട് ഉന്നയിച്ചുവന്നത് എണ്ണം കൂടി എന്നുള്ള നിലയിലൊക്കെ പറഞ്ഞു. അവസാനമായിട്ട് ഞാൻ പറഞ്ഞത് ഇൻവെസ്റ്റിഗേഷനിൽ ബാക്കി കാര്യം കൂടി പരിശോധിക്കും. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ കാര്യങ്ങൾ കൂടി ഗൗരവമായി എടുക്കുകയാണ്. അതെടുത്തുകൊണ്ട് എന്തൊക്കെ രൂപത്തിൽ നടത്തണം എന്നുള്ളതിനെക്കുറിച്ച് ഇൻവെസ്റ്റിഗേഷനിൽ അത് നടത്താവുന്ന കാര്യങ്ങളൊക്കെ ചെയ്യും. അതാണ് പറഞ്ഞത്.

## എം.എൽ.എ.യ്ക്ക് നേരെയുണ്ടായ ആക്രമണം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കഴിഞ്ഞ ഏഴുവർഷമായി ഈ സഭയിൽ അംഗമായിട്ടുള്ള എനിക്കുണ്ടായ ഒരു ദുരനുഭവമാണ് ഇവിടെ അവതരിപ്പിക്കുന്നത്. എം.എൽ.എ. ഫണ്ടിൽ നിന്ന് 11 ലക്ഷം രൂപയും നഗരസഭയുടെ ഫണ്ടിൽനിന്ന് 5 ലക്ഷം രൂപയും ചെലവഴിച്ച ഒരു റോഡിന്റെ ഉദ്ഘാടനത്തിന്, ഒരു ഔദ്യോഗിക പരിപാടിക്ക് ചെന്നപ്പോൾ പുന്ന എന്നു

പറയുന്ന സ്ഥലത്ത് വച്ച് എന്നെ തടയുകയും ആക്രമിക്കാൻ മുതിരുകയും ചെയ്ത സംഭവമാണ്. കുന്നംകുളത്തെ എം.പി. ജാക്സൻ എന്നു പറയുന്ന കോൺഗ്രസ് നേതാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലുൾപ്പെടെ നൂറോളം കേസ്സിൽ പ്രതിയായിട്ടുള്ള പുന്ന നൗഷാദ് എന്നു പറയുന്ന ഒരാളുടെ നേതൃത്വത്തിലാണ് അവിടെ എന്നെ തടഞ്ഞ് ആക്രമിക്കാൻ ശ്രമിച്ചത്. അവിടെത്തെ കൗൺസിലറായ യതീന്ദ്രദാസും കൂടെയുണ്ടായിരുന്നു. എന്റെ പരാതി എന്നു പറയുന്നത് ഈ സമയത്ത് അരമണിക്കൂർ കഴിഞ്ഞിട്ടും പോലീസ് എന്നെ വിളിക്കുകയോ ആ സ്ഥലത്ത് വരികയോ ചെയ്തില്ല. അപ്പോഴാണ് ഞാൻ സി.ഐ. ഓഫീസിൽ പോയി കുത്തിയിരുപ്പ് നടത്തിയത്. സത്യത്തിൽ സംസ്ഥാനത്തെ ഒരു നിയമസഭാംഗത്തിന് ഒരു ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാൻപോലും പോലീസ് സംരക്ഷണമില്ല എന്നു പറയുന്നത് അപമാനകരമായ സംഭവമാണ്. ഞാൻ സ്റ്റേഷനിൽ ചെന്നിരുന്നിട്ടും മൂന്നു മണിക്കൂർ പോലീസ് ഒരു നടപടിയും എടുത്തില്ല. ആ സംഭവം ഉണ്ടാകുന്ന സമയത്ത് പോലീസ് അവിടെ എത്തുകയോ അക്രമികളെ തടയുകയോ അല്ലെങ്കിൽ പ്രതികളെ അപ്പോൾ കസ്റ്റഡിയിൽ എടുക്കുകയോ ചെയ്തിരുന്നുവെങ്കിൽ പിന്നീടുണ്ടായ ഒരു അനിഷ്ട സംഭവമുണ്ടാകുമായിരുന്നില്ല. എനിക്കും ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ.യും അടക്കമുള്ളവർക്ക് ആ സ്റ്റേഷനിൽ കുത്തിയിരിക്കേണ്ടിവന്നു. നമ്മുടെ നാടിന് അപമാനകരമായ സംഭവമാണിത്. ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന സമൂഹത്തിൽ ഗുണ്ടാ ആക്ടിലുൾപ്പെടെ പ്രതിയായ, മാസങ്ങളോളം ജയിലിലായ ഒരു ഗുണ്ടയെ മുൻനിറുത്തി ഒരു നിയമസഭാംഗത്തെ തടയുന്നതിനെ ന്യായീകരിക്കുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഇത് സഭയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് വലിയ സങ്കടകരമാണ്, ഈ വിഷയത്തിൽ അങ്ങേയറ്റം പ്രതിഷേധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങ് ഈ സംഭവം ഫോൺ ചെയ്ത് സ്റ്റേഷനിൽ അറിയിച്ചിരുന്നോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോലീസ് സ്റ്റേഷന്റെ അരകിലോ മീറ്റർ പരിധിയിലാണ് ഈ സംഭവം. സംഭവം നടക്കുമ്പോൾ ഫോൺ ചെയ്യാൻ കഴിയുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പിന്നെ എന്താണ് പോലീസ് ചെയ്യുക?

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, ഇതിനെ അങ്ങ് ന്യായീകരിക്കരുത്. ഈ സംഭവം അറിഞ്ഞിട്ടും അര മണിക്കൂർ കഴിഞ്ഞ് ഞാൻ പോലീസ് സ്റ്റേഷനിൽ സി.ഐ.യുടെ മുമ്പിൽ കുത്തിയിരിക്കുന്നതുവരെ പോലീസ് എന്നെ വിളിച്ചിട്ടില്ല. ഒരു സ്ഥലത്ത് സംഘർഷം നടക്കുമ്പോൾ പോലീസ് അറിയുന്നില്ല എന്നു പറയുന്നത് ഇന്റലിജൻസിന്റെ പരാജയംകൂടിയാണ്. അവിടെ സംഘർഷസാധ്യതയുണ്ടെന്ന് എന്നോട് പോലീസ് നേരത്തെ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ അങ്ങോട്ടുപോകുമായിരുന്നില്ല. എന്നെ പോലീസ് അറിയിച്ചില്ല. ഞാൻ ചോദിക്കട്ടെ, ഒരു ഉദ്ഘാടനത്തിൽ തർക്കമുണ്ടെങ്കിൽ ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും പരിപാടി മാറ്റിവയ്ക്കണമെന്നു പറഞ്ഞാൽ മാറ്റിവയ്ക്കാം. എന്നോടു പറഞ്ഞാൽ ഞാൻ മാറ്റിവയ്ക്കുമായിരുന്നു, നഗരസഭയിൽ എഴുതിക്കൊടുത്താൽ മാറ്റിവയ്ക്കുമായിരുന്നു. അല്ലാതെ മസിൽ പവറും കായിക ശക്തിയുമുപയോഗിച്ച് അങ്ങോട്ടുമിങ്ങോട്ടും പരാജയപ്പെടുത്താൻ ശ്രമിച്ചാൽ ഈ നാട്ടിലെ സ്ഥിതിയെന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങെല്ലാം പറഞ്ഞുകഴിഞ്ഞു. യെസ്...

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: അതുകൊണ്ട് ഈ സംഭവത്തെക്കുറിച്ചുള്ള ശക്തമായ അന്വേഷണം വേണം. ഇത് സംസ്ഥാനത്ത് നിലനിൽക്കുന്ന പോലീസിന്റെ പക്ഷപാതപരമായ നിലപാടിന്റെ തെളിവാണ്. പ്രതിപക്ഷ എം. എൽ.എ.മാർക്ക് സംരക്ഷണം കൊടുക്കാൻ ഈ നാട്ടിൽ സംവിധാനങ്ങളൊന്നുമില്ലേ? ഇക്കാര്യത്തിൽ വലിയ സങ്കടമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ആഭ്യന്തര മന്ത്രിയേയും ഈ സഭയേയും അറിയിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിച്ചത്. ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ. ....(ബഹളം).....

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ സംഭവമുണ്ടായത് ദൗർഭാഗ്യകരമാണ്. പക്ഷേ, സംഭവമെന്നത് ഉദ്ഘാടനസ്ഥലത്തെ സംബന്ധിച്ച ഒരു ഡിസ്പ്യൂട്ടാണ്. 11,78,000 രൂപ ബഹുമാനപ്പെട്ട കെ.വി. അബ്ദുൾ ഖാദർ എം.എൽ. എ.ഫണ്ടിൽ നിന്നും കൊടുത്തു. ആറു ലക്ഷത്തിന് തൊട്ടുതാഴെ മുനിസിപ്പാലിറ്റിയുടെ വകയായും കൊടുത്തു. അങ്ങനെ രണ്ടു കൂട്ടരും ചേർന്ന് ഒരു പ്രോജക്ടുണ്ടാക്കി. ആ പ്രോജക്ടിന്റെ ഉദ്ഘാടനസ്ഥലത്തെ സംബന്ധിച്ച് ഒരു ഡിസ്പ്യൂട്ട് വന്നു. പക്ഷേ, എങ്ങനെയായാലും അങ്ങനെയൊരു സംഭവം ഉണ്ടാകരുതായിരുന്നു. എനിക്ക് എഴുതിത്തന്ന ഒഫിഷ്യലായ രേഖയുണ്ട്. അതിന് മുമ്പ് ഒരു വാക്കുകൂടി ഞാൻ പറയട്ടെ. ഈ സംഭവമുണ്ടായപ്പോൾ പോലീസ് സ്റ്റേഷന്റെ പടിക്കൽ ശ്രീ. അബ്ദുൾ ഖാദർ എത്തിയെന്നുപറഞ്ഞ് ശ്രീ. ബാബു എം. പാലിശ്ശേരി, എം.എൽ.എ. എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തോട് സംസാരിച്ച അടുത്ത നിമിഷത്തിൽതന്നെ ബന്ധപ്പെട്ട പോലീസ്

ഓഫീസർമാരെ ഞാൻതന്നെ പേഴ്സണലായി ബന്ധപ്പെട്ടു. ഇമ്മീഡിയറ്റായി ഇഷ്യൂ സെറ്റിൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് അവരോട് പറഞ്ഞു. ശ്രീ. ബാബു എം. പാലിശ്ശേരി എന്നോട് ഈ ഡീറ്റെയിൽസ് പറയുന്നില്ല, അവിടെയുള്ള സമരത്തെക്കുറിച്ചാണ് പറഞ്ഞത്. ഇമ്മീഡിയറ്റായി അത് സെറ്റിൽ ചെയ്യണമെന്നു പറഞ്ഞു, ഞാൻ മനസ്സിലാക്കിയിടത്തോളം അത് ഇമ്മീഡിയറ്റായി സെറ്റിൽ ചെയ്യുന്നതിനുള്ള നടപടിയെടുത്തു, അത് സെറ്റിൽ ചെയ്യുകയും ചെയ്തു. രണ്ടാമത് ഞാൻ അതിനെ സംബന്ധിച്ച് ക്രോസ് ചെക്ക് ചെയ്തപ്പോൾ സമരം നിറുത്തിപ്പോയതായി മനസ്സിലാക്കി. ഇതാണ് ഇതിനെക്കുറിച്ചുള്ള ഒരു വശം. രേഖകൾ പ്രകാരം, 16/2/2013-ൽ ഗുരുവായൂർ എം.എൽ.എ. ശ്രീ. കെ.വി. അബ്ദുൾ ഖാദറും മുനിസിപ്പൽ വൈസ് ചെയർമാൻ ശ്രീ യതീന്ദ്രദാസും തമ്മിൽ ചില സംസാരങ്ങളുണ്ടായി. അത് ഉദ്ഘാടന സ്ഥലം മാറ്റിയതു സംബന്ധിച്ച തർക്കങ്ങളായിരുന്നു. അത് പ്രധാനപ്പെട്ടതാണ്. റോഡിന്റെ ഉദ്ഘാടനം നിശ്ചയിച്ചിരുന്ന സ്ഥലം മാറ്റിയതു സംബന്ധിച്ചാണ് സംസാരമുണ്ടായത്. ..... (ബഹളം).... ഞാൻ പറഞ്ഞല്ലോ, ഇത് ഒഫിഷ്യലായി എനിക്ക് കിട്ടിയിട്ടുള്ള രേഖയാണ്. അതല്ലേ എനിക്ക് പറയാൻ കഴിയൂ. ഈ സമയം എം.എൽ.എ.യോടൊപ്പം അമ്പതോളം പ്രവർത്തകരും ശ്രീ. യതീന്ദ്രദാസിനോടൊപ്പം നാല്പതോളം പ്രവർത്തകരുമുണ്ടായിരുന്നു. സമ്മേളനത്തിനിടെ പുന്ന നൗഷാദും മറ്റുള്ളവരും ചേർന്ന് എം. എൽ.എ.യെ തടഞ്ഞുനിറുത്തി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തുവെന്ന് ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം. എൽ.എ. പരാതിപ്പെട്ടതുപ്രകാരം ചാവക്കാട് പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാനിയമം 143, 147, 341, 352, 506 Part I, 149 എന്നീ വകുപ്പുകൾ പ്രകാരം

310/2013 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവത്തെ തുടർന്ന് എം.എൽ.എ. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, കെ.എച്ച്. സലാം, അലി, മണി തുടങ്ങിയ നൂറോളം സി.പി.ഐ.(എം) പ്രവർത്തകർ എം.എൽ.എ.യെ കോൺഗ്രസ് പ്രവർത്തകർ തടഞ്ഞുവച്ച് കയ്യേറ്റം ചെയ്യുവാൻ ശ്രമിച്ചുവെന്ന് പറഞ്ഞും പുന്ന നൗഷാദിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടും ചാവക്കാട് പോലീസ് സ്റ്റേഷന്റെ മുൻവശമെത്തി എം.എൽ.എ. സി.ഐ. ഓഫീസിനകത്തും പ്രവർത്തകർ റോഡിലും കുത്തിയിരുന്ന് സത്യാഗ്രഹം നടത്തി. തുടർന്ന് കുന്നംകുളം ഡി.വൈ.എസ്.പി. എം.എൽ.എ.യുമായി സംസാരിച്ച് നടപടിയെടുക്കാമെന്ന് ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് 1 മണിയോടുകൂടി എല്ലാ ആളുകളും പിരിഞ്ഞുപോയി, അങ്ങനെ സംസാരിച്ചത് ഞാൻ കൂടി ഇനിഷിയേറ്റീവ് എടുത്തിട്ടാണ്. പുന്ന നൗഷാദിനെ ഉച്ചയ്ക്കുതന്നെ പോലീസ് അറസ്റ്റ് ചെയ്ത് വൈകിട്ട് 6 മണിയോടെ ചാവക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി. സി.പി.ഐ.(എം) പ്രവർത്തകർ റോഡ് ഉപരോധം നടത്തിയതിന് ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 149, 283 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 311/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തെ തുടർന്ന് അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിയോടെ ചാവക്കാട് ടൗണിലെ റഹ്മാനിയ ഹോട്ടലിൽ വച്ച് യതീന്ദ്രദാസിനെയും മറ്റും ബിനു, ഷാനവാസ്, മുബാരക്ക് തുടങ്ങി ഒരു കൂട്ടം സി.പി.ഐ.(എം) പ്രവർത്തകർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു എന്ന പരാതിയെ തുടർന്ന് ചാവക്കാട് പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 148, 341, 323, 324, 452, 308, 506 Part I, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 313/2013 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ

കേസ്സിലെ നാലു പ്രതികളെ അറസ്റ്റ് ചെയ്തു. സി.പി.ഐ.(എം) പ്രവർത്തകർ യതീന്ദ്രദാസിനെയും മറ്റും പരിക്കേൽപ്പിച്ചതിൽ പ്രതിഷേധിച്ച് ചാവക്കാട് കുന്നംകുളം റോഡിൽ അമ്പതോളം പ്രവർത്തകർ ഉച്ചയ്ക്ക് 1 മണിയോടെ ചാവക്കാട് ടൗണിലെ കടകളടപ്പിച്ച് റോഡിൽ ഉപരോധം ഏർപ്പെടുത്തി. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം 143, 147, 283, 149 എന്നീ വകുപ്പുകൾ പ്രകാരം 312/2013 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ ചാവക്കാടും പരിസരവും വളരെ ശാന്തമായ സാഹചര്യത്തിലാണ്.

## പ്രവാസി മലയാളികളുടെ കണക്കെടുപ്പ്

ശ്രീ. ജോസഫ് വാഴക്കൻ: സർ, പ്രവാസികളായ കേരളീയരുടെ കണക്കെടുക്കുന്നത് സംബന്ധിച്ച് ഇന്നുവരെയും കാര്യമായ ഒരു ശ്രമം നടന്നിട്ടില്ലാത്ത സാഹചര്യത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പ്രവാസികളായ കേരളീയർ എത്രയാണെന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്കെടുപ്പു നടത്തുവാൻ ഇന്നുവരെയും നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ടി കാര്യമായ ശ്രമങ്ങളൊന്നും നടത്തുവാനും നമുക്ക് കഴിഞ്ഞിട്ടുമില്ല. ഇതുമൂലം പ്രവാസികളുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും ഫലപ്രദമായ പദ്ധതികൾ തയ്യാറാക്കാനോ പരിഹാരമുണ്ടാക്കാനോ കഴിയുന്നില്ല. ഇതിന് മുമ്പ് കണക്കെടുക്കാൻ ശ്രമിച്ച പലരും പാവം പ്രവാസികളുടെ കുടുംബാംഗങ്ങളെ ബുദ്ധിമുട്ടിക്കുകയും അവരിൽ സംശയമുണ്ടാക്കുകയും ചെയ്യുന്ന രീതിയിൽ അനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ എടുക്കുവാൻ ശ്രമിച്ചതിനെ തുടർന്ന് അത്തരം ശ്രമങ്ങൾ പലപ്പോഴും പരാജയപ്പെടുന്നതായാണ് നമുക്ക് കാണാൻ കഴിഞ്ഞത്. എന്നാൽ ഇത് വളരെ എളുപ്പത്തിൽ ചെയ്യാൻ കഴിയാവുന്ന ഒരു കാര്യമാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി

ചേർന്ന് വാർഡ് മെമ്പർമാരുടെ സഹായത്തോടെ കുടുംബശ്രീ അംഗങ്ങളെ കൂടി ഉപയോഗിച്ചുകൊണ്ട് പത്തു ദിവസം കൊണ്ട് ഈ കണക്കെടുപ്പ് നടത്താൻ കഴിയും. പക്ഷേ, അതിനുവേണ്ടി ഹാജരാക്കുന്ന ചോദ്യാവലിയിൽ കുറച്ചു കാര്യങ്ങൾ മാത്രം ചേർത്താൽ മതി. പേര്, അഡ്രസ്, സ്ത്രീയോ പുരുഷനോ, പ്രായം, ജോലി ചെയ്യുന്ന രാജ്യം - ഇത്രയുമൊക്കെ കാര്യങ്ങൾ ശേഖരിച്ചാൽ കുടുംബാംഗങ്ങളിൽ നിന്ന് കൃത്യമായ വിവരം ലഭിക്കും. വളരെ വേഗം കണക്കെടുപ്പ് നടക്കും. പ്രവാസികളുമായി ബന്ധപ്പെട്ട അനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ അടിസ്ഥാനരേഖ നമുക്ക് ലഭിക്കുകയും ചെയ്യും. ഇത് വളരെ അത്യാവശ്യമായി ചെയ്യേണ്ടതാണ്. അതിനായി നോർക്ക വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് ഒരു സമഗ്ര പരിപാടിക്ക് രൂപം നൽകുമോ എന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ ഉന്നയിച്ചത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. പ്രവാസികളുടെ എണ്ണം സംബന്ധിച്ചും അവരുടെ സാമൂഹിക സാമ്പത്തിക നിലവാരം സംബന്ധിച്ചും വ്യക്തമായ ഒരു രേഖ ഇന്ന് ലഭ്യമല്ല. കേരളത്തിൽനിന്ന് എത്ര ആളുകൾ ഗൾഫിൽ ഉണ്ടെന്ന് ചോദിച്ചാൽ ചിലർ 30 ലക്ഷമെന്നും ചിലർ 35 ലക്ഷമെന്നും പറയും. എല്ലാ കാര്യത്തിനും പൊതുവായ കണക്കല്ലാതെ വ്യക്തമായ ധാരണ ഇതിലുണ്ടാക്കാൻ സാധിച്ചിട്ടില്ല. കാരണം പ്രവാസികളുടെ കണക്ക് ഒരു സർവ്വേയിലും ഉൾപ്പെട്ടിട്ടില്ല. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസും നോർക്കയുമായി സഹകരിച്ചുകൊണ്ട് ഒരു പഠനം നടത്തുകയും കേരള മൈഗ്രേഷൻ സർവ്വേ, 2008 എന്ന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പ്രവാസികളുടെ സാമൂഹിക പശ്ചാത്തലം

സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. 2009 മുതൽ 2011 വരെയുള്ള വിവരങ്ങൾ ശേഖരിച്ച് ഈ രേഖ വീണ്ടും നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിമ്പിൾ സർവ്വേ മെത്തേഡ് പ്രകാരമാണ് ഈ സർവ്വെ നടത്തിയിട്ടുള്ളത്. അതു കൊണ്ടു മാത്രം നമുക്ക് തൃപ്തികരമല്ല. കാരണം വിദേശരാജ്യങ്ങളിലെ പ്രവാസികളുടെ എണ്ണം സംബന്ധിച്ച് വ്യക്തമായ കണക്കുണ്ടാകണം. ആധാർ കാർഡിൽപോലും ഇപ്പോൾ പ്രവാസികളെ ഉൾപ്പെടുത്തിയിട്ടില്ല. ആധാർ കാർഡിൽ പ്രവാസികളെ ഉൾപ്പെടുത്താനുള്ള നിവേദനം ബഹുമാന്യനായ മുഖ്യമന്ത്രി കൊടുക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റ് ഇപ്പോൾ അറിയിച്ചിരിക്കുന്നത് ഇൻഡ്യയ്ക്കകത്തുള്ള ജനസംഖ്യയുടെ ആധാർ കാർഡിന്റെ സർവ്വേ പൂർത്തിയായശേഷം പ്രവാസികളുടെ പഠനം നടത്താമെന്നാണ്. ആധാർ കാർഡ് വരുമ്പോൾ തീച്ചയായും ഈ വിവരം നമുക്ക് ലഭ്യമാകും. പക്ഷേ, അതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ല. പഞ്ചായത്തു വകുപ്പുമന്ത്രിയുമായി ആലോചിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസികളുടെ വിവരം ശേഖരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനകത്തുള്ള ഒരു പ്രധാനപ്പെട്ട വിഷയമെന്നുള്ളത് പ്രവാസികളുമായി ബന്ധപ്പെട്ട സർവ്വേക്ക് പോകുമ്പോൾ ഇവർ ബി.പി.എൽ. കാർഡിൽ ഉൾപ്പെടേണ്ട സാധാരണ ആൾക്കാരാണ്. അവർ ഗൾഫിലെ കൂലിപ്പണിക്കാരാണെങ്കിലും ഗൾഫുകാരാണെന്നു പറഞ്ഞ് അവരെ എ.പി.എൽ.ലേക്ക് ആക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അവർ ശരിക്കുള്ള വിവരം നൽകാൻ മടികാണിക്കുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പ്രാഥമികമായ വിവരങ്ങൾ സംബന്ധിച്ച് എല്ലാ പഞ്ചായത്ത് വാർഡുകളിലും പഞ്ചായത്തും പഞ്ചായത്തു വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് നോർക്കയുമായി സഹകരിച്ചുകൊണ്ടുള്ള ഒരു സമഗ്ര

മായ നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് വളരെ വൈകാതെ തീരുമാനം എടുക്കുന്നതായിരിക്കും.

## കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, 1956-ൽ രൂപീകരിച്ച സംസ്ഥാന കൃഷി വകുപ്പിൽ ഇതുവരെ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടില്ല. ഏതാണ്ട് 3,000-ൽ പരം പേർ കൃഷി അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നു. ഇവർ 25 -30 വർഷം സേവനം ചെയ്താലും പ്രൊമോഷൻ ലഭിക്കാതെ സർവ്വീസിൽ നിന്ന് വിരമിക്കേണ്ട അവസ്ഥയാണുള്ളത്. ഈ സ്ഥിതി മറ്റ് ഡിപ്പാർട്ടുമെന്റുക ളിലൊന്നുമില്ല. കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാന മായി പ്രസിദ്ധീകരിച്ചത് 2000-ലാണ്. പിന്നീട് ഇതുവരെ ഈ ലിസ്റ്റ് പുതുക്കി യിട്ടില്ല. 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്ന പല ആനുകൂല്യ ങ്ങളും ഇനി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഗ്രേഡ്-2, ഗ്രേഡ്-1, സീനിയർ ഗ്രേഡ് അനുപാതം 2:2:1 എന്നാക്കുന്നതിനും സീനിയർ ഗ്രേഡ് വിഭാഗക്കാരെ അസി സ്റ്റന്റ് അഗ്രിക്കൾച്ചറൽ ഓഫീസറെന്ന് നാമകരണം ചെയ്യണമെന്ന നിർദ്ദേ ശവും ചുവപ്പുനാടയിലാണുള്ളത്. മുമ്പ് സീനിയർ ഗ്രേഡായിരുന്ന ആളുകളെ ഓഫീസർമാരായി പ്രൊമോട്ട് ചെയ്തിരുന്നുവെങ്കിലും പിന്നീട് ഈ തീരു മാനം നടപ്പിലാക്കിയില്ല എന്നാണ് അറിയുന്നത്. ജീവനക്കാരോട് വളരെ അനുകമ്പ കാണിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുള്ള ഈ സർക്കാർ ഇക്കാര്യത്തിലും അനുകൂലമായ ഒരു നിലപാട് സ്വീകരിച്ച് കാർഷിക രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ശ്രദ്ധിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളൊക്കെതന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൃഷിവകുപ്പിൽ ആകെ 3085 കൃഷി അസിസ്റ്റന്റുമാരുടെ അംഗീകൃത തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ഏറ്റവും സീനിയറായ 47 കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഫീൽഡ് ഓഫീസർ എന്ന ഗസറ്റഡ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കഴിഞ്ഞു. ഇതുകൂടാതെ കൃഷി അസിസ്റ്റന്റുമാർക്ക് 5:3:2 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷനും അനുവദിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള കൃഷി അസിസ്റ്റന്റുമാരുടെ ഗ്രേഡും എണ്ണവും താഴെ ചേർക്കുന്നു. 2-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റ് -1543, 1-ാം ഗ്രേഡ് കൃഷി അസിസ്റ്റന്റ് - 925, സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് -617. കൂടാതെ ആകെയുള്ള 1093 കൃഷി ഓഫീസർ തസ്തികകളുടെ 15% കൃഷി അസിസ്റ്റന്റുമാരിൽ നിന്നും സഥാനക്കയറ്റം നൽകിയാണ് നിയമിക്കുന്നത്. ഇതിൽ 13% പത്തുവർഷത്തെ സേവനവും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അർഹതാ നിർണ്ണയപരീക്ഷ പാസ്സായ കൃഷി അസിസ്റ്റന്റുമാർക്കും 2% മൂന്നു വർഷം സർവ്വീസിലുള്ള കൃഷി ശാസ്ത്രത്തിൽ ബിരുദമുള്ള കൃഷി അസിസ്റ്റന്റുമാർക്കും വിഭജിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം കൃഷി അസിസ്റ്റന്റുമാർക്ക് അർഹമായ പ്രൊമോഷനുകൾ സമയാസമയം നൽകുകയും ചെയ്യുന്നുണ്ട്.

**പറമ്പിക്കുളത്തേയ്ക്ക് നേരിട്ട് റോഡ്**

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് എനിക്ക് ഉന്നയിക്കുവാനുള്ളത്. പറമ്പിക്കുളത്തേയ്ക്ക് പോകാൻ ഇപ്പോൾ നിലവിൽ കേരളത്തിൽനിന്ന് നേരിട്ട് റോഡില്ല. തമിഴ്നാട്ടിലെ ആനമല-സേയ്ത്തുമട വഴിയാണ് പറമ്പിക്കുളത്തേയ്ക്ക് പോകുന്നത്. ഇത് ആ പ്രദേശ

ത്തുള്ള ആൾക്കാർക്കും പുറത്തുനിന്ന് പറമ്പിക്കുളത്തേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്ന മലയാളികൾക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വൈൽഡ് ലൈഫ് സാങ്ച്വറിക്കകത്ത് ടൂറിസം അനുവദിക്കാൻ പാടില്ല എന്നൊരു നിർദ്ദേശം സുപ്രീംകോടതിയിൽ നിന്ന് ഈ അടുത്ത കാലത്ത് വരികയുണ്ടായി. യഥാർത്ഥത്തിൽ കേരളത്തിലെ വനമേഖലയിൽ സാങ്ച്വറി യ്ക്കകത്തു നിയമാനുസൃതമായാണ് ഈ നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നത്. പക്ഷേ, തമിഴ്നാട്ടിലൂടെയാണ് കേരളത്തിലെ ഈ സാങ്ച്വറിക്കകത്ത് പോകേണ്ടത് എന്നുള്ളതുകൊണ്ട് തമിഴ്നാട് ചെയ്ത ഒരു കുഴപ്പത്തിന്റെ ഭാഗമായി കേരളത്തിലെ ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന സ്ഥിതിവിശേഷ മുണ്ടായി. അതുപോലെ കേരളവും തമിഴ്നാടുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ ഒരു പ്രശ്നമുണ്ടായാൽ തികച്ചും വൈകാരികമായിട്ടുള്ള നില പാടാണ് തമിഴ്നാട്ടിലെ ആൾക്കാർ സ്വീരിക്കുന്നത്. അപ്പോൾ നമുക്ക് പറമ്പി ക്കുളത്തേയ്ക്ക് പോകുവാൻ സാധിക്കില്ല. അതുകൊണ്ട് കേരളത്തിൽനിന്ന് നേരിട്ട് പറമ്പിക്കുളത്തേക്ക് പോകുന്നതിനുവേണ്ടിയൊരു ഗാട്ട് റോഡ്, കാട്ടിലൂടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഉപയോഗിക്കാൻ കഴിയുന്ന റോഡെങ്കിലും ഉണ്ടാക്കിയാൽ ഇത്തരം പ്രതിസന്ധി ഘട്ടത്തിൽ അത് ഉപയോ ഗിക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി വളരെ താല്പര്യത്തോടുകൂടിയാണ് ഈ കാര്യത്തെ കണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറമ്പിക്കുളത്ത് ഒരു പോലീസ് സ്റ്റേഷൻ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ വന്നപ്പോൾ മുഖ്യ മന്ത്രി എന്തിനാണ് പറമ്പിക്കുളത്തേക്ക് പോകുന്നതെന്ന് ചോദിച്ച് മുഖ്യമന്ത്രി ക്കെതിരെ കരിങ്കൊടി കാണിച്ചു. തമിഴ്നാട്ടിൽ വളന്തായിവനം എന്ന സ്ഥലത്ത് കേരളത്തിലെ മുഖ്യമന്ത്രി പോകുമ്പോൾ അതിനെതിരെ കരിങ്കൊടി കാണിച്ചത് എന്തിനാണെന്ന് അന്വേഷിച്ചപ്പോൾ മുഖ്യമന്ത്രി അവിടെ

പോകുന്നത് പറമ്പിക്കുളത്തെ വെള്ളം തമിഴ്നാട്ടിലെ ആളുകൾക്ക് ഇനി കൊടുക്കാതിരിക്കാൻവേണ്ടിയിട്ടാണെന്നു പറഞ്ഞ് പ്രചരിപ്പിച്ചിട്ടാണ് പ്രകടനം നടത്തിയത്. അപ്പോൾ അത്തരമൊരു സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ സ്വാഭാവികമായും കേരളത്തിനകത്ത് നിന്നൊരു റോഡുണ്ടാക്കുന്നതിനാവശ്യ മായിട്ടുള്ള നടപടി സ്വീകരക്കണമെന്നതാണ് എന്റെ ആവശ്യം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പറമ്പിക്കുളത്ത് താമസിക്കുന്ന ആദിവാസി വിഭാഗങ്ങളടക്കമുള്ള ജനവിഭാഗ ങ്ങൾക്കു മാത്രമല്ല ടൂറിസ്റ്റുകൾക്കും വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കും ചില സമയങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് ഇത്തരം ബുദ്ധിമുട്ടുകൾ, മുഖ്യമ ന്ത്രിക്ക് നേരിട്ടുവെന്ന് പറയുന്നതുപോലുള്ള ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീകോടതിയുടെ വിധി വന്നപ്പോഴും നമുക്ക് ആനമല സാങ്ച്വറി വഴിയുള്ള യാത്ര തടസ്സപ്പെട്ടിരുന്നു. ഒരു സമാന്തര പാതയെ ക്കുറിച്ച് വളരെ വർഷങ്ങളായി ചർച്ച ചെയ്യുന്നുണ്ടെങ്കിലും കൊല്ലങ്കോട് റെയ്ഞ്ചിലെ ചെമ്മണാമ്പതി-തേക്കടി പാതവഴിയാണ് പോകേണ്ടത്. ഈ ഭാഗം ചെങ്കുത്തായ പാറക്കെട്ടുകൾ നിറഞ്ഞതാണ്. ആ റോഡ് ശരിയാക്കണ മെങ്കിൽ ഒരുപാട് പാറ സ്ഫോടനം നടത്തേണ്ടിവരും. അതുകൂടാതെ മേൽപ്പടി നടപ്പാത ചെമ്മണാമ്പതി-തേക്കടി റോഡല്ല. അവിടെ റോഡില്ല. തേക്കടി-തിരുവാരിക്കുളം വനറോഡ് 17.6 കിലോ മീറ്ററും പറമ്പിക്കുളത്ത് ഒരു ടാർ റോഡ് 13.7 കിലോമീറ്ററും ചെയ്യാനുണ്ട്. ഇങ്ങനെ പല നിർദ്ദേശങ്ങളും നിലവിലുണ്ട്. ഇതിനെല്ലാം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുവാദം വേണ്ടി വരും. അതുകൂടാതെ നെല്ലിയാമ്പതി റെയ്ഞ്ചിലെ നെല്ലിയാമ്പതി മുതൽ

പറമ്പിക്കുളം വരെ 19.6 കി.മീറ്റർ റോഡ് ഗാട്ട് റോഡാണ്. അത് നടപ്പാത എന്നുള്ള നിലയ്ക്കാണ് കൺസിഡർ ചെയ്യുന്നത്. അതും ഡെവലപ് ചെയ്യാനുള്ള സജഷനുണ്ട്. ഏതായാലും ഇക്കാര്യത്തിൽ ഒരു പഠനം വനം വകുപ്പ് .നടത്തും. വളരെ സെൻസിറ്റീവായിട്ടുള്ള ചെറിയ ചെറിയ വിഷയങ്ങൾ ഉണ്ടാകുമ്പോൾ തമിഴ്നാട്ടിലൂടെയുള്ള യാത്ര നമുക്ക് അസൗക ര്യങ്ങൾ സൃഷ്ടിക്കും. പറമ്പിക്കുളത്തെ ജനങ്ങൾ ഒറ്റപ്പെട്ടുപോകുകയും അവിടെ ടൂറിസ്റ്റുകൾക്ക് എത്തിച്ചേരാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു. ഉദ്യോഗസ്ഥന്മാർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കേന്ദ്ര പരി സ്ഥിതി വകുപ്പിന്റെ അനുവാദം വാങ്ങാനുള്ള ശ്രമങ്ങളൊക്കെ നടത്തേണ്ടതുണ്ട്. ഏതായാലും ആദ്യം വനംവകുപ്പ് ഇതിന്റെ സാധ്യതകളെ ക്കുറിച്ചൊരു പഠനം നടത്തുന്നതാണ്.

## <u>ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, തൊഴിൽ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഡൊമസ്റ്റിക് മൈഗ്രന്റ് ലേബേഴ്സിനെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റി റ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നമ്മുടെ സംസ്ഥാനത്തെ ഈ മേഖലയെക്കുറിച്ച് റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്. 43 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള ഈ സംസ്ഥാനത്ത് 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുക യാണ്. ഏകദേശം 17500 കോടിരൂപ പ്രതിവർഷം നാട്ടിലേയ്ക്ക് അയ യ്ക്കുന്നു.. പ്രധാനമായും ഉത്തർ പ്രദേശ്, വെസ്റ്റ് ബംഗാൾ, ബീഹാർ,

ആസാം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്. അതിൽ ഏറ്റവും കൂടുതൽ വെസ്റ്റ് ബംഗാളിൽനിന്നുമാണ്. 60 ശതമാനംപേരും കൺസ്ട്രക്ഷൻ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അവർക്ക് ആഴ്ചയിൽ 6 ദിവസം ജോലി ലഭിക്കുന്നു. എന്നുമാത്രമല്ല 75 ശതമാനംപേർക്കും 300 രൂപയ്ക്കും 400 രൂപയ്ക്കുമിടയിൽ വേതനവും ലഭിക്കുന്നുണ്ട്. അങ്ങനെ ഒരാൾ പ്രതിവർഷം 70000 രൂപ അവരുടെ നാട്ടിലേയ്ക്ക് അയയ്ക്കുന്നുണ്ട്. ഏതാണ്ട് 60 ശതമാനംപേർക്കും സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉണ്ട്. ഇവരെ സംബന്ധിച്ച് മറ്റു ചില പഠനങ്ങളും നടത്തി. വലിയ ചൂഷണമാണ് ഈ രംഗത്ത് നടക്കുന്നത്. മതിയായ ഷെൽട്ടറില്ല. ആറും ഏഴുംപേർ ചെറിയ ഒരു മുറിയിലാണ് താമസിക്കുന്നത്. അമ്പതോളം ആളുകളുള്ള സ്ഥലങ്ങളിൽപോലും ഒരു കോമൺ ടോയ്ലെറ്റ് മാത്രമാണുള്ളത്. യാതൊരുതരത്തിലുള്ള ലേബർ നിയമങ്ങളും അവർക്ക് ബാധകമാക്കുന്ന സംവിധാനങ്ങളില്ല. കൊടിയ ചൂഷണം ആ രംഗത്ത് നടക്കുകയാണ്. അതിനെ സംബന്ധിച്ചുള്ള ഒരു പഠനം നടത്താനും അതൊടൊപ്പംതന്നെ നമ്മുടെ തൊഴിൽ രംഗത്തെക്കുറിച്ച് കണ്ണ് തുറക്കാനുള്ള ഒരു സാഹചര്യവും ഉണ്ടാകുകയാണ്. ഇവിടെ നമ്മുടെ നാട്ടിലെ ആളുകളെ കേന്ദ്രീകൃത വർക്ക് ഫോഴ്സാക്കിമാറ്റി ഈ രംഗത്ത് കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. ഇന്ത്യ ഒരു രാജ്യമെന്ന നിലയിൽ കണക്കാക്കിക്കൊണ്ട് അന്യ സംസ്ഥാന തൊഴിലാളികളെ ഇവിടെനിന്ന് ആട്ടിപ്പായിക്കേണ്ട കാര്യമില്ല. കാരണം നമ്മുടെ മലയാളികൾ വിദേശത്തുപോയി കഷ്ടപ്പെടുന്നതിനെക്കുറിച്ച് ആകുലപ്പെടുന്ന സമയത്ത് 'ബെന്യാമിന്റെ ആടുജീവിതം' പോലെയുള്ള നോവലുകളിൽ നമ്മൾ വായിച്ചിട്ടുണ്ട്. അതിനേക്കാൾ നരകയാതനയാണ്

ഈ അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ നാട്ടിൽ വന്ന് അനുഭവിക്കുന്നത്. അതുകൊണ്ട് അവരുടെ സാമൂഹികാവസ്ഥയെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് കൊണ്ടുവന്നിരിക്കുന്ന ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഒരു രജിസ്ട്രേഷന്റെ ആവശ്യമുണ്ട്. അതുപോലെ മാന്യമായ ഷെൽട്ടറും രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥകൾക്കനുസരിച്ചുള്ള തൊഴിൽ നിയമങ്ങളും അവർക്ക് ബാധകമാക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുന്നതിനും, ചില മേഖലകളിലെങ്കിലും മലയാളികളെ കൊണ്ടുവരാതിരിക്കുന്നതിനുള്ള ഏജൻസി വർക്കും ഇതിനകത്ത് നടക്കുന്നുണ്ട്. അതുകൂടി പരിഗണിക്കുന്ന സംവിധാനം വേണം. പ്രത്യേകിച്ച് തൊഴിൽ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം ഇത്രയും കാലമായി ഈ മേഖലയെക്കുറിച്ച് സമഗ്രമായ ഒരു പഠനം ഉണ്ടായിരുന്നില്ല. ആ പഠനം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ മേഖലയും സർവ്വതല സ്പർശിയായി പഠിച്ച് ഒരു റിപ്പോർട്ട് കൊണ്ടുവന്നതിനെ അഭിനന്ദിക്കുകകൂടി ചെയ്യുന്നു.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇത് ഏറ്റവും ഗൗരവത്തോടുകൂടി ഈ സഭയും സമൂഹവും ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. പലപ്പോഴും 10 മുതൽ 12 ലക്ഷത്തോളംവരുന്ന ആൾക്കാരാണ് കേരളത്തിലുള്ളത് എന്ന് നമ്മൾ പൊതുവെ കണക്ക് പറഞ്ഞുവെങ്കിലും ഇപ്പോൾ കുറഞ്ഞത് 25 ലക്ഷംപേർ ഉണ്ടെന്നാണ് സർവെ വെളുപ്പെടുത്തിയിരിക്കുന്നത്. ആ കണക്ക് ശരിയാണോ എന്ന് വീണ്ടും ക്രോസ് ചെക്ക്

ചെയ്യാനാവശ്യപ്പെട്ടു. അവർ ആധികാരികമായിത്തന്നെ പറയുന്നു 25 ലക്ഷത്തിൽ കൂടുന്നതല്ലാതെ കുറയില്ലയെന്ന്. എണ്ണമല്ല ഇവിടെ പ്രശ്നം. കേരളത്തിനുള്ളിൽ വസിക്കുന്ന ജനസംഖ്യയുടെ 10 ശതമാനത്തോളം അന്യസംസ്ഥാന തൊഴിലാളികളാണ്. ഇവരെക്കുറിച്ച് നമുക്ക് ഒന്നുമറിയില്ല. ഇവർക്കുവേണ്ടി ഒരു കരുതൽ സമൂഹത്തിനില്ല. ഈ പശ്ചാത്തലത്തിൽ നിലവിൽ പ്രശ്നങ്ങളില്ലെങ്കിൽപ്പോലും കേരളത്തിന്റെ സോഷ്യൽ ഫാബ്രിക്കിൽ വലിയ ഇംപ്ലിക്കേഷനുണ്ടാക്കുന്ന ഒരു കാര്യമാണിത്. ഒരു സബ്മിഷന് മറുപടിയായി ചർച്ച ചെയ്യേണ്ട വിഷയമല്ല എന്നെനിക്കറിയാം. വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ഇവിടെ പ്രധാനമായും സർവെയിൽ വന്നിട്ടുള്ളത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ വില നമ്മൾ കൊടുക്കുകയാണ്. കോസ്റ്റ് ഓഫ് എഡ്യൂക്കേഷൻ എന്നതിലേയ്ക്ക്, നമ്മുടെ ഇവിടെ തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾത്തന്നെ ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടായിട്ടും ആ തൊഴിൽ ചെയ്യാൻ മലയാളി തയ്യാറല്ലാത്ത പശ്ചാത്തലത്തിലാണ് ഇവർ കേരളത്തിലേയ്ക്ക് വരുന്നത്. അവരെ സംബന്ധിച്ചിടത്തോളം കേരളം അവർക്ക് ഗൾഫാണ്. ആ നിലയിൽ അവരെ ഏറ്റവുംകൂടുതൽ കേരളത്തിലേയ്ക്ക് ആകർഷിച്ച ഘടകം ഇവിടുത്തെ ഉയർന്ന കൂലി മാത്രമല്ല, എല്ലാ ശനിയാഴ്ചയും കൃത്യമായി കൂലി ലഭിക്കുന്നു എന്നുള്ളതുകൂടിയാണ്. പക്ഷെ ഇതിന്റെ പ്രധാനപ്പെട്ട മറ്റൊരു വശമുണ്ട്. ഇവർക്കിപ്പോൾ മൈഗ്രേറ്റഡ് നേച്ചറാണ്. മൂന്നുനാല് മാസം ഒരു പ്രദേശത്ത് ജോലി ചെയ്തതിനുശേഷം അടുത്ത പ്രദേശത്തേയ്ക്ക് പോകും. നമ്മളെക്കാൾ നല്ല രീതിയിൽ കേരളത്തിനെക്കുറിച്ചും എവിടെയാണ് തൊഴിലുള്ളതെന്നും അവർക്കറിയാം. വർഷത്തിലൊരിക്കൽ അവർ തിരിച്ച് അവരുടെ നാട്ടിലേയ്ക്ക് പോകുന്നു, അവ

രുടെ വരുമാനം മുഴുവനും നാട്ടിലേയ്ക്ക് അയയ്ക്കുന്നു. 60 ശതമാനം അല്ല കേരളത്തിൽനിന്ന് ബാങ്ക് വഴിയാണ് 90 ശതമാനം ട്രാൻസാക്ഷനും നടന്നു കൊണ്ടിരിക്കുന്നത്. ഇപ്പോൾ പ്രശ്നമില്ല. ഭാവിയിൽ കേരളത്തിലെ വരുമാനം കണ്ടുകൊണ്ട് ഇവിടെ ഭൂമി വാങ്ങാൻ തയ്യാറാകുന്ന പശ്ചാത്തലം വന്നാൽ കേരളത്തിന്റെ സ്ഥിതി എന്താകും? കേരളത്തിലെ ഭൂമിയുടെ വില വച്ച് ഇപ്പോൾ വാങ്ങാൻ കഴിയില്ല. ഭാവിയിൽ അതിന് തയ്യാറായാൽ നമുക്ക് എങ്ങനെ തടയാൻ കഴിയും? ഇതിനെക്കാൾ കൂടുതൽ മലയാളികൾ ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ജോലി ചെയ്യുമ്പോൾ ഇവരെ നമുക്ക് ഏതെങ്കിലും രീതിയിൽ തടയാൻ കഴിയുമോ? അന്യസംസ്ഥാന തൊഴിലാളികൾ കേരളീയ സമൂഹത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അവരുടെ സംരക്ഷണം നമ്മൾ ഉറപ്പുവരുത്തണം. ഏറ്റവും പ്രധാന ചൂഷണം നടക്കുന്നത് അവരുടെ താമസ സൗകര്യങ്ങളുടെ കാര്യത്തിലാണ്. താമസ സൗകര്യങ്ങൾ അതിദയനീയമാണ്. പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതുപോലും പൊതുസ്ഥലങ്ങളിലാണ് എന്നുള്ള പരാമർശം വന്നിട്ടുണ്ട്. ഈ റിപ്പോർട്ടിൽ സൂചിപ്പിക്കാൻ സാധിക്കാത്ത ചില കാര്യങ്ങളും വന്നിട്ടുണ്ട്. ഹെൽത്ത് പ്രോബ്ലം, ചിലരൊക്കെ എയ്ഡ്സ് ക്യാരിയേഴ്സായിട്ടുള്ള കാര്യമൊക്കെ സൂചിപ്പിച്ചിട്ടുണ്ട്. ഇവരുടെ അക്കൊമ്മഡേഷൻ, മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ പോകുമ്പോൾ താമസ സൗകര്യത്തിനെക്കുറിച്ച് നമ്മൾ പരാതിപ്പെടുന്നതുപോലെ ഇവരുടെ താമസസൗകര്യത്തെക്കുറിച്ച് ഇനിയുമെങ്കിലും ആലോചിച്ചില്ലെങ്കിൽ ഗൗരവമേറിയ പ്രശ്നങ്ങൾ കേരളത്തിലുണ്ടാകും, പ്രത്യേകിച്ച് ഹെൽത്ത് കെയറിൽ. ഞാൻ ദീർഘിപ്പിക്കുന്നില്ല. സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സ് എന്നുള്ള നിലയിൽ ഒരു നിയമനിർമ്മാണത്തെക്കുറിച്ച്

ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുംകൂടി ചർച്ച ചെയ്ത് ഇതിനൊരു പോളിസി, അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് ഒരു പോളിസി നമുക്കുണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റ് മുൻകയ്യെടുക്കും. ഈയൊരു റിപ്പോർട്ട് വന്നിട്ട് മാധ്യമങ്ങള ടക്കം പലരും അതിന് ഗൗരവത്തിൽ ഉൾക്കൊണ്ടിട്ടില്ല. ഇങ്ങനെയൊരു സബ്മിഷൻ കൊണ്ടുവന്നതിന് ശ്രീ. പി.സി. വിഷ്ണുനാഥിനെ ഞാൻ അഭിനന്ദിക്കുന്നു.

## റബ്ബർ എസ്റ്റേറ്റിലെ റീപ്ലാന്റ്

ശ്രീ. പി.സി. ജോർജ്: സർ, മുണ്ടക്കയം കേന്ദ്രമായി രജിസ്റ്റർ ചെയ്ത് പണിചെയ്തുകൊണ്ടിരിക്കുന്ന കോട്ടയം ഇടുക്കി ജില്ലകളിലെ ഐ.എൻ..റ്റി. യു.സി, സി.ഐ.റ്റി.യു, യു.റ്റി.യു.സി, എ.ഐ.റ്റി.യു.സി, കെ.റ്റി.യു.സി ഉൾപ്പെ ടെയുള്ള തൊഴിലാളികൾക്ക് കുറെക്കാലമായി പണിയില്ലാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. അതിനുകാരണം മുണ്ടക്കയം എച്ച്.എം.എൽ കമ്പനി യുടെ റബ്ബർ എസ്റ്റേറ്റിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നില്ല എന്നതാണ് 60000-ഓളം മരങ്ങൾ രണ്ട് ജില്ലകളിലായി വെട്ടിമാറ്റാനുണ്ട്. കട്ടിംഗ് തൊഴി ലാളികൾക്ക് പണിയില്ലാതായി. അതോടൊപ്പം റീപ്ലാന്റ് ചെയ്യേണ്ട തോട്ടങ്ങളാ ണിത്. സ്ലോട്ടർ ടാപ്പിംഗ് കഴിഞ്ഞ മരങ്ങൾ വെട്ടി മാറ്റി റീപ്ലാന്റ് ചെയ്യാത്തതു കൊണ്ട് ആ തോട്ടത്തിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന സ്ഥിരം തൊഴിലാ ളികൾക്കുപോലും തൊഴിലില്ലാത്ത സാഹചര്യമുണ്ടാകാൻ പോകുകയാണ്.

തൊഴിലാളി യൂണിയന്റെ നേതാക്കന്മാർ വേദനയോടുകൂടി വന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻതന്നെ ഇതിന്റെ മാനേജുമെന്റുമായി സംസാരിച്ചപ്പോൾ മരം മുറിച്ചു മാറ്റുന്നതിനുള്ള സീനറേജ് കേരള സർക്കാർ വർദ്ധിപ്പിച്ചിരിക്കുകയാണെന്നാണ് അറിയാൻ സാധിച്ചത്. കഴിഞ്ഞവർഷംവരെ 900 രൂപയായിരുന്നത് ഇക്കൊല്ലം 2700 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു മരം വെട്ടി വിറ്റാൽ 1600 രൂപ കിട്ടുമ്പോൾ ഗവൺമെന്റിൽ 2700 രൂപ കെട്ടിവച്ച് മരം മുറിക്കാൻ വേണ്ടിമാത്രമുള്ള വിവരക്കേട് എസ്റ്റേറ്റുമാനേജുമെന്റിന് ഉണ്ടാകുമോ; എച്ച്.എം.എൽ മാനേജുമെന്റ് എരുമേലി, മുണ്ടക്കയം പഞ്ചായത്തുകളിൽ വിറ്റ തോട്ടങ്ങളുണ്ട് ഈ വിറ്റ തോട്ടങ്ങളിൽ മരം മുറിച്ചു മാറ്റുന്നതിന് ഒരു സീനറേജുമില്ല. ഈ മാനേജുമെന്റിനുമാത്രം എങ്ങനെ സീനറേജ് വരും? ഗവൺമെന്റ് അല്ലെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സീനറേജ് വയ്ക്കും. ഞാൻ അതിലൊന്നും ഇടപെടുന്നില്ല. പക്ഷെ ഒരു മരം വെട്ടി വിറ്റാൽ കിട്ടുന്നതിന്റെ ഇരട്ടിത്തുക സീനറേജിട്ടാൽ എങ്ങനെ മരം വെട്ടിമാറ്റും. ഈ മാനേജ്മെന്റ് തന്നെ വിറ്റ തോട്ടങ്ങളുണ്ട്. തിരുവല്ല കേന്ദ്രമാക്കിയുള്ള ഒരു വലിയ മെത്രാനച്ചൻ......... അദ്ദേഹം മെത്രാനാണെന്ന് പറയുന്നു, ഞാനദ്ദേഹത്തെ മെത്രാനായി കാണുന്നില്ല. അതുപോലെ കോഴിക്കോട് കേന്ദ്രമായി 1600 ഏക്കർ ഒരു കമ്പനി വാങ്ങിയിട്ടുണ്ട്. ഈ രണ്ട് തോട്ടത്തിലും ............മനസ്സാക്ഷിയോടെ കാര്യം പറയുമ്പോൾ ഇങ്ങനെ ശല്യം ചെയ്യരുത്. ഈ രണ്ട് തോട്ടങ്ങളിലും സീനറേജില്ല. അപ്പോൾ എച്ച്.എം. എൽ-ന്റെ മാനേജുമെന്റിനുമാത്രം എങ്ങനെ സീനറേജ് വരും. ഈ തർക്കത്തിന്റെ പേരിൽ രണ്ടുവിഭാഗം തൊഴിലാളികളുടെയും കഞ്ഞികുടി മുട്ടുകയാണ്. ഞാൻ സബ്മിഷന്റെ മൂന്ന് കോപ്പികൾ കൊടുത്തിരുന്നു. ബഹു. മുഖ്യമ

ന്ത്രിക്കും തൊഴിൽ വകുപ്പുമന്ത്രിക്കും വനം വകുപ്പുമന്ത്രിക്കും സബ്മിഷൻ നൽകിയിട്ടുണ്ട്. ആരാണെങ്കിലും ഇതിന് ഒരു തീരുമാനമുണ്ടാകണമല്ലോ. ആരാണെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കണം. ഇതിനൊരു തീരുമാനമുണ്ടാകണം. കോട്ടയം ജില്ലയിലെമാത്രം കണക്കെടുത്തിട്ട് കാര്യമില്ല. ഈ രണ്ടുജില്ലകളിലുമായി 60000-ഓളം മരങ്ങൾ വെട്ടിമാറ്റാനുണ്ട്. ഇതിനൊരു അടിയന്തര പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളെയും എസ്റ്റേറ്റ് മാനേജുമെന്റിനേയും വിളിച്ചുചേർത്ത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നിയമവിരുദ്ധമായി ഇട്ടിരിക്കുന്ന ഈ സീനറേജ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് സത്യം കണ്ടെത്തി തീരുമാനമുണ്ടാക്കണെമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, മുണ്ടക്കയം എച്ച്.എം.എൽ-ന്റെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റിൽ തടി മാറ്റുന്നത് സംബന്ധിച്ച് തൊഴിലാളികളുടെ ഭാഗത്തുനിന്ന് പണിമുടക്കൊന്നുമില്ല. മാത്രവുമല്ല ഇന്ന് രാവിലെയാണ് ഇതിന്റെ വിവരം ലഭിച്ചത്. ഇന്നു ശേഖരിച്ച വിവരമാണ്. ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്ന കാര്യമാണ്. എനിക്ക് കിട്ടിയ മറുപടി ഞാൻ വായിക്കുകയാണ്. മാത്രവുമല്ല ഇങ്ങനെ ഒരു പ്രശ്നം ഉന്നയിച്ചുകൊണ്ട് തൊഴിലാളി യൂണിയനുകളോ മാനേജുമെന്റോ ഇതുവരെ തൊഴിൽ വകുപ്പിന് പരാതി നൽകിയിട്ടുമില്ല. പക്ഷെ എന്റെ അന്വേഷണത്തിൽ മനസ്സിലായത് സീനറേജ് വർദ്ധിപ്പിച്ചു എന്നുള്ളത് ഘട്ടംഘട്ടമായി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ക്യുബിക് മീറ്ററിന് 270 രൂപയെന്നുള്ളത് 900 രൂപ ആയി വർദ്ധിപ്പിച്ചു. ഇപ്പോൾ അത് 2500

രൂപയായി വർദ്ധിപ്പിച്ചു. ഇത് വളരെ ഉയർന്ന തുകയാണ് എന്നുള്ളതുതന്നെയാണ് നമുക്ക് ലഭിച്ചിട്ടുള്ള പ്രാഥമിക വിവരം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർതന്നെ മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നു. മുഖ്യമന്ത്രി ആ പരാതി തൊഴിൽ വകുപ്പു മന്ത്രി എന്നുള്ള നിലയിൽ എനിക്ക് തന്നു. ബഹു. മുഖ്യമന്ത്രി ഇടപെട്ട് ബഹു. വനം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. ഇക്കാര്യത്തിൽ ആരുമായും ചർച്ച നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണാം എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. തീർച്ചയായും നമുക്ക് ഈ വിഷയത്തിന് പരിഹാരം കാണാൻ സാധിക്കും, കാണണമെന്നുതന്നെയാണ് മുഖ്യമന്ത്രിയുടെയും ഉദ്ദേശ്യം. ഈ കാര്യത്തിൽ തൊഴിൽ വകുപ്പിന് ഇതിൽ കൂടുതലായി ഒരു മറുപടി പറയാൻ എന്റെ മുമ്പിൽ വസ്തുതകളില്ല.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭൂമി നൽകൽ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇതിന് മുമ്പ് ഇവിടെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മറുപടി പറഞ്ഞ ശ്രീ. പി.സി. വിഷ്ണുനാഥിന്റെ സബ്മിഷനുമായി ഏതാണ്ട് ബന്ധപ്പെട്ട് വരുന്നതാണ് എന്റെ ഈ സബ്മിഷൻ. വളരെ സങ്കീർണ്ണമായതും എന്നാൽ വളരെ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുമായ ഒരു പ്രശ്നവുമാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് കുടിയേറിയ തൊഴിലാളികളെ സംബന്ധിച്ച് ഏതെങ്കിലും ഒരു ഒറ്റപ്പെട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരമായി അവർക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ നിഷേധിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് ആണ് ഹൈക്കോടതിയിൽ സർക്കാർ വക്കീലിന്റെ ഭാഗത്തുനിന്ന് നൽകപ്പെട്ടിട്ടുള്ളതെങ്കിൽ അത് തിരുത്തുവാനുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അങ്ങനെയുള്ള സ്റ്റേറ്റ്മെന്റിന് വിജിലൻസും റവന്യൂവും ലേബർ

ഡിപ്പാർട്ടുമെന്റും നിയമസഭയിലെ അംഗത്വമുള്ള രാഷ്ട്രീയപാർട്ടികളും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനികളും ഉൾപ്പെടെയുള്ളവരുടെ സമിതി ഈ കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവമായി പരിശോധിച്ച് തിരുത്തൽ വരുത്തുവാനും നയപരമായ ഒരു സമീപനം സ്വീകരിക്കാൻ കഴിയുന്ന നടപടികളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയിൽ നിന്നുണ്ടാകണമെന്നു ള്ളതാണ് എന്റെ അഭ്യർത്ഥന.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭൂമി നൽകൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ദേവി കുളം മേഖലയിലെ ഭൂമി വിതരണം സംബന്ധിച്ച് പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) സർക്കാരിന് നൽകിയ റിപ്പോർട്ടിൽ ഇടുക്കി ജില്ലയിൽ ഭൂമിക്കുള്ള അപേക്ഷകൾ അനുദിനം കൂടി വരികയാ ണെന്നും അപേക്ഷകരിൽ ഏറിയ പങ്കും ജില്ലയിലെ വിവിധ എസ്റ്റേറ്റുകളിൽ തമിഴ് തൊഴിലാളികളാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. മുൻ കാലങ്ങ ളിൽ നൽകിയ ഭൂമി വിറ്റ് പോയിട്ടുള്ളവർ വീണ്ടും ഭൂമിയുടെ അപേക്ഷക രായി വരുന്നു. അപേക്ഷകർക്ക് മറ്റ് എവിടെയെങ്കിലും ഭൂമി ഉണ്ടോയെന്ന് അറിയുന്നതിന് യാതൊരു മാർഗ്ഗവുമില്ലാത്തതാണ്. ടി മേഖലയിലെ ഭൂമി വിതരണം നടത്തുമ്പോൾ മലയാളികളെ അവഗണിക്കുന്നതായി പരാതിയുള്ള തായും സർക്കാർ സൗജന്യങ്ങൾ ഇത്തരത്തിൽ ഇനിയും തമിഴ് വംശജർക്ക് നൽകിയാൽ അത് ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും റിപ്പോർട്ടിൽ അറിയിച്ചിരുന്നു. ഈ കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഒരു വിജിലൻസ് അന്വേഷണത്തിന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

ഇടുക്കി ജില്ലയിൽ ഭൂമി പതിച്ചുനൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ 68-ൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ള തായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കെ.ഡി.എച്ച്. വില്ലേജിൽ ഭൂമി പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തോമസ് ആന്റണി ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലാണ് മേൽപ്പറഞ്ഞ വസ്തുതകൾ ചൂണ്ടിക്കാട്ടി സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചത്. എന്നാൽ വിഘടനവാദം രൂപപ്പെ ടാൻ ഇത് കാരണമാകുമെന്ന് സാത്യവാങ്മൂലത്തിൽ പരാമർശിച്ചിട്ടില്ല.

**കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ**

ശ്രീ. പി. ഉബൈദുള്ള: സർ, കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിലവിലുള്ള കർശനമായ വ്യവസ്ഥകളുടെ ഫലമായി പാവപ്പെട്ടവരും ഇടത്തരക്കാരുമായ നിരവധി ആളുകൾ പ്രയാസം അനുഭവിക്കുകയാണ്. താമസിക്കുന്ന വീടുകൾ അടക്കം ചെറിയ ചെറിയ വയലേഷന്റെ പേരിൽ കെട്ടിട നമ്പർ ലഭിക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നത് ഉൾപ്പെടെ ധാരാളം വിഷമങ്ങൾ നേരിടുകയാണ്. സംസ്ഥാനത്തൊട്ടാകെ, പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലുമായി ആയിരക്കണക്കിന് ആളുകൾക്കാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചെറിയ വയലേഷനെ തുടർന്ന് കെട്ടിട നമ്പർ ലഭിക്കാതിരിക്കുന്നത്. 2008 ഡിസംബർ 31 വരെയുള്ള അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി സർക്കാർ തീരുമാനിച്ചെങ്കിലും അന്ന് റെഗുലറൈസ് ചെയ്യാനുള്ള ശുപാർശ കളുടെ വ്യവസ്ഥകളനുസരിച്ച് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ 20 ശതമാനത്തിൽ താഴെവരുന്ന കെട്ടിടങ്ങൾ മാത്രമാണ് റെഗുലറൈസ് ചെയ്ത

ത്. അതിനുശേഷം നിർമ്മിച്ച ചെറിയ വയലേഷൻ നടന്നിട്ടുള്ള കെട്ടിടങ്ങൾക്ക് ഒരു നിശ്ചിത ഫൈൻ ചുമത്തി റെഗുലറൈസ് ചെയ്യുകയാണെങ്കിൽ സർക്കാരിന് ഭീമമായ തുക വരുമാനമുണ്ടാക്കാൻ സാധിക്കും. അതോടൊപ്പം കെട്ടിട നമ്പർ ഇല്ലാത്തതുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന ആയിക്കണക്കിന് ആളുകൾക്ക് ആശ്വാസം പകരാനും അത് സഹായകമാകും. എന്റെ മണ്ഡലത്തിൽ, മലപ്പുറം-കോട്ടപ്പടി മൈതാനത്തോടനുബന്ധിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിതികൾക്കും നമ്പർ ലഭിക്കാത്ത ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. വളരെ വർഷം പഴക്കമുള്ള ജില്ലാ ആസ്ഥാനത്തെ ഏക ഫുഡ്ബോൾ ഗ്രൗണ്ടായ കോട്ടപ്പടി മൈതാനത്തിന്റെ നിർമ്മാണപ്രവർത്തനവും ഇതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളുടെ ലേലത്തിൽനിന്നും ലഭിച്ച അഡ്വാൻസ് തുക ഉപയോഗിച്ചാണ് ഗ്രൗണ്ടിന്റെ നവീകരണപ്രവർത്തനങ്ങൾ നടക്കുന്നത്. ലേലം ചെയ്തെടുത്ത റൂമുകൾക്ക് നമ്പർ ലഭിക്കാത്തതുകൊണ്ട് ലേലത്തിലെടുത്തവർ അഡ്വാൻസ് തുക തിരിച്ചുചോദിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് നിർമ്മാണ പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. പൊതു സ്ഥാപനമെന്ന പരിഗണന ഇതിന് നൽകേണ്ടതുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ കർശന വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനും നിലവിലുള്ളവ റെഗുലറൈസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ നടന്നിട്ടുണ്ട്. ഇത്തരം

നിർമ്മാണങ്ങൾ ഉയർന്നതിനെത്തുടർന്ന് 2010-ൽ ഇവയെല്ലാം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ അവസരം നൽകുകയുണ്ടായി. പക്ഷെ, മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ ഏറെ കർക്കശമായിരുന്നതുമൂലം ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ കുറയുകയും ഭൂരിഭാഗം നിർമ്മാണങ്ങളും അനധികൃതമായി തന്നെ നിലകൊള്ളുകയും ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥന്മരെയും സ്വാധീനിച്ച് ഇത്തരം നിർമ്മാണങ്ങളിൽ ക്രമവൽക്കരിക്കുന്ന പ്രവണതയുമുണ്ടായിട്ടുണ്ട്. നിർമ്മാണ സമയത്തെ നോട്ടപ്പിശകുമൂലമോ, ഉടമസ്ഥർ സ്ഥലത്തില്ലാത്തതുമൂലമോ, അജ്ഞതമൂലമോ ആണ് ചട്ടം ലംഘിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും നടന്നിട്ടുള്ളത്. ചട്ടങ്ങൾ ലംഘിച്ച് നടന്നിട്ടുള്ള നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുക പ്രായോഗികമല്ല. അത്തരമൊരു സാഹചര്യത്തിൽ ഈ കാര്യത്തിൽ പ്രായോഗികമായൊരു സമീപനം കൈക്കൊള്ളേണ്ടതായിട്ടുണ്ട് ആയതിനാൽ സേഫ്റ്റി, സെക്യൂരിറ്റി തുടങ്ങിയ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയില്ലാതെയും ഭീമമായ തുക പിഴയായി ഈടാക്കിക്കൊണ്ടും മറ്റ് നിബന്ധനകൾക്ക് വിധേയമായും അത്തരം നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ മലപ്പുറം - കോട്ടപ്പടിയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചു. അതെനിക്ക് അറിയാവുന്ന ഒരു കേസാണ്. ഒരു പ്രത്യേക കേസായി അത് പരിഗണിച്ചുകൊണ്ട് ഒരു യു.എ. നമ്പർ നൽകാനുള്ള പദ്ധതി തയ്യാറാക്കാം.

**ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ ഉണ്ടായ തീപിടിത്തം**

ശ്രീ. വി.പി. സജീന്ദ്രൻ: സർ, കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ കൊച്ചിൻ കോർപ്പറേഷന്റെ ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിലുണ്ടായ തീപിടിത്തം മൂലം കുന്നത്തുനാട് പുത്തൻകുരിശ്ശ് പഞ്ചായത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾ അതിഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നാല് ദിവസമായി കത്തിനിൽക്കുന്ന വിഷപ്പുക ശ്വസിച്ച് അവിടത്തെ ജനങ്ങൾ വീട് വിട്ടുപോകേണ്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. കൊച്ചിൻ കോർപ്പറേഷൻ കുന്നത്തുനാട്ടിലെ ജനങ്ങളെ പ്ലാസ്റ്റിക് മാലിന്യം കത്തിച്ച്, വിഷപ്പുക ശ്വസിപ്പിച്ച് കൊല്ലുവാനുള്ള ശ്രമമാണോയെന്ന് സംശയമുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും അതുപോലെതന്നെ പുത്തൻകുരിശ്ശ് ഗ്രാമപഞ്ചായത്തിന്റെയും അനുമതിയില്ലാതെ, പഞ്ചായത്തുമായുള്ള ധാരണകളെല്ലാം കാറ്റിൽപ്പറത്തിയാണ് ഇന്നിവിടെ പ്ലാന്റ് പ്രവർത്തിച്ചുവരുന്നത്. 4 ദിവസമായി കത്തിനിൽക്കുന്ന തീയും പുകയും നിയന്ത്രിക്കുവാൻ കോർപ്പറേഷൻ ഗൗരവമായ യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ജനങ്ങൾ അവിടെ സംഘടിച്ച് വൻ പ്രതിഷേധത്തിലാണ്. മാലിന്യവണ്ടി ഇപ്പോൾ അവിടേയ്ക്ക് വരുന്നത് ജനങ്ങൾ തടഞ്ഞിരിക്കുകയാണ്. അവിടത്തെ അസഹ്യമായ ദുർഗന്ധവും ഈച്ചകളുടെ ശല്യവും സംബന്ധിച്ച വിഷയം കാണിച്ചുകൊണ്ട് കഴിഞ്ഞ ആഴ്ച ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ആ സബ്മിഷനെ തുടർന്നാണോ കോർപ്പറേഷൻ മാലിന്യസംസ്കരണ പ്ലാന്റിനെ മന:പ്പൂർവ്വം തീയിട്ടത് എന്നുള്ളത് സംശയമുണ്ട്. അതുകൊണ്ട് അവിടെ തീ കത്തിച്ചത് ആരാണെന്ന് അന്വേഷണം നടത്തുകയും അവർക്കെതിരെ നടപടി സ്വീകരിക്കുകയും അടിയന്തരമായി ഈ പ്രശ്നത്തിലിടപ്പെട്ട് ബ്രഹ്മപുരം പ്രദേശത്ത്

ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013 ഫെബ്രുവരി മാസം 15-ാം തീയതി രാവിലെ 11 മണിയോടുകൂടി ബ്രഹ്മപുരം മാലിന്യസംസ്ക്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് സ്റ്റോറേജ് ഏരിയയിൽ തീപിടിത്തമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വൈകുന്നേരം 7 മണിയോടുകൂടി തൃപ്പൂണ്ണിത്തുറ, ഗാന്ധിനഗർ, തൃക്കാക്കര എന്നിവിടങ്ങളിൽനിന്നുള്ള ഫയർ എഞ്ചിനുകളുടെ പ്രവർത്തനംമൂലം തീപിടിത്തം നിയന്ത്രണവിധേയമാക്കി. തീപിടുത്തംമൂലമുണ്ടായ പുകയുംമറ്റും സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും അതിനെത്തുടർന്ന് കൊച്ചിൻ കോർപ്പറേഷന്റെ 3 മാലിന്യവണ്ടികൾക്ക് സാരമായ കേടുവരുത്തുകയുമുണ്ടായി. കോർപ്പറേഷൻ മേയറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തീപിടുത്തമുണ്ടായ സ്ഥലത്ത് പ്ലാസ്റ്റിക് കത്തിയതുമൂലമുണ്ടായ ദുർഗന്ധം നീക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ ചെമ്മണ്ണ് വിരിച്ച് വരികയാണ്. ഇത് എത്രയുംവേഗം പൂർത്തിയാക്കി സമീപവാസികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്താൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അത് കൂടാതെ നാളെത്തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.യേയും ബന്ധപ്പെട്ട എം.എൽ.എ. മാരേയും മേയറേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനേയും കള്കടറേയും എല്ലാവരേയും വിളിച്ചുചേർത്ത് ചർച്ച ചെയ്ത് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

## ബ്രിട്ടീഷ് അധിനിവേശസ്മാരകങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തീരെ ലാഘവത്തോടുകൂടി കാണാൻ പറ്റാത്തൊരു പ്രശ്നമാണ് ഇത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ തീപാറുന്ന അദ്ധ്യായങ്ങളിലൊന്നായി ചരിത്രം അടയാളപ്പെടുത്തിയ ഒന്നാണ് 1921-ലെ മലബാർ കലാപം. അതിലെ ധീര രക്തസാക്ഷികളുടെ സ്മാരകങ്ങൾ ഇനിയും വേണ്ടത്ര നിർമ്മിക്കുകയോ പരിരക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ കലാപത്തിൽ വീര പോരാളികളായ മാപ്പിളമാരെ വെടി വച്ചുകൊല്ലാൻ നേതൃത്വം കൊടുത്ത ബ്രിട്ടീഷ് പട്ടാളമേധാവികളുടെ സ്മാരകങ്ങളെല്ലാം പുനർനിർമ്മിക്കുന്നതായി ഒരു വാർത്ത വന്നിട്ടുണ്ട്. 1917 -ൽ ലോകമഹായുദ്ധക്കാലയളവിൽ സ്ഥാപിതമായെന്ന് പറയപ്പെടുന്ന Common Wealth War Graves Commission മലപ്പുറത്തെ വിവിധ മേഖലകളിൽ പോയി ബ്രിട്ടീഷ് പട്ടാളമേധാവികളുടെ അധിനിവേശസ്മാരകങ്ങൾ പുനർനിർമ്മിക്കാൻ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണെന്നുള്ള വാർത്ത ഗൗരവപൂർവ്വം വന്നിട്ടുണ്ട്. തിരൂരങ്ങാടി കലാപത്തിൽ കൊല്ലപ്പെട്ട ബ്രിട്ടീഷ് സേനാനായകൻ വില്യം റൗൾ-ന്റെ ശവക്കല്ലറ, ഇതിനകം തന്നെ അറ്റകുറ്റപ്പണി പൂർത്തീകരിച്ച് കഴിഞ്ഞു. തിരൂരങ്ങാടി, 1921-ലെ മലബാർ കലാപത്തിന്റെ, അത്യുജ്ജ്വലമായ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന്റെ ഒരു കേന്ദ്രമാണ്. ആ പ്രദേശത്തിന്റെ ദേശാഭിമാന ബോധത്തിലുള്ള നഗ്നമായ കടന്നാക്രമണമാണ് ഇതുവഴി സംഭവിച്ചിട്ടുള്ളത്. വില്യം റൗൾ-ന് പുറമേ മലബാർ കലാപത്തിലെ മാപ്പിളമാരുടെ സ്വാതന്ത്ര്യസമരവീറിന് മുന്നിൽ നിലം പതിച്ച ബ്രിട്ടീഷ് സേനാംഗമായ വില്യം മതക്സ്, മശത് ജോൺസ്കെനി

എന്നിവരുടെ ശവകല്ലറകളും മോടികൂട്ടിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധയിടങ്ങളിൽ നിലകൊള്ളുന്ന അധിനിവേശ ശേഷി തിരിച്ചുകൊണ്ടുവരാനുള്ള ഈ ശ്രമം അപമാനകരമാണ്. എന്തിനാണ് സ്വതന്ത്ര ഇന്ത്യയിൽ ബ്രിട്ടീഷ് പട്ടാളമേധാവികളുടെ സ്മാരകങ്ങൾ നിലനിറുത്തിയിരിക്കുന്നത്. ആ ബ്രിട്ടീഷ് പട്ടാളമേധാവികളുടെ സ്മാരകങ്ങൾ നിലനിറുത്തിയെന്നുമാത്രമല്ല അതിന് മോടിപിടിപ്പിക്കുകയും അതിന് ഭംഗിവർദ്ധിപ്പിക്കുയും ചെയ്യുന്നത് ദേശാഭിമാന പ്രചോദകരായ സ്വാതന്ത്ര്യസമരസേനാനികളെ അപമാനിക്കലാണ്. 1921-ലെ മലബാർ കലാപത്തിൽ വീരരക്തസാക്ഷിത്വം വരിച്ച മാപ്പിള പോരാളികളുടെ സ്മാരകങ്ങളുണ്ടാക്കാതെ അവരെ വെടിവച്ച് കൊന്നവരുടെ സ്മാരകങ്ങൾ ഉണ്ടാക്കാനുള്ള നീക്കം അപമാനകരമാണ്. ആ ശവക്കല്ലറകൾ ഉൾപ്പെടെയുള്ള എല്ലാ സ്മാരകങ്ങളും പൊളിച്ചുകളയാനും സർക്കാരിന്റെ സമ്മതം കൂടാതെ ഏത് ശക്തികളാണ് ഇതിൽ നേതൃത്വം കൊടുത്തതെന്നുള്ളത് സംബന്ധിച്ച് ഗൗരവമായ അന്വേഷണം നടത്താനും തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 1921-ലെ കലാപത്തിൽ കൊല്ലപ്പെട്ട വെള്ളക്കാരനായ എ.എസ്.പി-യുടെ മൃതശരീരം അടക്കം ചെയ്തതും തിരൂരങ്ങാടി വില്ലേജ് തൃക്കുളം അംശം റീസർവ്വേ 358/10 ബി-യിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ഓഫീസ് കോമ്പൗണ്ടിലുള്ളതുമായ ശവക്കല്ലറയുടെ ഗ്രിൽസ് പെയിന്റ് ചെയ്യുകയും പുതിയ താഴിട്ടുപൂട്ടുകയും ചെയ്തിട്ടുള്ളതായും തിരൂരങ്ങാടി അംശം റീസർവ്വേ 25/15-ൽ പ്പെട്ട ഒരു സെന്റ് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതിചെയ്യുന്ന രണ്ട് ശവക്കല്ലറകൾ സിമന്റുപയോഗിച്ച് തേച്ചതായും കൂടുതൽ പുനർനിർമ്മാണ പ്രവൃത്തി ചെയ്യുന്ന

തിനായി സിമന്റ് ശേഖരിച്ചുവച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. തിരൂരങ്ങാടി താലൂക്ക് ഓഫീസ്, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ്, വില്യം ജോൺ ഡെങ്കൺ റൗളയുടെ ശവകുടീരം എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കിക്കൊണ്ട് 2010 ഓഗസ്റ്റ് 2-ാം തീയതി ഗവൺമെന്റ് ഓർഡർ 411/2010 സി.എ.(ഡി) നമ്പറായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം ചെയ്തത് എന്ന ധാരണയിൽ ഈ വിവരം തഹസീൽദാർ പ്രത്യേകം റിപ്പോർട്ട് ചെയ്തിരുന്നില്ല. പ്രസ്തുത പുനരുദ്ധാരണ പണികൾ നടന്നത് പുരാവസ്തു വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയാണ്. പിന്നീട് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ Common Wealth War Graves എന്ന സംഘടനയാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും അറിവായിട്ടുണ്ട്. കാട് മൂടി കിടന്നിരുന്ന ശവക്കല്ലറ വൃത്തിയാക്കി പെയിന്റടിച്ചു എന്നതിലുപരി ഈ സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങളോ കയ്യേറ്റങ്ങളോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടേണ്ട പ്രശ്നമാണിത്. മലബാർ കലാപത്തിൽ വെടിവയ്പു നടത്തിയ ഓഫീസർമാർക്ക് സ്മാരകം മലപ്പുറത്തുണ്ടാക്കുന്നത് പ്രകോപനമുണ്ടാക്കും. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇത്തരം നടപടികൾ ഇവിടെ സ്വീകരിക്കാൻ പാടില്ലെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനെ അറിയിക്കണം. ഏത് ഗവൺമെന്റായാലും ഇത് ഇവിടെ പ്രകോപനമുണ്ടാക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2010 ആഗസ്റ്റ് 2-ന് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഇത് ചെയ്തിട്ടുള്ളത്. നിങ്ങൾ തെറ്റ് ചെയ്താൽ അത് തിരുത്താനാണ് ഞങ്ങളിരിക്കുന്നത്. ഞങ്ങൾ ആ തെറ്റ് തിരുത്തിയിരിക്കും.

## ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി

ശ്രീ. ജോസ് തെറ്റയിൽ: സർ, കേരളത്തിന്റെ ടൂറിസം മേഖലയിൽ അനന്ത സാധ്യതകളുള്ള സ്ഥലമാണ് അങ്കമാലി. പെരിയാറിനും ചാലക്കുടി പുഴയ്ക്കും ഇടയ്ക്ക് അതിർത്തികളുള്ള പ്രദേശമാണിത്. അതുപോലെ .കിഴക്കൻ ഭാഗത്ത് അതിരപ്പിള്ളി, മലയാറ്റൂർ തുടങ്ങിയ ഫോറസ്റ്റ് ഡിവിഷനുകളും അതിനെക്കാളുപരി അന്താരാഷ്ട്ര ക്രിസ്ത്യൻ തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ സെന്റ് തോമസിന്റെ പള്ളി, ആദിശങ്കരന്റെ ജന്മദേശമായ കാലടി തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും ഒരുമിക്കുന്ന സ്ഥലമാണിത്. അതിരപ്പിള്ളി-വാഴച്ചാൽ വെള്ളച്ചാട്ടം ഇതിന്റെ അതിർത്തിയിലാണ്. ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം, അങ്കമാലി ഇതിന്റെ അതിർത്തിയിലാണ്. തുമ്പൂർമൂഴിയും ഇതിനടുത്തായാണ്. മലയാറ്റൂരിലെ മണപ്പാട്ടുചിറ, ഇല്ലിത്തോട്ടിലെ മഹാഗണിത്തോട്ടം, കോടനാട് ആനക്കളരി (മലയാറ്റൂർ-കോടനാട് പാലത്തിന്റെ പണി പൂർത്തിയാകാറായി.) തുടങ്ങിയ വിനോദ തീർത്ഥാടന കേന്ദ്രങ്ങളുള്ള ഈ സ്ഥലം വളരെയേറെ ടൂറിസം സാധ്യതകളുള്ളതാണ്. ഇതിനൊക്കെ പുറമെ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം അതുപോലെ എം.സി. റോഡ്, നാഷണൽ ഹൈവേ തുടങ്ങിയ സൗകര്യങ്ങളുണ്ടായിട്ടുപോലും ഈ പ്രദേശത്തെ ടൂറിസം സാധ്യതകൾ ഇതുവരെ ഉപയോഗിക്ക

പ്പെട്ടിട്ടില്ല. അതിരപ്പിള്ളി, ഏഴാറ്റുമുഖം, കോടനാട്, കാലടി, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ട് ഏർപ്പെടുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏകദേശം ഒരു കോടി രൂപയുടെ വർക്ക് നടന്നതല്ലാതെ കഴിഞ്ഞ കുറെ വർഷങ്ങളായി അവിടെ ഒന്നുംതന്നെ നടന്നിട്ടില്ല. മലയാറ്റൂരും കാലടിയും നേരത്തെ ഡിക്ലെയർ ചെയ്ത രണ്ട് ടൂറിസം ഡെസ്റ്റിനേഷനുകളാണ്. അതുകൊണ്ട് ടൂറിസം മേഖല യുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ടൂറിസം സർക്യൂട്ട് ഏർപ്പെ ടുത്താനും അതിനുവേണ്ടി സാമ്പത്തികമായ ഡെവലപ്മെന്റും കാലടി-മല യാറ്റൂർ റോഡ് വികസനം തുടങ്ങി എല്ലാത്തിനുംകൂടിയുള്ള ഒരു സമഗ്രമായ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടി യാണ് ഇത് അവതരിപ്പിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകു പ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ, എറണാകുളം ജില്ലയിൽ അങ്ക മാലി നിയോജക മണ്ഡലത്തിലുള്ള ടൂറിസം പദ്ധതികളുടെ വികസനത്തിന് വേണ്ടത്ര പരിഗണന സർക്കാർ നൽകിവരുന്നുണ്ട്. വിനോദസഞ്ചാര തീർത്ഥാ ടന കേന്ദ്രങ്ങളായ അതിരപ്പിള്ളി, ഏഴാറ്റുമുഖം, കോടനാട്, കാലടി, മലയാറ്റൂർ പ്രദേശങ്ങളെ പ്രധാന ടൂറിസം കേന്ദ്രങ്ങളായി കണക്കാക്കി ഘട്ടംഘട്ടമാ യുള്ള വികസന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. നബാർഡിന്റെ സഹാ യത്തോടെ 1 കോടി 54 ലക്ഷം രൂപ ചെലവഴിച്ച് കാലടി-മലയാറ്റൂർ റോഡ് വികസനം ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണ്. മലയാറ്റൂ രിലെ മണപ്പാട്ടുചിറയിൽ Developments of Manappattuchira Environs and

Malayattoor എന്ന പേരിൽ 85 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഏഴാറ്റുമുഖം പ്രകൃതിഗ്രാമ പദ്ധതി വികസനത്തിനായി 53,25,000 രൂപ ചെലവിൽ മറ്റൊരു പദ്ധതിയും പൂർത്തിയാക്കിയിട്ടുണ്ട്. എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന ഇതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഏഴാറ്റുമുഖത്തെ വൈദ്യുതീകരണ പദ്ധതിയും പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ തുമ്പൂർമൂഴി ഡാമും പരിസര പ്രദേശങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള 1.47 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കാലടിയിലും മലയാറ്റൂരിലും പിൽഗ്രിം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ചാലക്കുടി പുഴയ്ക്ക് കുറുകെയും പെരിയാറിന് കുറുകെയും റോപ്വേയോ ഹാംഗിംഗ് ബ്രിഡ്ജോ നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാ പഠനം ആരംഭിച്ചിട്ടുണ്ട്. ടൂറിസം പദ്ധതിയിലുൾപ്പെടുത്തി റോഡ് വികസനം തത്കാലം ഏറ്റെടുക്കേണ്ടതില്ല എന്ന് കേന്ദ്രം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നില്ലെങ്കിലും കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി അതിരപ്പിള്ളി, ഏഴാറ്റുമുഖം, കോടനാട്, കാലടി, മലയാറ്റൂർ ടൂറിസം സർക്യൂട്ടിനായുള്ള പ്രോജക്ട് ഉടനെ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

**സരയു പദ്ധതി**

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന വിനോദസഞ്ചാര കേന്ദ്രമായ തൃപ്രയാറിൽ ശ്രീരാമസ്വാമി ക്ഷേത്രത്തിന് കിഴക്കുഭാഗത്ത് സർക്കാരിന്റെ ഭരണാനുമതി ലഭിച്ച വിനോദസഞ്ചാര പദ്ധതിയാണ് സരയു ടൂറിസം പദ്ധതി. ആകെ 50 ലക്ഷം രൂപ അടങ്കൽ വരുന്ന ഈ പ്രോജക്ടിനുവേണ്ടി ഇതിനകം 15 ലക്ഷം രൂപ സർക്കാരും 10 ലക്ഷം രൂപ ശ്രീ. എം.പി അച്ചുതൻ എം.പി-യും ഫണ്ട് അനുവദിക്കുകയുണ്ടായി. ഈ രണ്ട് വർക്കിന്റേയും പ്രവൃത്തി ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി എ.പി. അനിൽകുമാർ 05-08-2012-ൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ഈ നിർമ്മാണത്തിന്റെ നിർവഹണ സംവിധാനം ഏൽപ്പിച്ചത് കോസ്റ്റ് ഫോർഡിനെയാണ്. നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽപ്പെടുന്ന സ്ഥലമായതുകൊണ്ട് നിർമ്മാണ പ്രവർത്തനത്തിന് പുരാവസ്തു വകുപ്പിന്റെ  അനുമതി ആവശ്യമാണെന്ന് അറിയാൻ സാധിച്ചു. തൃശ്ശൂർ ജില്ലാ കളക്ടർ 17-12-2012-ന് എൻ.ഒ.സി ആവശ്യപ്പെട്ടുകൊണ്ട് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് കത്ത് എഴുതിയിട്ടുണ്ട്. നാളിതുവരെയായിട്ടും ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഫണ്ട് ലാപ്സായിപ്പോകാൻ ഇടവരുത്താതെ ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കിക്കൊണ്ട് മാർച്ച് 31-ന് മുമ്പായി ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.എ.പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഗീതാ ഗോപി ഇവിടെ സൂചിപ്പിച്ച ഈ പദ്ധതിക്ക് തുടക്കം കുറിച്ചതാണ്. അതിനുവേണ്ടിയുള്ള ഭരണാനുമതി നൽകുകയും സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. അതിന്റെ പ്രവർത്തനോദ്ഘാടനവും കഴിഞ്ഞതാണ്. ഇത് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്ഥലമായതിനാൽ ഈ പദ്ധതി തുടങ്ങുന്നതിനുള്ള അനുവാദം കേന്ദ്ര പുരാവസ്തു വകുപ്പ് നൽകിയിട്ടില്ല. ജില്ലാ കളക്ടർ അതിനുവേണ്ടി പുരാവസ്തു വകുപ്പിനെ സമീപിച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റും സരയു പദ്ധതി പൂർത്തീകരിക്കുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അംഗീകാരം നേടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അനുമതി ലഭ്യമായാലുടൻതന്നെ നമുക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

## സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, താനൂർ സബ്ജില്ലയിലെ കെ.പി.എൻ.എം. യു.പി.സ്കൂൾ തീരപ്രദേശത്തെ പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്ന വിദ്യാലയമാണ്. 1985-ൽ ഈ സ്ഥാപനത്തിന്റെ മാനേജർ കെ.പി. കേശവൻ നായർ മരണപ്പെട്ടതിനുശേഷം വലിയ ദുരവസ്ഥയിലാണ്. മാനേജരുടെ മരണത്തെത്തുടർന്ന് പിന്തുടർച്ചാ അവകാശികൾ തമ്മിലുള്ള അവകാശത്തർക്കം കാരണം നിയമക്കുരുക്കിൽപ്പെട്ടിരിക്കുകയാണ്. നാട്ടുകാരുടെയും രക്ഷിതാക്കളുടെയും നിരന്തരമായുള്ള മുറവിളി കാരണം സ്കൂൾ 1988-ൽ 5 വർഷത്തേയ്ക്ക് താൽക്കാലികമായി സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. പ്രസ്തുത കാലയളവിൽ പരിഹാരമാകാത്തതി

നാൽ വീണ്ടും 5 വർഷത്തേയ്ക്ക് കൂടി സർക്കാർ ഏറ്റെടുത്തു. ഇപ്പോൾ വീണ്ടും 5 വർഷം കൂടി പിന്നിട്ടിരിക്കുന്നു. 2000-ൽ എ.ഇ.ഒ.-യെ എക്സ് ഒഫിഷ്യോ മാനേജരായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. താൽക്കാലിക സംവിധാനമായതിനാൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു സഹായവും ഈ വിദ്യാലയത്തിന് നൽകാനാകുന്നില്ല. ഭൗതിക സൗകര്യങ്ങൾ ഇല്ലാത്ത ഈ സ്ക്കൂളിൽ തകരഷീറ്റുകൾക്ക് താഴെയാണ് കുട്ടികളിരുന്ന് പഠിക്കുന്നത്. 1-ാം ക്ലാസ്സുകാർ പോലും **പ്രീ-കെ.ഇ.ആർ** കെട്ടിടത്തിലിരുന്നാണ് പഠിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ, 3 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ വിദ്യാർത്ഥികളുടെ ഏക ആശ്രയമായ യു.പി. സ്കൂളിലെ 10 ഡിവിഷനുകളിലായി പഠിക്കുന്ന 540 കുട്ടികളോട് നീതി കാണിക്കണം. ഈ സ്കൂൾ സർക്കാർ സുസ്ഥിരമായി ഏറ്റെടുക്കുന്നതിനോ അല്ലെങ്കിൽ ഹൈക്കോടതിയിൽ നിലവിലുള്ള, ബന്ധുക്കൾ തമ്മിലുള്ള കേസ്സിൽ സർക്കാർ കക്ഷി ചേർന്ന് നിയമാനുസൃതം സ്കൂൾ സർക്കാരിന് വിട്ടുകിട്ടുന്നതിന് കോടതിയിൽ നിന്ന് അനുകൂലമായ ഉത്തരവ് നേടിയെടുക്കുന്നതിനോ നടപടി ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, മലപ്പുറം ജില്ലയിലെ താനൂർ ചിറയ്ക്കൽ കെ.പി.എൻ.എം. യു.പി. സ്കൂളും **കോർമന്തര** എ.എം.എൽ.പി.സ്കൂളും പരേതനായ കെ.പി. കേശവൻ നായരുടെ ഉടമസ്ഥതയിലുള്ള സ്കൂളുകളാണ്. കെ.പി. കേശവൻ നായരുടെ മരണശേഷം സ്കൂളുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം രൂക്ഷമാകുകയും സ്കൂളുകളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്തതിനെ

ത്തുടർന്ന് 1988-ൽ സ്കുളുകൾ സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണ്. സ്കൂളുകൾ സ്ഥിരമായി ഏറ്റെടുക്കുന്നതിന് തർക്കത്തിൽപ്പെട്ട കക്ഷികളുമായി 1985 മുതൽ ഉപജില്ലാതലത്തിലും വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിലും ജില്ലാകളക്ടർ തലത്തിലും ചർച്ച നടന്നെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ജോയിന്റ് ഡയറക്ടർ നേരിട്ട് തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെത്തി ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുവരുത്തി ഒത്തുതീർപ്പ് ചർച്ചകൾ നടത്തിയെങ്കിലും അതും പരാജയപ്പെടുകയാണുണ്ടായത്. സ്കൂളുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം ആർ.എസ്.എ. നം. 670/04 പ്രകാരം ഇപ്പോഴും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും ബന്ധപ്പെട്ട കക്ഷികൾ ഒത്തുതീർപ്പിന് തയ്യാറാകാത്തതിനാലും സ്കൂൾകെട്ടിടവും സ്ഥലവും നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് പ്രായോഗികമല്ല. **കോർമന്തര** എ.എം.എൽ.പി. സ്കൂളിന്റെയും താനൂർ ചിറയ്ക്കൽ കെ.പി.എൻ.എം. യു.പി. സ്കൂളിന്റെയും ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ മാനേജർ എന്ന നിലയിൽ, സ്കൂൾ കെട്ടിടങ്ങളുടെ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബഞ്ച്, ഡെസ്ക്, ബ്ലാക്ക് ബോർഡ്, അലമാരകൾ, മേശ, കസേര മുതലായവ വാങ്ങുന്നതിനും അടുക്കള മെച്ചപ്പെടുത്തുന്നതിനും ഓഡിയോ വീഡിയോ ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലാസ് മുറികൾ വൈദ്യുതീകരിക്കൽ തുടങ്ങി താരതമ്യേന സ്ഥിരമല്ലാത്തതും ചെലവു കുറഞ്ഞതുമായ

സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കുന്നതിനും കെ.ഇ.ആർ അദ്ധ്യായം 20 റൂൾ 5 പ്രകാരം 2000-01 മുതലുള്ള വാടക കൈപ്പറ്റുന്നതിന് താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകുകയും സ്കൂൾ പി.ടി.എ., പ്രഥമാ ദ്ധ്യാപകൻ എന്നിവർ മുഖേന പ്രസ്തുത തുക ചെലവഴിക്കാനും അനുമതി നൽകിക്കൊണ്ട് 22.11.2012-ലെ സർക്കാർ ഉത്തരവ് സാധാരണ നം.5547/12 പൊ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. വർഷങ്ങളായി നിലനിൽക്കുന്ന അവകാശ ത്തർക്കവും കോടതി കേസ്സും സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള ആർ.എസ്.എ.നം.670/04 കേസ്സിൽ സർക്കാരോ വിദ്യാഭ്യാസ ഓഫീസർമാരോ കക്ഷികളല്ലാത്തതിനാൽ കേസ് പെട്ടെന്ന് തീർപ്പാക്കാൻ വിദ്യാഭ്യാസ വകു പ്പിന്റെ ഭാഗത്തുനിന്ന് ചെയ്യാവുന്ന കാര്യങ്ങൾ പരിമിതമാണ്. മാനേജ്മെന്റ് സ്കൂളായതിനാൽ ചെലവ് കൂടിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്. എന്നാലും സ്കൂളുകളുടെ പ്രവർത്തനവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് മേൽപ്പ റഞ്ഞ സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതകളും പരിശോധി ച്ചുവരുന്നു.

## വിദ്യാഭ്യാസ ജില്ല

ശ്രീ. ജെയിംസ് മാത്യു : സർ, തളിപ്പറമ്പ് ആസ്ഥാനമായി ഒരു വിദ്യാ ഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരള ത്തിൽ ഏറ്റവും കൂടുതൽ വിദ്യാലയങ്ങളുള്ള വിദ്യാഭ്യാസ ജില്ലയാണ് കണ്ണൂർ. 190-ൽ അധികം വിദ്യാലയങ്ങളാണ് കണ്ണൂർ വിദ്യാഭ്യാസ ജില്ലയിൽ

നിലവിലുള്ളത്. നമ്മുടെ സംസ്ഥാനത്ത് 30 വിദ്യാലയങ്ങൾ മാത്രമുള്ള 2 വിദ്യാഭ്യാസ ജില്ലകളുണ്ട്. ശരാശരി ഒരു വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളുടെ എണ്ണം 50 -ഉം 60-ഉം ഇടയിലാണ്. അത്തരമൊരു സാഹചര്യത്തിലാണ് കണ്ണൂർ വിദ്യാഭ്യാസ ജില്ലയിൽ 191 വിദ്യാലയങ്ങളുള്ളത്. ഇത് സ്കൂളുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുകയും അദ്ധ്യാപകരുടെ ഒഴിവ് നികത്തുന്നതിനും കുട്ടികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നതിനുമെല്ലാം കാലതാമസം ഉണ്ടാക്കുകയാണ്. അതുകൊണ്ട് മലബാറിൽ പൊതുവെയുള്ള വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സഹായകരമായ രീതിയിൽ കണ്ണൂർ വിദ്യാഭ്യാസ ജില്ലയെ വിഭജിച്ച് തളിപ്പറമ്പ് ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സമയബന്ധിതവും കൃത്യതയുള്ളതുമായ സേവനം ലഭ്യമാക്കുന്നതിനും ഭരണസൗകര്യത്തിനുമായി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ആസ്ഥാനമായി ജില്ലാ വിദ്യാഭ്യാസ ആഫീസ് രൂപീകരിക്കണമെന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം മണ്ണാർക്കാട്, തിരൂരങ്ങാടി ആസ്ഥാനമാക്കിയും രണ്ട് ജില്ലാ വിദ്യാഭ്യാസ ആഫീസുകൾ തുടങ്ങുന്നതിനും കോട്ടയ്ക്കൽ ആസ്ഥാനമാക്കി പുതിയ ഉപജില്ല വിദ്യാഭ്യാസ ആഫീസ് ആരംഭിക്കുന്നതിനും നിർദ്ദേശമുണ്ട്. ഒരുസ്ഥലത്തെ ഭൂമിശാസ്ത്രപരമായ വിസ്തൃതി, ഹൈസ്കൂളിന് വേണ്ട അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം, ഉൾക്കൊള്ളുന്ന താലൂക്കുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ഉപജില്ലകൾ എന്നിവ

യുടെ എണ്ണം, ഓരോ സ്കൂളിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ആഫീസിൽ എത്തിച്ചേരുന്നതിനുള്ള ദൂരം തുടങ്ങിയവയാണ് ജില്ലാ വിദ്യാഭ്യാസ അഫീസുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ. കണ്ണൂർ ജില്ലയിൽ ഗവൺമെന്റ് ഹൈസ്കൂളുകളും ട്രെയിനിംഗ് സ്കൂളുകളും ഉൾപ്പെടെ 15 ഉപ ജില്ലകളിലായി 173 സ്കൂളുകളും 15 അൺ എയ്ഡഡ് സ്കൂളുകളും കണ്ണൂർ തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാലയങ്ങലുടെ ബാഹുല്യം നിമിത്തം പ്രസ്തുത ആഫീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ലെന്നും വിദ്യാഭ്യാസ നിലവാരം മികച്ച രീതിയിൽ ഉയർത്തുന്നതിനും ഭരണപരമായ സൗകര്യത്തിനും ജില്ലയിൽ ഒരു വിദ്യാഭ്യാസ ആഫീസുകൂടി അനുവദിക്കേണ്ടതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. പയ്യന്നൂർ, മാടായി, തളിപ്പറമ്പ് നോർത്ത്, തളിപ്പറമ്പ് സൗത്ത്, ഇരിക്കൂർ എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ആഫീസ് രൂപീകരിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷനിൽ തളിപ്പറമ്പ് സൗത്ത് ഉപജില്ലാ വിദ്യഭ്യാസ ആഫീസിനായി അനുവദിച്ച കെട്ടിടം ജില്ലാ വിദ്യാഭ്യാസ ആഫീസിനായി ഉപയോഗിക്കാവുന്നതാണെന്നും ആഫീസിലെ ഫർണിച്ചർ മറ്റ് വിദ്യാഭ്യാസ ആഫീസുകളിൽനിന്നും സ്കൂളുകളിൽനിന്നും ക്രമീകരിക്കാവുന്നതാണെന്നും സംസ്ഥാനത്തെ നിറുത്തൽ ചെയ്ത ടെക്സ്റ്റ് ബുക്ക് സ്റ്റോറുകളിലെ ജീവനക്കാരെ നിർദ്ദിഷ്ട ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണെന്നും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശയും സർക്കാരിന്റെ പരിഗണനയിലാണ്.

## ലാബ് അസിസ്റ്റന്റ് തസ്തിക

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കേരളത്തിൽ 10-ാം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്കെല്ലാം ഉയർന്ന പഠനത്തിനാവശ്യമായ സാഹചര്യം വർഷങ്ങൾക്ക് മുമ്പേയുണ്ട്. എന്നാൽ മലബാർ മേഖലയിൽ 10-ാം ക്ലാസ് പാസ്സായി വരുന്ന കുട്ടികളെയെല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന രൂപത്തിൽ ഹയർ സെക്കണ്ടറിയോ വൊക്കേഷണൽ ഹയർ സെക്കണ്ടറിയോ ഐ.റ്റി.സി യോ ഇല്ലാത്ത സാഹചര്യത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് 178 സ്കൂളുകൾ (ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഉൾപ്പടെ) ഹയർ സെക്കണ്ടറിയായി ഉയർത്തിയത്. പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്ക് അടുത്തകാലത്തായി അംഗീകാരം നൽകിയിട്ടുണ്ട്. സാധാരണ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 4 ലാബ് അസിസ്റ്റന്റുമാരാണ് കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. അത് 2 ആയി ചുരുക്കി. ഇപ്പോൾ കേൾക്കുന്നത് 1-ആയി ചുരുക്കിയെന്നുള്ളതാണ്. 4 ബാച്ചുള്ള ഹയർ സെക്കണ്ടറിയിൽ 480 കുട്ടികളുണ്ടാകുമെന്ന് അങ്ങ് മനസ്സിലാക്കണം. ഹയർ സെക്കണ്ടറി കുട്ടികളെന്ന് പറഞ്ഞാൽ പഴയ പ്രീ-ഡിഗ്രി കുട്ടികൾക്ക് തുല്യമാണ്. അദ്ധ്യാപകർ ഉയർന്ന ശമ്പളം പറ്റുന്നവരുമാണ്. അവിടെ ക്ലാർക്കോ ബെല്ലടിക്കാൻ പ്യൂണോ ഇല്ല. വൊക്കേഷണൽ സ്കൂളുകളിൽ ക്ലാർക്കുമാരും പ്യൂണും ലാബ് അസിസ്റ്റന്റുമാരുമുണ്ട്. ഹയർ സെക്കണ്ടറി സ്കൂളിൽ 4 ലാബ് അസിസ്റ്റന്റുമാരെ അനുവദിച്ചില്ലെങ്കിലും ഇപ്പോഴുള്ള, സ്കൂൾ ആരംഭിച്ചപ്പോൾത്തന്നെ ജോലിയിൽ പ്രവേശിച്ച, ഏജോവറാകുന്ന 2 ലാബ് അസിസ്റ്റന്റുമാർക്ക് അംഗീകാരം കൊടുക്കാൻ അഭ്യർത്ഥിക്കുന്നതാണെന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 28.03.03 -ലെ ജി.ഒ(എം.എസ്.). നം. 79/03 പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം സയൻസ് ബാച്ചുകൾ അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകൾ വീതം അനുവദിക്കാൻ ഉത്തരവായിരുന്നു. ആയത് പ്രകാരം പുതിയതായി അനുവദിക്കുന്ന ഹയർ സെക്കണ്ടറി ബാച്ചുകളിൽ സയൻസ് ബാച്ചുകൾ ഉണ്ടെങ്കിൽ അവയിൽ രണ്ടുവീതം ലാബ് അസിസ്റ്റന്റുമാരെ നിയമിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2010-11 അദ്ധ്യയന വർഷം തൃശ്ശൂർ ജില്ലയിലും മലബാർ പ്രദേശത്തെ മറ്റ് ആറ് ജില്ലകളിലും സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമായി 178 ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കാൻ സർക്കാർ ഉത്തരവാകുകയുണ്ടായി. ഇങ്ങനെ പ്രവർത്തനമാരംഭിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ രണ്ടാം (2011-12) അദ്ധ്യയന വർഷം മുതലാണ് ലാബ് അസിസ്റ്റന്റ് തസ്തികകൾ ആവശ്യമായി വരുന്നത്. അപ്രകാരം സയൻസ് ബാച്ചുകൾ അനുവദിക്കപ്പെട്ട എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കേണ്ടത് 272 ലാബ് അസിസ്റ്റന്റ് തസ്തികകളും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കേണ്ടത് 40 ലാബ് അസിസ്റ്റന്റ് തസ്തികകളുമാണ്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കേണ്ട 272 ലാബ് അസിസ്റ്റന്റ് തസ്തികകളെ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. 136 ലാബ് അസിസ്റ്റന്റ് തസ്തികകൾ ഇപ്പോൾ അനുവദിക്കാനും തടർന്ന് ഓരോ തസ്തികകൾ കൂടി അനുവദിക്കുന്ന കാര്യം പരിശോധിക്കാനുമാണ് ഇപ്പോഴത്തെ തീരുമാനം.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കാവശ്യമായ 40 ലാബ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മുമ്പ് അനുവദിച്ചിരുന്നതും എന്നാൽ പുനർവിന്യസിക്കാതെ കിടക്കുന്നതുമായ 40 തസ്തികകൾ പുതുതായി അനുവദിച്ച് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുനർവിന്യസിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനവും നാളിതുവരെ കൈക്കൊണ്ടിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

## ശാരീരിക മാനസിക വൈകല്യം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക സഹായം

ശ്രീ. വി. ശശി: സർ, ബുദ്ധിമാന്ദ്യം കാഴ്ചവൈകല്യം കേൾവിക്കുറവ്, പഠനവൈകല്യം എന്നിങ്ങനെ വിവിധതരം വൈകല്യങ്ങളുള്ള കുട്ടികൾക്ക് വീടിനടുത്തുള്ള സ്കൂളുകളിൽ പഠനസൗകര്യമൊരുക്കണമെന്ന നിയമമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 9 മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികളെ പഠിപ്പിക്കാൻ ഐ.ഇ.ഡി.എസ്.എസ് സ്കീം പ്രകാരം പ്രത്യേകം പരിശീലനം ലഭിച്ച റിസോഴ്സസ് അധ്യാപകരെ നിയമിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 550-ഓളം അധ്യാപകരെ ഇപ്രകാരം നിയമിച്ചിട്ടുണ്ട്. 5 കുട്ടികൾക്ക് ഒരു അധ്യാപകൻ എന്നതാണ് കണക്ക്. എന്നാൽ പല സ്കൂളുകളിലും മുപ്പതിലേറെ കുട്ടികൾക്ക് ഒരു അധ്യാപകൻ എന്ന സ്ഥിതിയാണ് ഇന്നുള്ളത്. മതിയായ ഐ.ഇ.ഡി.എസ്.

എസ് റിസോഴ്സസ് അധ്യാപകരെ നിയമിക്കുകയും ഇവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും വേണം. ആന്ധ്രാപ്രദേശിലും, ഡൽഹിയിലും സ്വീകരിച്ചിട്ടുള്ളതുപോലെയായിരിക്കണം ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതെന്ന ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെതന്നെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാനത്തുണ്ട്. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സെന്റ് മാതാ സ്പെഷ്യൽ സ്കൂൾ അത്തരത്തിൽ ഒന്നാണ്. ഇവയ്ക്ക് എയ്ഡഡ് പദവി നൽകുകയോ അല്ലെങ്കിൽ ഐ. ഇ.ഡി.എസ്.എസ് സ്കീം പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണം എന്നകാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> സർ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് അറ്റ് സെക്കന്ററി സ്റ്റേജ് (ഐ. ഇ.ഡി.എസ്.എസ്) പദ്ധതിപ്രകാരം പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന 9 മുതൽ 12 വരെ ക്ലാസ്സുകളിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികളെ സി.ഡബ്ല്യു.എസ്.എൻ. (ചിൽഡ്രൺ വിത്ത് സ്പെഷ്യൽ നീഡ്സ്) സഹായിക്കുന്നതിനുവേണ്ടി റിസോഴ്സ് അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എം.എച്ച്.ആർ.ഡി. നിഷ്കർഷിക്കുന്ന പരീക്ഷാ യോഗ്യതയുള്ളവരെയാണ് റിസോഴ്സ് അധ്യാപകരായി നിയമിക്കുന്നത്. ഇവർക്ക് നിലവിൽ 11,600 രൂപ പ്രതിമാസ ശമ്പളമായും പൂർണ്ണ യോഗ്യതയുള്ളവർക്ക് പ്രതിമാസം 400 രൂപ സ്പെഷ്യൽ അലവൻസായും നൽകിവരുന്നുണ്ട്. ഇവരുടെ ശമ്പളം പ്രതിമാസം 14,620 രൂപയായി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോ

സൽ എം.എച്ച്.ആർ.ഡി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി എം.എച്ച്.ആർ.ഡി.യിൽ നിന്ന് ലഭിച്ചാലുടൻ വർദ്ധിപ്പിച്ച ശമ്പളം റിസോഴ്സ് അധ്യാപകർക്ക് നൽകുന്നതാണ്. ഇവരെ നിലവിൽ കരാറടിസ്ഥാനത്തിൽ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് ഹൈസ്കൂളുകളിലാണ് നിയമിക്കുന്നത്. ഐ.ഇ.ഡി.എസ്.എസ് കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാലും റിസോഴ്സ് അധ്യാപകരുടെ ശമ്പളവും യോഗ്യതകളും എം.എച്ച്.ആർ.ഡി. നിഷ്കർഷിക്കുന്ന രീതിയിലാതിനാലും അവരെ സ്ഥിരപ്പെടുത്തുക എന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും തീരുമാനവും സ്വരൂപിക്കേണ്ടതായിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്നതും വിദ്യാഭ്യാസ ഡയറക്ടറുടെ രജിസ്ട്രേഷൻ ഉള്ളതുമായ സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് നിലവിൽ 10 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഈ തുക സ്കൂളുകൾ നൽകുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചു നൽകിവരുന്നു. 2008-2009 അധ്യയന വർഷം മുതൽ പ്രതിവർഷം 10 കോടി രൂപ വീതം ഈയിനത്തിൽ വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ 'ദീനദയാൽ റീഹാബിലിറ്റേഷൻ സ്കീം' പ്രകാരം ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്ന 52 സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഈ സഹായം നൽകുന്നില്ല.

## കുടിവെള്ള ക്ഷാമം

ശ്രീ. ആർ രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമടക്കം അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ടാങ്കറുകളിൽ ഫെബ്രുവരി ആദ്യം മുതൽ കുടിവെള്ളമെത്തിക്കുന്നുണ്ട്. എന്നാൽ ക്ഷാമം പരിഹരിക്കാൻ ഇത് മതിയാകുന്നില്ല. ടാങ്കറുകളിൽ വെള്ളം ശേഖരിക്കുന്ന സംഭരണികളും വറ്റി വരളുകയാണ്. എല്ലാ പ്രദേശത്തും കുടിവെള്ളമെത്തിക്കാൻ കഴിയുന്ന ഒരു സംവിധാനം ജലവിഭവ വകുപ്പിനില്ല. ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. നിലവിലുള്ള പദ്ധതികൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയാണ്. പ്രദേശത്തുകൂടി കടന്നുപോകുന്ന കെ.ഐ.പി. കനാൽ സമയബന്ധിതമായി തുറക്കാൻ കഴിയുന്നില്ല. ഇത് നിരന്തരമായി ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ആയതിനാൽ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുന്ന രൂപത്തിൽ ജലവിഭവകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ശക്തിപ്പെടുത്താനും നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):സർ, മാവേലിക്കര മണ്ഡലത്തിലുൾപ്പെട്ട മാവേലിക്കര മുനിസിപ്പാലിറ്റിയിലും തഴക്കര, തെക്കേക്കര, ചുനക്കര, നൂറനാട്, വള്ളികുന്നം, താമരക്കുളം എന്നീ പഞ്ചായത്തുക

ളിലും നിലവിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ നിന്ന് ഏകദേശം 60% ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി 5 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി 29.01.2011-ന് ലഭിച്ചിട്ടുണ്ട്. നൂറനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാലയിൽ നിലവിലുള്ള കിണറിൽ നിന്നും ശുദ്ധീകരണ ശാലയിലേയ്ക്കുള്ള പമ്പിംഗ് ലൈൻ പൂർത്തീകരിച്ചുകഴിഞ്ഞു. നൂറനാട് നിർമ്മിക്കുന്ന ടാങ്കിന്റേയും അനുബന്ധ ലൈനിന്റേയും പണി പ്രാരംഭ ഘട്ടത്തിലാണ്. 2012 നവംബറിൽ വർക്ക് ഓർഡർ നൽകുകയും പൈപ്പ് ടെസ്റ്റിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. 2014 മാർച്ച് മാസത്തോടുകൂടി ഈ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. ഭരണിക്കാവ് ശുദ്ധജല വിതരണപദ്ധതിയുടെ കിണറും ശുദ്ധീകരണശാലയും പൂർത്തിയായി, ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. താമരക്കുളം, പാറമേൽ പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലയുടേയും പമ്പിംഗ് ലൈനിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മാവേലിക്കരയിൽ 4.5 എം. എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി 42 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാവേലിക്കരയിലെ കുടിവെള്ള ക്ഷാമത്തിന് എത്രയുംവേഗംതന്നെ പരിഹാരം കാണാവുന്നതാണ്.

## റഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജക മണ്ഡലത്തിൽ വടകരയിലെ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കീഴിലാണ് ജലവിതരണം നടത്തുന്നത്. മഴ കുറഞ്ഞാലും അതുപോലെതന്നെ വേനൽ ആരംഭിക്കുന്ന അവസരത്തിലും വടകര നഗരത്തിലും പരിസരത്തുമെല്ലാം വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ഉപ്പിന്റെ അംശം കലർന്നുവരുന്നു. അത് കുടിക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കില്ല. ജനങ്ങൾ കുടിവെള്ളത്തിനായി വളരെയേറെ ബുദ്ധിമുട്ടുകയാണ്. ചെറിയ രൂപത്തിലുള്ള പരിഹാര മാർഗ്ഗങ്ങൾകൊണ്ടൊന്നും ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ സാധിക്കില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വടകര ഗുളികപ്പുഴയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് ആരംഭിച്ച് ഉപ്പുവെള്ളം കുടിവെള്ളവുമായി കൂടിച്ചേരുന്നത് തടയാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തരമായ നടപടികൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 2013 ജനുവരി 21-ന് കണ്ണൂർ ഗസ്റ്റ്ഹൗസിൽ ഇറിഗേഷൻ പ്രവൃത്തികളുടെ അവലോകന യോഗത്തിൽ വടകര മണ്ഡലത്തിലെ ഗുളികപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിരുന്നു. ഇതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. പണ്ടുമുതൽ പുഴയിൽ നിന്നും അനധികൃതമായി മണൽവാരുന്നതുമൂലം പുഴയുടെ ആഴം ക്രമാതീത

മായി വർദ്ധിച്ചിരിക്കുകയാണ്. കളക്ടർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് 100 മീറ്റർ വീതിയും 5 മീറ്റർ ആഴവുമുണ്ട്. ആയതുകൊണ്ട് വിശദമായ സാങ്കേതിക പഠനം നടത്തിയതിനുശേഷമെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കാൻ കഴിയുകയുള്ളൂ. റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിനുള്ള ശക്തമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

## കൃഷിക്ക് ആവശ്യമായ ജലം

ശ്രീ. കെ. വി. വിജയദാസ്: സർ, പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം പാലക്കാട് ജില്ലയിൽ വെള്ളം ലഭിക്കാത്തതുമൂലം നെൽകൃഷി നശിക്കുന്നതു സംബന്ധിച്ചാണ് സബ്മിഷൻ എഴുതിക്കൊടുത്തത്. പക്ഷേ ഇവിടെ അടയ്ക്കാകൃഷിയെന്നാണ് എഴുതിയിട്ടുള്ളത്. അത് മാറ്റണം എന്നാണ് എനിക്ക് ആദ്യം പറയാനുള്ളത്. അർഹതപ്പെട്ട വെള്ളം കേരളത്തിന് നൽകാതെ തുടർച്ചയായി കരാർ ലംഘനം നടത്തിയിട്ടും സമയോചിതമായി ഇടപെട്ട് കേരള താൽപ്പര്യം സംരക്ഷിക്കുന്നതിൽ കേരള സർക്കാർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. അത് പരിഹരിക്കണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഭാരതപ്പുഴ നദീതടത്തിലേയ്ക്ക് 7.25 റ്റി.എം.സി. വെള്ളവും ചാലക്കുടി നദീതടത്തിലേയ്ക്ക് 12.3 റ്റി.എം.സി വെള്ളവും കരാർപ്രകാരം കേരളത്തിന്റെ അവകാശമാണ്. കേരളത്തിന് വെള്ളം നൽകിയിട്ട് മാത്രമെ തമിഴ്നാടിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവൂവെന്നാണ് കരാറിലെ വ്യവസ്ഥയിൽത്തന്നെ പറഞ്ഞിട്ടുള്ളത്. തമിഴ്നാട് നിരന്തരമായി കരാർ ലംഘിക്കുന്നു. കോണ്ടൂർ കനാൽ വഴി തിരുമൂർത്തി ഡാമിലേയ്ക്ക് വെള്ളം കൊണ്ടുപോയി അവിടെനിന്ന് തമിഴ്നാ

ടിന്റെ നാനാഭാഗത്തേയ്ക്കും വെള്ളം കടത്തിക്കൊണ്ടുപോകുകയാണ്. കഴിഞ്ഞ ജനുവരി മാസം 31 വരെ 5.67 റ്റി.എം.സി. വെള്ളം കേരളത്തിന് ലഭിക്കേണ്ടതാണ്. പക്ഷേ 4.4 റ്റി.എം.സി. വെള്ളം മാത്രമെ കേരളത്തിന് ലഭിച്ചിട്ടുള്ളൂ. ഇനിയും നമുക്ക് മെയ് മാസംവരെ 2.85 റ്റി.എം.സി. വെള്ളം ലഭിക്കാൻ അർഹതയുണ്ട്. പക്ഷെ, വെള്ളം തീരെ കിട്ടാതായ സ്ഥിതിയാണുള്ളത്. ഇപ്പോൾ പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിൽ ഏകദേശം ഇരുപതിനായിരത്തോളം ഏക്കർ കൃഷിഭൂമി ഉണങ്ങി നശിച്ചിരിക്കുകയാണ്. ഏതുസമയത്തും ഉപയോഗിക്കാൻ പറ്റാവുന്ന രൂപത്തിൽ 3.5 റ്റി.എം.സി. വെള്ളം പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ ഉണ്ടായിരിക്കെ ആ വെള്ളം കൊണ്ടുവരാനോ കേരളത്തിന് നൽകാനോ കേരളത്തിലെ നെൽക്കൃഷി സംരക്ഷിക്കാനോ യാതൊരു നടപടിയും ഗവൺമെന്റ് എടുക്കുന്നില്ല. കേരളം സുപ്രീം കോടതിയെ സമീപിക്കുമെന്ന് രണ്ടുമാസങ്ങൾക്കുമുമ്പ് പറഞ്ഞിരുന്നതാണ്. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; വെള്ളം കേരളത്തിന് ലഭ്യമായിട്ടുണ്ടോ; ഇക്കാര്യങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ അടിയന്തരമായ ശ്രദ്ധ പതിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 4.4 ടി.എം.സി ജലമാണ് ജനുവരി 31 വരെ നമുക്ക് ലഭിച്ചത്. കരാർ പ്രകാരം 5.6 റ്റി.എം.സി. ജലം കിട്ടേണ്ടതായിരുന്നു. ആ കുറവ് വന്നിട്ടുണ്ട്. ഫെബ്രുവരിയിലും നമ്മുക്കാവശ്യത്തിനുള്ള വെള്ളം കിട്ടിയിട്ടില്ല. ഈ പശ്ചാത്തലത്തിൽ കേരളാ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതുകയുണ്ടായി. എന്നിട്ടും പ്രയോജനമുണ്ടായിട്ടില്ല. പി.എ.പി. കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭിക്കുന്നതിന് സംയുക്ത ജലവിതരണ ബോർഡ് യോഗങ്ങളിൽ ശക്തമായ

സമ്മർദ്ദം ചെലുത്തിവരുന്നു. പക്ഷേ ഇതുവരെ ഫലമുണ്ടായിട്ടില്ല. ഈ കരാർ ലംഘനത്തിനെതിരെ സുപ്രീംകോടതിയിൽ കേസ് ഫയൽചെയ്യുന്നതിനുള്ള അവസാന ഘട്ടത്തിലാണ്.

**വടകര-മാഹി കനാൽ നിർമ്മാണം**

ശ്രീമതി കെ. കെ. ലതിക: സർ, സംസ്ഥാന ജലപാതയുടെ ഭാഗമായതും 1974-ൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളതുമായ വടകര-മാഹി കനാൽ നിർമ്മാണം നാളിതുവരെയായും പൂർത്തിയായിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയായിട്ട് 39 വർഷം കഴിഞ്ഞു. 305 ഏക്കർ സ്ഥലം ഏറ്റെടുത്തു. 32 മീറ്റർ വീതിയും 17.61 കി.മീ. നീളവുമുള്ള ഈ കനാൽ നിർമ്മിക്കുന്നത് നമ്മുടെ ജലഗതാഗത പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. കനാൽ നിർമ്മാണം ഉടനെ ആരംഭിക്കണം. അതോടൊപ്പം കനാലിന് കുറുകെ 10 പാലങ്ങൾ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആ പത്ത് പാലങ്ങളും നിർമ്മിക്കാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, വടകര-മാഹി കനാലിന്റെ ആകെ നീളം 17.61 കി. മീ. ആണ്. വടകരയ്ക്കടുത്ത് മൂഴിക്കല്ലിൽ തുടങ്ങി മാഹിക്കടുത്ത് തുരുത്തിയിൽ അവസാനിക്കുന്നതാണ് ഈ കനാൽ. ഇതിന്റെ ആദ്യത്തെ 4 കി.മീ. കനാൽ പണിക്കുള്ള പദ്ധതിക്ക് നബാർഡ് സഹായത്തോടെ 23 കോടിരൂപയുടെ അടങ്കൽ വകയിരുത്തി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ കഴിഞ്ഞ് എഗ്രിമെന്റ് വച്ചി

ട്ടുണ്ട്. അടുത്തുതന്നെ അതിന്റെ നിർമ്മാണോദ്ഘാടനം നടത്തുന്നതാണ്. തുടർന്ന് 10.13 കി.മീ. കനാൽ നിർമ്മിക്കുന്നതിനായി മൂന്ന് പദ്ധതികളിലായി 69 കോടി രൂപയ്ക്ക് 13-ാം ധനകര്യ കമ്മീഷന്റെ അനുമതി കിട്ടിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടനെതന്നെ പണി തുടങ്ങാവുന്നതാണ്. വടകര-മാഹി കനാൽ പൂർണ്ണമായും 17.61 കി.മീ. സഞ്ചാരയോഗ്യമാക്കാൻ സാധിക്കും. ദേശീയ ജലപാത നിലവാരത്തിലാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

## ചെല്ലഞ്ചി പാലം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കല്ലറ-നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതാണ് ചെല്ലഞ്ചി പാലം. ഇത് കല്ലറ, മിതൃമ്മല, മുതുവിള, പരപ്പിൽ, ചെല്ലഞ്ചി, ചേപ്പിലോട്, പേരയം, താന്നിമൂട്, നന്ദിയോട് പ്രദേശങ്ങളിലെ ജനങ്ങളുടെ കഴിഞ്ഞ എത്രയോ കാലമായിട്ടുള്ള അഭിലാഷമാണ്. 30.07.2009-ലെ ഉത്തരവ് പ്രകാരം 11 കോടി രൂപ അനുവദിച്ചു. 2010-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ തറക്കല്ലിടുകയും ചെയ്തു. ഈ പണി ഏറ്റെടുത്തത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. കെ.എസ്.സി.സി. ഇത് ശ്രീ. പോൾ രാജപ്പന് സബ് കോൺട്രാക്ട് കൊടുത്തു. ഇത്രയും കാലമായിട്ടും ഈ പണി ചെയ്യുന്നതിൽ നിന്ന് അദ്ദേഹം മാറിനിൽക്കുകയാണ്. എന്റെ റിക്വസ്റ്റ് അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചു. അതിൽ പൊതുമരാമത്ത് വകുപ്പും കെ.എസ്.സി.സി.യും പങ്കെടുത്തു. കെ.എസ്.സി.സി. ഒരു കോടി 76 ലക്ഷം രൂപ 2010 ആഗസ്റ്റ് മാസം മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും, ആ മീറ്റിംഗിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ എം.ഡി.

പങ്കെടുത്തില്ല. മന്ത്രി വിളിച്ച ഒരു കോൺഫറൻസിൽ കെ.എസ്.സി.സി. എം.ഡി. പങ്കെടുത്തില്ലെങ്കിൽ അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക നടപടി എടുക്കണം. ഉടനെതന്നെ പണിചെയ്യാമെന്ന് ആ മീറ്റിംഗിൽ ധാരണ യുണ്ടായിട്ടുണ്ട്. പക്ഷേ, ഒരു പ്രശ്നമുള്ളത് കുറച്ച് പണംകൂടി ഇനിയും വേണ്ടിവരും. റീടെണ്ടർ ചെയ്യുമ്പോൾ ഇപ്പോഴത്തെ എമൗണ്ടുകൊണ്ട് പണി തീരില്ല. പണി ചെയ്യുമ്പോൾ അതിന് അഡിഷണൽ ഫണ്ട് ആവശ്യമായിവരും. അതുകൊണ്ട് ഫിനാൻസ് സിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി അതിനാവശ്യമായ നടപടി സ്വീകരിക്കണം. അടിയന്തരമായി ആ പണി തീർക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പ റേഷനാണ് ഏറ്റെടുത്തിട്ടുള്ളത്. 16.7.2010-ലാണ് അതിന്റെ സൈറ്റ് കൈമാറിയ ത്. അതിന്റെ പണി പുരോഗതിയിലല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം. എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ 13.2.2013-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. ഈ പണിയിൽ ഒരുമാസത്തിനകം പുരോഗതിയില്ലെങ്കിൽ റീടെ ണ്ടർ വിളിച്ച് നല്ലൊരു കാരാറുകാരനെ കണ്ടുപിടിച്ച് ആ പണി പുനരാരംഭിച്ച് പൂർത്തീകരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ആശുപത്രി സൂപ്രണ്ടിന്റെ സ്ഥലംമാറ്റം

ശ്രീ. പി. തിലോത്തമൻ: സർ, ദേശീയ അംഗീകാരം ലഭിച്ച ഏക താലൂക്ക് ആശുപത്രിയാണ് ചേർത്തല താലൂക്ക് ആശുപത്രി. ദീർഘ നാളുക

ളായി ഗവൺമെന്റും ജനപ്രതിനിധികളും ആശുപത്രി ജീവനക്കാരും നിരന്തര മായി നടത്തിയ പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഈ അംഗീകാരം ചേർത്തല താലൂക്ക് ആശുപത്രിയെ തേടിയെത്തിയത്. അതിന്റെ പ്രയോജനം ജന ങ്ങൾക്കും ലഭിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി സൗകര്യമുള്ള ചികിത്സാസൗകര്യ ങ്ങൾ അവിടെ ലഭ്യമാണ്. നല്ല രീതിയിൽ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പ്രവർത്തന ങ്ങൾക്കൊക്കെ നേതൃത്വപരമായ പങ്ക് വഹിച്ച ഏറ്റവും ഒടുവിലത്തെ സൂപ്രണ്ട് ഡോ. രമ്യയെ ഈ മാസം 4-ാം തീയതി യാതൊരു അടിസ്ഥാനപര മായ കാരണവുമില്ലാതെ സ്ഥലം മാറ്റിയിരിക്കുകയാണ്. ഈ നടപടിയിൽ ആശുപത്രി ജീവനക്കാർക്കും പൊതുജനങ്ങൾക്കും ശക്തമായ പ്രതിഷേധ മുണ്ട്. വിവിധ രൂപത്തിലുള്ള പ്രതിഷേധം അവർ അവിടെ ഉയർത്തിക്കൊ ണ്ടുവരികയാണ്. നിരവധി പ്രക്ഷോഭ സമരങ്ങൾ തന്നെ നടത്തുകയുണ്ടായി. ഏറ്റവും ഒടുവിൽ കെ.ജി.എം.ഒ.എ. ആ സമരം ഏറ്റെടുക്കുകയും കഴിഞ്ഞ ദിവസങ്ങളിൽ സമരം നടത്തുകയും ചെയ്തു. ഇന്ന് ജില്ലാടിസ്ഥാനത്തിൽ പ്രക്ഷോഭം നടത്തുകയാണ്. സംസ്ഥാനാടിസ്ഥാനത്തിലുള്ള സമരം ഉണ്ടാകു മെന്നാണ് പത്രവാർത്തയിൽ നിന്ന് അറിയാൻ കഴിഞ്ഞത്. ഈ സാഹചര്യം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനത്തെ താളംതെറ്റിക്കുമെന്ന് പ്രത്യേ കിച്ച് പറയേണ്ടതില്ല. എൻ.എ.ബി.എച്ച്.ന്റെ അംഗീകാരത്തെപ്പോലും പ്രതികൂ ലമായി ബാധിക്കുമെന്ന സ്ഥിതിവിശേഷത്തിലാണ് ഇന്ന് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിസ്ഥാനരഹിതമായ കാരണങ്ങ ളാൽ അകാരണമായി ട്രാൻസ്ഫർ ചെയ്ത ഡോ.രമ്യയെ തത്സ്ഥാനത്ത് തുട രാൻ അനുവദിക്കണമെന്നതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ യിൽ കൊണ്ടുവരാനുള്ളത്.

**ആശുപത്രി സൂപ്രണ്ടിന്റെ സ്ഥലംമാറ്റം**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2003-ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് ചേർത്തല താലൂക്ക് ആശുപത്രിയുടെ പരിപാലനവും ആസൂത്രിത വികസനവും നഗരസഭ ചെയർപേഴ്സൺ അദ്ധ്യക്ഷനായിട്ടുള്ള ആശുപത്രി വികസന സമിതിയാണ് നിർവ്വഹിക്കുന്നത്. 01.01.2013-ന് ചേർത്തല നഗരസഭ അദ്ധ്യക്ഷ സർക്കാരിന് നൽകിയ കത്തിൽ ആശുപത്രി സൂപ്രണ്ട് ഡോ. രമ്യയുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരവധി പരാതികൾ നൽകിയിട്ടുണ്ട്. ആശുപത്രി വികസന സമിതിയുടെ അനുവാദമോ അംഗീകാരമോ കൂടാതെ സ്വയം തീരുമാനങ്ങളെടുത്ത് നടപ്പാക്കുന്നു, ആശുപത്രി വികസന സമിതിയുടെ അംഗീകാരമില്ലാതെ പല നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയതിലൂടെ ആശുപത്രിക്ക് സാമ്പത്തിക ബാധ്യതയുണ്ടായി, അനുമതിയില്ലാതെ എച്ച്.എം.സി. ജീവനക്കാരെ പിരിച്ചുവിട്ടു, ആശുപത്രിയിൽ അടിയന്തര ഘട്ടങ്ങളിൽപ്പോലും ഉണ്ടാകുന്നില്ല തുടങ്ങിയവയാണ് പരാതികളിൽ പ്രധാനപ്പെട്ടത്. പരാതി ലഭിച്ച ഉടനെതന്നെ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് അയച്ചുകൊടുത്തു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ രാജ്യത്താദ്യമായി എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള താലൂക്ക് ആശുപത്രിയാണ് ചേർത്തല താലൂക്ക് ആശുപത്രി. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് മുനിസിപ്പാലിറ്റിയും ആശുപത്രി സൂപ്രണ്ടും സഹകരണത്തോടെ പ്രവർത്തിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ദൗർഭാഗ്യവശാൽ അത്തരത്തിലൊരു സഹകരണം നിലവിലില്ലായെന്ന് ആശുപത്രി സൂപ്രണ്ടിന്റെ 5.2.2013-ലെ വിശദീകരണത്തിൽനിന്നും വ്യക്തമാകുന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം ആയിരക്കണക്കിന് സാധാരണക്കാർ ആശ്രയിക്കുന്ന ഈ

സർക്കാർ ആശുപത്രിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് സ്ഥലത്തെ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ഭരണപരമായ സൗകര്യം മുൻനിറുത്തി ചേർത്തല താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.രമ്യയെ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഡെപ്യൂട്ടി സുപ്രണ്ടായി മാറ്റി നിയമിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ 7.2.2013 ന് ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം കൂടി പരിഗണിച്ചാണ് തൃശ്ശൂർ ജില്ലയിൽത്തന്നെ സൗകര്യപ്രദമായ നിയമനം നൽകിയിട്ടുള്ളത്.

**ഡോക്ടർമാരുടെ നേരിട്ടുള്ള നിയമനം ഒഴിവാക്കൽ**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർക്കാർ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ, എൻട്രി കേഡറിലേക്കുള്ള അദ്ധ്യാപക നിയമനത്തിലായാലും ഉയർന്ന തസ്തികയിലേയ്ക്കുള്ള അദ്ധ്യാപക നിയമനത്തിലായാലും നിലവിൽ നമ്മുടെ രാജ്യത്തൊരു നിയമവ്യവസ്ഥയുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രമേ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അദ്ധ്യാപകരെ ഇതുവരെ നിയമിച്ചിട്ടുള്ളൂ. അതിനു വിരുദ്ധമായി, സർക്കാർ പുതുതായി തുടങ്ങാൻ പോകുന്ന മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്കുള്ള അടുത്ത വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റെസിഡന്റ്, ജൂനിയർ റെസിഡന്റ്, ട്യൂട്ടർ എന്നീ തസ്തികകളിലേയ്ക്ക് വേണ്ടിയുള്ള നിയമനത്തിനുവേണ്ടി പത്രപരസ്യം കൊടുത്തിരിക്കുകയാണ്. അസാധാരണമായൊരു നടപടിയാണിത്. ഇപ്പോൾ 108-ഓളം തസ്തികകൾ ഗവൺമെന്റ് അനുവദിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. രാജ്യത്തിന്റെ

നിയമവ്യവസ്ഥയ്ക്കും നമ്മുടെ നാട്ടിലെ റിക്രൂട്ട്മെന്റ് നോംസിനുമൊക്കെ വിരുദ്ധമായി ഇത്തരത്തിൽ പരസ്യം കൊടുത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിയമനം നടത്തുന്നതിനെതിരായി കേരള മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ, പോസ്റ്റ് ഗ്രാഡ്വേറ്റ് സ്റ്റുഡന്റ്സ് ഓഫ് മെഡിക്കൽ കോളേജ് ഇവരെല്ലാംതന്നെ ശക്തമായ പ്രതിഷേധവുമായി രംഗത്തിറങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഇതനുവദിച്ചാൽ വലിയ അഴിമതിക്കിടവരും, ആക്ഷേപമുണ്ടാകും. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ നിയമനം സ്വകാര്യവത്ക്കരിക്കുന്ന രീതി ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കുന്നതല്ല. ഗവൺമെന്റ് ഇടപെട്ട് അടിയന്തരമായി ഇത് തടയുകയും പി.എസ്.സി.വഴി മാത്രമെ നിയമനം നടത്തുകയുള്ളൂ എന്ന് വ്യവസ്ഥപ്പെടുത്തുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

**ഡോക്ടർമാരുടെ നേരിട്ടുള്ള നിയമനം ഒഴിവാക്കൽ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സർക്കാർ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 5 മെഡിക്കൽ കോളേജുകളിൽ ഒന്നാണ് മഞ്ചേരിയിൽ സ്ഥാപിക്കുന്നത്. 2013-2014 അദ്ധ്യയനവർഷം എം.ബി.ബി.എസ്. കോഴ്സിന് അഡ്മിഷൻ നടത്തി ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പ്രസ്തുത മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനായി ഡോ.പി.ജി.ആർ.പിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ടത്തിനാവശ്യമായ 108 തസ്തികകൾ സൃഷ്ടിച്ച് 2.2.2013-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 55 തസ്തികകൾ ഡോക്ടർമാരുടെ വിവിധ കാറ്റഗറിയിലുള്ളതും 12 തസ്തികകൾ സീനിയർ റെസിഡന്റിന്റേതും 16 തസ്തികകൾ

ജൂനിയൽ റെസിഡന്റിന്റേതുമാണ്. ജൂനിയർ റെസിഡന്റ്, സീനിയർ റെസിഡന്റ് തസ്തികകളിൽ താല്ക്കാലിക നിയമനമായതിനാൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ടതില്ല. മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസിന്റെ ഭാഗമായി സൃഷ്ടിച്ച 55 തസ്തികകളിൽ ഉയർന്ന തസ്തികകളിൽ സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ വഴിയും തുടർന്നുവരുന്ന ഒഴിവുകളിലും എൻട്രി കേഡർ തസ്തികകളിലും പി.എസ്.എസി. വഴിയുമാണ് നിയമനം നടത്തേണ്ടത്. ഉയർന്ന തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടന്നുവരുന്നു. പി.എസ്.സി.വഴിയല്ലാതെ എൻട്രി കേഡറിലുള്ള നിയമനം നടത്തുന്നതിനുള്ള നടപടിയൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പി.എസ്.സി.യെ മറികടന്ന് നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പയ്യന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിലെ കാലവിളംബം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വർഷങ്ങളോളമുള്ള ജനങ്ങളുടെ മുറവിളിയെത്തുടർന്നാണ് ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിൽ പയ്യന്നൂർ ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ അനുവാദം നൽകിയത്. 2010 സെപ്റ്റംബർ മാസത്തിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതാണ്. നിർമ്മാണത്തിന്റെ പ്രധാന ചുമതല വഹിക്കുന്ന ആർ.ബി.ഡി.സി.കെ. (ഞീമറ മിറ ആൃശറഴലെ ഉല്ലഹീുാലിേ

ഇീൃുീൃമശേീ ീള ഗലൃമഹമ) എന്ന കമ്പനിയുടെ നിർമ്മാണ പ്രവർത്തന ത്തിന്റെ കാലാവധി 2011 ഡിസംബർ മാസത്തിൽ കഴിഞ്ഞതാണ്. റെയിൽപ്പാ ളത്തിന്റെ മുകളിലുള്ള മൂന്ന് സ്പാൻ ഉൾപ്പടെ അഞ്ച് സ്പാനുകളുടെ പണി നീണ്ടുപോകുകയാണ് ചെയ്യുന്നത്. ആ കാരണത്താൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ഗതാഗതക്കുരുക്ക് കൂടിക്കൂടി വരികയാണ് ചെയ്യുന്നത്. ഈ കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണ മെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പയ്യന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി ജി.പി.റ്റി. ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനി 09-06-2010-ൽ എഗ്രിമെന്റ് വയ്ക്കുകയും 21-06-2010-ൽ പണി തുടങ്ങുകയും ചെയ്തു. ആർ.ബി.ഡി.സി.കെ.-യുടെ പോർഷനിൽ രണ്ട് അഡ്ജസെന്റ് സ്പാൻ ഒഴികെയുള്ള ബാക്കി എല്ലാ പണി കളും 31-05-2012-ൽ പൂർത്തിയാക്കുകയുണ്ടായി. റെയിൽവേ പാളത്തിന്റെ പണി 31-01-2013-ൽ പൂർത്തിയാക്കിയതിനാൽ ആർ.ബി.ഡി.സി.കെ.-ക്ക് അഡ്ജസെന്റ് സ്പാൻ വർക്ക് ടെണ്ടർ ചെയ്യുകയും ആർ.ഡി.എസ്. പ്രോജക്ട് ലിമിറ്റഡ് എന്ന സ്ഥാപനം 01-02-2013-ൽ അതായത് ഈ മാസം 1-ാം തീയതി പണി തുടങ്ങുകയും ചെയ്തിട്ടുണ്ട്. 31-05-2013-നുമുമ്പ് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ........ഓർഡർ, മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ..........

ശ്രീമതി കെ. എസ്. സലീഖ: .......(മൈക്ക് ഓഫ്)......... സർ, സൂര്യനെല്ലി സംഭവത്തിനെ സംബന്ധിച്ചുള്ള ഒരു സബ്മിഷൻ അവതരിപ്പിക്കുന്നതിനായി എഴുതി നൽകിയിട്ടുണ്ടായിരുന്നു. അതിന് അനുമതി നൽകിയില്ല എന്നത്

വളരെ ഖേദകരമാണ്. അത് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകണം. അത്തരം ഒരു വിഷയമുന്നയിക്കാൻ................

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് വേറെ അവസരം നൽകും. ഇന്നത്തെ ലിസ്റ്റിൽ ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷൻ ഉൾപ്പെടുത്തിയിട്ടില്ല. യെസ്....., മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ .......(ബഹളം)......... എന്താണ് ഈ ബഹളം? ആരെങ്കിലും ഒരാൾ സംസാരിക്കണം.......(ബഹളം).........

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ശ്രീമതി കെ. എസ്. സലീഖ: സർ, ഇന്ന് ഒരു സബ്മിഷൻ ഉന്നയിക്കുന്നതിനായി രാവിലെ എഴുതി നൽകിയിട്ടുണ്ടായിരുന്നു.

മി. സ്പീക്കർ: ഇന്ന് 46 സബ്മിഷൻ എടുത്തു. എഴുതിത്തരുന്ന സബ്മിഷനുകളെല്ലാം സഭയിൽ എടുക്കാറില്ലല്ലോ. .......(ബഹളം)......... സബ്മിഷൻ അവതരിപ്പിക്കുന്നതിന് നാളെ അവസരം നൽകാം.